

# യാക്കോബായ സുറിയാനി സഭ

# ഹാശാ നമസ്കാര ക്രമം

*(പരിശുദ്ധ സഭയുടെ പ്രസിദ്ധീകരണങ്ങളിൽ നിന്നു പകർത്തിയത്)*

*ആരാധാനക്രമങ്ങൾ സുലഭമല്ലാത്ത മിദ്യാൻ ദേശത്ത് താമസിക്കുന്നവർക്കായി തയ്യാറാക്കിയത്. ഇത് പൂർണ്ണമായും ടൈപ്പ്ചെയ്ത് ക്രമീകരിച്ചതാകയാലും മറ്റൊരാൾ പകർപ്പ് പരിശോധന നിർവ്വഹിച്ചിട്ടില്ലാത്തതിനാലും തെറ്റുകൾക്ക് ഉത്തരവാദി ഞാൻ മാത്രമായിരിക്കും.*

*പരിശുദ്ധ സഭയുടെ അടിസ്ഥാന സുറിയാനി നമസ്കാരഘടനകളുമായി പരിചയമുള്ളവരും, ഭാഷാ പ്രാവീണ്യമുള്ളവരുമായുള്ളവരുടെ സഹായം ഇതിലെ തെറ്റുകൾ തിരുത്തുന്നതിലേക്ക് വിനീതമായി അഭ്യർത്ഥിക്കുന്നു. വിവിധ പ്രസിദ്ധീകരണങ്ങളിൽ കാണുന്ന ചില വ്യത്യാസങ്ങളെ ആധികാരികമായി മനസ്സിലാക്കുക എന്നതാണ് ലക്ഷ്യം.*

SAMAJAM
Land of Midian, Since 2002 June 29th
PIECE OF WOOD IN MARAH
SAINT MARY'S JACOBITE MOVEMENT

*Type set by:* *Daniel B Daniel (Chev),*
*Initiator and founder of SAMAJAM,*
*Kadeesa Church, Paitel, Kayamkulam*
*appa_3d@yahoo.co.uk, whatsapp-966 532190078*

*Prepared and Published in 2017 March*

## സൂചകം
## (പരിശുദ്ധ സഭയുടെ നിത്യ നമസ്കാര പുസ്തകത്തിൽ നിന്നും)

സുറയാനി സഭയുടെ ക്രമമനുസരിച്ച് (അന്തോഖ്യൻ ക്രമം) ഒരു ദിവസം ഏഴു യാമ പ്രാർത്ഥനകളാണുള്ളത്. അവ സന്ധ്യ, സുത്താറ, രാത്രി, പ്രഭാതം, മൂന്നാം മണി, ആറാം മണി, ഒമ്പതാം മണി എന്നിവയാണ്. ഏഴുനേരമായിട്ടു നടത്തുന്ന ഈ പ്രാർത്ഥനകൾ ദശേന്ദ്രിയങ്ങളെ ഉദ്ദേശിച്ച് പത്താകുന്നു. ഈ പത്തിൽ ഒരെണ്ണം കുറച്ചാൽ അതു കുറ്റവും ദശേന്ദ്രിയങ്ങളിൽ ഒന്നിന്റെ വിശുദ്ധിക്ക് കുറവുമായിരിക്കും. ഓരോ യാമ പ്രാർത്ഥനകളെക്കുറിച്ച് പരിശുദ്ധ സഭയിലെ മല്പന്മാർ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

| | | |
|---|---|---|
| സന്ധ്യാ പ്രാർത്ഥന | - | ഭൂമിയിലെ അദ്ധ്വാനത്തിന്റേത് |
| സുത്താറ | - | വിത്തിന്റേത് |
| രാത്രിയിലെ നാലു സമയങ്ങൾ (കൗമാകൾ) | - | വിത്തു വെടിപ്പാക്കുന്നതു സംബന്ധിച്ച്<br>1. കളകളിൽ നിന്ന്<br>2. മുൾ(കുറ്റി)ച്ചെടികളിൽ നിന്ന്<br>3. മുള്ളുകളിൽ നിന്ന്<br>4.മുൾപ്പടർപ്പുകളിൽ നിന്ന്(കൂർമുള്ള്) |
| പ്രഭാതം | - | കൊയ്ത്തിന്റേത് |
| മൂന്നാം മണി | - | കറ്റ(കതിര്)യുടേത് |
| ആറാം മണി | - | കളപ്പുരയിലേയ്ക്ക് ശേഖരിക്കപ്പെടുന്ന വിളവു സംബന്ധിച്ച് |
| ഒമ്പതാം മണി | - | വിളവിന്റെ ആദ്യഫലത്തിൽ നിന്നുള്ള ദാനം സംബന്ധിച്ച് |

ഇതിൽ നിന്ന് പ്രാർത്ഥനയെ വയലിലെ ജാഗ്രതയോടു കൂടിയ ജോലിയോട് ഉപമിച്ചിരിക്കുന്നു. അതിനാൽ ഉണർവ്വ്, ജാഗ്രത, ഏകാഗ്രത മുതതലായവ പ്രാർത്ഥനയ്ക്കുണ്ടായിരിക്കണം. ഏഴു നേരവും വെവ്വേറെ പ്രാർത്ഥിപ്പാൻ സൗകര്യമുള്ളവർ അപ്രകാരം ചെയ്യണം. അല്ലാത്തപക്ഷം രണ്ടുനേരമായി പ്രാർത്ഥിക്കുവാൻ തക്കവണ്ണം പിതാക്കന്മാർ ക്രമീകരിച്ചിരിക്കുന്നു. ഇങ്ങനെ പ്രാർത്ഥിക്കുമ്പോൾ ഒമ്പതാം മണി, സന്ധ്യ, സുത്താറ എന്നീ യാമ പ്രാർത്ഥനകൾ സന്ധ്യയ്ക്കും, രാത്രി, പ്രഭാതം, മൂന്നാംമണി, ആറാംമണി എന്നീ യാമ പ്രാർത്ഥനകൾ പ്രഭാതത്തിലും നടത്തേണ്ടതാണ്. സഭയുടെ ക്രമീകരണമനുസരിച്ച് ദിവസം സന്ധ്യാപ്രാർത്ഥനയോടുകൂടിയാണ് ആരംഭിക്കുന്നത്. സന്ധ്യാ പ്രാർത്ഥന സൂര്യാസ്തമനത്തിനു മുമ്പും, പ്രഭാത പ്രാർത്ഥന സൂര്യോദയത്തിനു മുമ്പും നടത്തിയിരിക്കണമെന്നുമുള്ളതാണ് നിയമം.

ഓരോ യാമപ്രാർത്ഥനയും കൗമായോടുകൂടി (ദൈവമേ! നീ പരിശുദ്ധനാകുന്നു.......ഇത്യാദി) ആരംഭിച്ച് കൗമായോടുകൂടി അവസാനിപ്പിക്കണം. തുടർന്ന് വിശ്വാസപ്രമാണം ചൊല്ലണം. രണ്ടു നേരമായി പ്രാർത്ഥിക്കുമ്പോൾ സന്ധ്യക്ക് സൂത്താറ പ്രാർത്ഥനയുടെ അവസാനത്തിലും പ്രഭാതത്തിൽ ആറാം മണി പ്രാർത്ഥനയുടെ അവസാനത്തിലും വിശ്വാസപ്രമാണം ചൊല്ലിയാൽ മതി. വിശുദ്ധ കുർബാനയിൽ സംബന്ധിക്കുന്ന ദിവസം രാവിലെ ആറാംമണി പ്രാർത്ഥനയിലെ മോർ ബാലായിയുടെ ബോവൂസൊവരെ ചൊല്ലിയാൽ മതി. അല്ലാത്തപക്ഷം ആറാംമണി പ്രാർത്ഥനയുടെ മേല്പറഞ്ഞ ബോവൂസൊയ്ക്കുശേഷം "നിന്നെ പ്രസവിച്ച മാതാവിന്റേയും നിന്റെ സകല പരിശുദ്ധന്മാരുടേയും പ്രാർത്ഥനയാൽ....... "എന്ന മോർ സേവേറിയോസ് പാത്രിയർക്കീസു ബാവായുടെ മാനിസൊയും, തുടർന്ന് കൗമായും അനന്തരും വിശ്വാസപ്രമാണവും ചൊല്ലി പ്രാർത്ഥന അവസാനിപ്പിക്കണം.

## നോമ്പ് കാലത്തെ നമസ്കാര രീതികൾ
## (പരിശുദ്ധ സഭയുടെ നിത്യ നമസ്കാര പുസ്തകത്തിൽ നിന്നും)

**നോമ്പുകൾ**: മൂന്നു നോമ്പിലും വലിയ നോമ്പിലും പ്രത്യേകം പ്രാർത്ഥനകളാണുള്ളത്. ശനിയും ഞായറും ഒഴികെ എല്ലാ ദിവസങ്ങളിലും ഇക്കാലയളവിൽ ഉപവാസമുണ്ട്. മൂന്നു നോമ്പിൽ മായൽതോ, വലിയ നോമ്പിൽ സൂബോറൊ എന്നീ മോറാനായ പെരുന്നാൾ വരുന്ന പക്ഷം ഉപവാസമുണ്ടായിരിക്കുകയില്ല. അപ്പോൾ നോമ്പു നമസ്കാരമല്ല സാധാരണ നമസ്കാരം വേണം നടത്തുവാൻ. സാധാരണ ദിവസങ്ങളിൽ രണ്ടു നേരമായി പ്രാർത്ഥിക്കുന്നുവെങ്കിൽ ഈ രണ്ടു നോമ്പിന്റേയും ദിവസങ്ങളിൽ മൂന്നു നേരമായി പ്രാർത്ഥിക്കുന്നു. അപ്പോൾ സന്ധ്യ, സൂത്താറ പ്രാർത്ഥനകൾ സന്ധ്യയ്ക്കും, രാത്രി പ്രഭാത പ്രാർത്ഥനകൾ പ്രഭാതത്തിലും , മൂന്നാംമണി, ആറാംമണി, ഒമ്പതാംമണി പ്രാർത്ഥനകൾ ഉച്ചയ്ക്കും നടത്തുന്നു. (സൂത്താറ സന്ധ്യക്കും രാത്രി, പ്രഭാതം, മൂന്നാംമണി പ്രഭാതത്തിലും ആറാംമണി, ഒമ്പതാംമണി, സന്ധ്യ ഉച്ചയ്ക്കും നടത്തുന്നതാണ് പഴയ രീതി.) ഞായറാഴ്ച ഒമ്പതാം മണി പ്രാർത്ഥനയ്ക്ക് സാധാരണ ഒമ്പതാം മണി(വാങ്ങിപ്പോയവരുടെ) പ്രാർത്ഥന നടത്തിയതിന്റെ ശേഷം നോമ്പിന്റെ സന്ധ്യാ പ്രാർത്ഥന തുടങ്ങുന്നു. ഞായറാഴ്ചയും ശനിയാഴ്ചയും സാധാരണ പ്രാർത്ഥന വേണം നടത്തുവാൻ. ഞായറാഴ്ച കഴിഞ്ഞുള്ള സന്ധ്യയിൽ മാത്രം സൂത്താറയുടെ ആരംഭത്തിൽ കൗമായ്ക്കു ശേഷം ''ഉന്നതങ്ങളിൽ ദൈവത്തിനു സ്തുതിയും............''. എന്നതു മൂന്നു പ്രാവശ്യം ചൊല്ലി മൂന്നു പ്രാവശ്യം കുമ്പിട്ടതിന്റെ ശേഷം നാലാം മസ്മൂർ വായിച്ച് കോലോകൾ, ബോവൂസൊ, അപ്രേമിന്റെ മിമ്രൊ തുടങ്ങി സൂത്താറാ പ്രാർത്ഥന നടത്തുന്നു.

രാത്രി പ്രാർത്ഥനയിൽ മൂന്നാം കൗമായുടെ ബൊവൂസൊ കഴിഞ്ഞ് 'ഉറങ്ങിയവരേ!.............' ഇത്യാദി ചൊല്ലുന്നു. എന്നാൽ കുർബാനയുള്ള മൂന്നു നോമ്പിന്റെ ബുധൻ, പാതി ബുധൻ, നാല്പതാം വെള്ളി മുതലായ ദിവസങ്ങളിൽ ''നാം ദൈവത്തിന്റെ പുത്രൻമാരായിത്തീരുവാൻ........''.. എന്നു തുടങ്ങുന്നതായ ഭാഗം മുതൽ മൗർബൊ, 132-ാം മസ്മൂർ, എന്യോനകൾ തുടർന്ന് 'ഉറങ്ങിയവരേ!........'എന്നീ ഭാഗങ്ങൾ മുഴുവൻ ചൊല്ലണം. ഉച്ച പ്രാർത്ഥനയിൽ ഒമ്പതാം മണി പ്രാർത്ഥനയുടെ ബോവൂസൊയ്ക്കു ശേഷം 'മോർ സേവേറിയോസ് പാത്രിയർക്കീസുബാവായുടെ മാനീസൊ'യും തുടർന്ന് 'കൗമാ'യും 'വിശ്വാസ പ്രാമാണവും', അതേ തുടർന്ന് 'കുറിയേലായിസോൻ, മോറാൻ എസ്രാഹാമേലൈൻ, മോറാൻ അനിനുറാഹേമേലൈൻ 'എന്നിവ പതുപത്തു വീതം ചൊല്ലി മൊത്തം നാല്പ്പതു കുമ്പിടീൽ നടത്തണം. കുമ്പിടുന്ന ഏതവസരത്തിലും നിലത്തു കുമ്പിട്ട് എഴുന്നേറ്റ് നിവർന്നതിന്റെ ശേഷം വേണം കുരിശു വരയ്ക്കുവാൻ (കുരിശു വരച്ച് കുമ്പിടുകയല്ല; പ്രത്യുത കുമ്പിട്ടു കുരിശു വരയ്ക്കുകയാണ് വേണ്ടത്) മൂന്നു നോമ്പിന്റെ ബുധനാഴ്ച നാല്പതു കുമ്പിടീൽ കഴിഞ്ഞതിന്റെ ശേഷമാണ് വി. കുർബാന നടത്തുന്നത്. എന്നാൽ പാതി ബുധൻ, നാല്പതാം വെള്ളി ദിവസങ്ങളിൽ വി.കുർബാനയുള്ളതിനാൽ നാല്പതു കുമ്പിടീൽ ഇല്ല.

പ്രാർത്ഥനയുടെ ഏത് അവസരത്തിലും (ഹാശാ ഒഴികെ) വിശുദ്ധ വേദപുസ്തകമോ നമസ്ക്കാര പുസ്തകമോ എല്ലാവരും വണങ്ങി മുത്തി പ്രാർത്ഥന അവസാനിപ്പിക്കണം. പട്ടക്കാരനുള്ള പക്ഷം അദ്ദേഹം ഹുത്തോമോ ചൊല്ലുകയും അപ്പോൾ എല്ലാവരും അദ്ദേഹത്തിന്റെ കൈ മുത്തുകയും വേണം. ഞായറാഴ്ച സന്ധ്യാപ്രാർത്ഥന (ശനി സന്ധ്യ) മുതൽ ഞായറാഴ്ച ഒമ്പതാംമണി പ്രാർത്ഥന വരെ പ്രാർത്ഥനയ്ക്ക് കുമ്പിടീൽ ഇല്ല. അതുപോലെ തന്നെ വി. കുർബാന അനുഭവിക്കുന്ന ദിവസങ്ങളിലും ഒമ്പതാംമണി പ്രാർത്ഥനയ്ക്കു ശേഷമേ കുമ്പിടീൽ ഉള്ളു.

ഞങ്ങൾക്കല്ല കർത്താവെ,

ഞങ്ങൾക്കല്ല,

എന്നാലോ നിന്റെ കൃപ നിമിത്തവും

നിന്റെ സത്യം നിമിത്തവും

തിരുനാമത്തിന്നു തന്നെ ബഹുമാനമുണ്ടായിരിക്കട്ടെ !!

(സങ്കീർത്തനങ്ങൾ 114 : 9 - വിശുദ്ധ ഗ്രന്ഥം)

**ഉള്ളടക്കം**


ഹാശാ ആഴ്ചയിലെ കൗമകൾ ..... 5
ഓശാന ഞായർ - ഒൻപതാംമണി പ്രാർത്ഥന ..... 11
ഹാശാ സന്ധ്യാ നമസ്കാരം ..... 12
സൂത്താറാ നമസ്കാരം ..... 16
പാതിരാത്രീയുടെ നമസ്കാരം ..... 21
പ്രഭാത നമസ്കാരം ..... 30
മൂന്നാം മണി നേരത്തെ നമസ്കാരം ..... 36
മദ്ധ്യാഹ്ന നമസ്കാരം - 6-ാം മണി ..... 38
ഒൻപതാം മണിനേരത്തെ നമസ്കാരം ..... 40
    പ്രത്യേക അപേക്ഷകൾ ..... 43
പെസഹാ വ്യാഴാഴ്ച ..... 43
വലിയ വെള്ളിയാഴ്ച അഥവാ ദുഃഖവെള്ളിയാഴ്ച ..... 43
അറിയിപ്പിന്റെ ശനിയാഴ്ച (ദുഃഖ ശനി) ..... 45

# മലങ്കര യാക്കോബായ സുറിയാനി സഭ
# ഹാശാ ആഴ്ചയിലെ നമസ്കാര ക്രമം

*(ഹാശാ ആഴ്ചയിൽ "ദൈവമേ! നീ പരിശുദ്ധനാകുന്നു " എന്നാദിയായ കൗമയ്ക്കു പകരം പ്രത്യേക കൗമകൾ ഉപയോഗിക്കുന്നു. ആയത് താഴെ കൊടുത്തിരിക്കുന്നു. എല്ലാ കൗമകളിലും "ഞങ്ങൾക്കുവേണ്ടി യുള്ള നിന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു" എന്നത് ചൊല്ലിയ ശേഷം അതാതു നേരത്തേക്കുള്ള പ്രത്യേക കൗമ മൂന്നുപ്രാവശ്യം ചൊല്ലി കുമ്പിടുകയും അതു കഴിഞ്ഞ് "എന്റെ കർത്താവേ! നിനക്കു സ്തുതിയും " എന്ന മഹത്വ കീർത്തനവും കർത്തൃ പ്രാർത്ഥനയും ചൊല്ലണം. കൃപനിറഞ്ഞ മറിയമേ .. എന്ന അപേക്ഷ ഹാശാ ആഴ്ചയിൽ ചൊല്ലുകയില്ല. ഹാശാ ആഴ്ചയിൽ യാതോരു മദ്ധ്യസ്ഥ അപേക്ഷകളോ, കുക്കിലി യോനൊ ചൊല്ലുകയില്ല. ആയതുപോലെ കൈമുത്തോ, സമാധാനം കൊടുക്കലോ ഇല്ല)*

## ഹാശാ ആഴ്ചയിലെ കൗമകൾ

<u>തിങ്കളാഴ്ച</u>

ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു.
ഹാശായാലടിയാർ പിഴതീർത്തൊരു മിശിഹാ
കർമ്മം, കൈക്കൊണ്ടാശിഷമിങ്ങേകണമേ (മൂന്നു പ്രാവശ്യം)
ബ്രീക്മൂക്കോക്കോക് ദഹലോഫയിൻ
മ്ശിഹൊ, ദബഹാശേപറുക്കാൻ, മെൻതൂയെയ്
കാബെൽ, തെശ്മെശ്ത്താനെസറാഹാമ്മേലൈൻ ,,
ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു.
തന്റെ കഷ്ടാനുഭവത്താൽ വഴിതെറ്റിൽ നിന്ന് ഞങ്ങളെ രക്ഷിച്ചവനായ മ്ശിഹാ!
ഞങ്ങളുടെ ശുശ്രൂഷ കൈക്കൊണ്ട് ഞങ്ങളോട് കരുണ ചെയ്യണമേ (കുമ്പിടുക)

നാഥാ! തേ സ്തുതിയും മാനം താതന്നും
മഹിമാ, വന്ദനകൾ ശുദ്ധാ-ത്മാവിനും
ഉണ്ടാ, കുൾകൃപ പാ, പികളാം ഞങ്ങളിലും
മേലാ, മൂറിശിലേം വാതിൽ - ക്കുള്ളിൽ നിൻ
സിംഹാ, സനമണയണ മിപ്രാർത്ഥന മിശിഹാ
സ്തോത്രം, കർത്താവേ സ്തോത്രം, കർത്താവേ
നിത്യം ശരണവുമേ സ്തോത്രം; ബാറക്മോർ

ലൊക്മോർ തെശുബുഹത്തൊ, ലാബൂക് ഈക്കോറോ
വൽറൂഹൊദക്കുദിശൊ സെഗ്ത്തൊ, റുമറോമൊ
വാലായിൻ ഹാത്തോയെ, റഹമെ വഹനോനൊ
നെസ്പ, സഹൂൻതറഐ ഊറി, ശിലേംദലഎൽ
നേലോൻ സ്ലാവോസാൻ; കിദൊംബിം ദംശീഹോ,
ശുബ്ഹോ, ലൊക്മോറാൻ ശുബ്ഹോ, ലോക്മോറാൻ
ശുബ്ഹോ, ലൊക്സബറൻലഓലം; ബാറക്മോർ

എന്റെ കർത്താവേ! നിനക്കു സ്തുതിയും നിന്റെ പിതാവിനു ബഹുമാനവും പരിശുദ്ധാത്മാവിനു വന്ദനവും പുകഴ്ചയും ഉണ്ടായിരിക്കട്ടെ. പാപികളായ ഞങ്ങളുടെ മേൽ കരുണയും കൃപയും ഉണ്ടായി രിക്കണമേ. മേലുള്ള ഊർശ്ലേമിന്റെ വാതിലുകൾ തുറക്കപ്പെട്ട് മ്ശിഹായുടെ സിംഹാസനത്തിൻ മുമ്പാകെ ഞങ്ങളുടെ പ്രാർത്ഥനകൾ പ്രവേശിക്കുമാറാകണമേ. ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി. ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി, ഞങ്ങളുടെ ശരണമേ! എന്നേയ്ക്കും നിനക്ക് സുതുതി. ബാറക്മോർ
സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...

**പാതിരാ നമസ്കാരത്തിന് ഇടയ്ക്കുള്ള കൗമാ**

ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു.
പീഡാ, താഴ്ചകളാൽ നമ്മേ, വീണ്ടോനാം മ്ശിഹാ
യേ വാഴ്ത്തി നമിക്കാ, മീയിരാവിൽ
ബ്രീക്മൂക്കോക്കോക് ദഹലോഫയിൻ
ബ്ഏദോ, നോ ദുലിലിയൊ നൗദെ, നെസ്ഗുദ്ലേ
ലംശീ, ഹൊ ദുപറുക്കൻബാഹാശെ, വുമുക്കോക്കേ

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...

## ചൊവ്വാഴ്ച

ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു.
ഹാശായാൽ കഷ്ടതയേറ്റ സഭ, മോദിക്കുമുത്ഥാനേ
തൽ പ്രജകൾ നിന്നിൽ നിന്നേൽക്കും, പുണ്യം രക്ഷകനെ

*"ബൗഹൗ നുഹറൊഗായോ " എന്ന രീതി*
ബ്രീക്മൂക്കോക്കോക് ദഹലോഫയിൻ
ഈത്തോ ദബഗാശൊക് എസ്കമറാസ് തെഹദെ ബ്നുഹോമോക്
വൻകബ് ലൂൻ മോനോക് പോറൂക്കാൻ യൽദെ ഹൂസോയോ
ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു.
രക്ഷിതാവേ! നിന്റെ കഷ്ടാനുഭവത്തിൽ ദുഃഖം അനുഭവിച്ച സഭ നിന്റെ ഉയിർത്തെഴുന്നേൽപ്പിൽ സന്തോഷിക്കയും അതിന്റെ പ്രജകൾ നിന്നിൽ നിന്ന് പാപപരിഹാരം കൈക്കൊള്ളുകയും ചെയ്യുമാറാകണമേ.

നാഥാ! തേ സ്തുതിയും മാനം താതന്നും ....
സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...

## ബുധനാഴ്ച

ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു.
നിന്നെ വിധിപ്പാനായ് വന്ന ജനം, വിധിയിൽ വിധിയേൽക്കും
നിന്നേയും പീഡകളെയുമേറ്റോർ, ജാതി പുകും രാജ്യം
ബ്രീക്മൂക്കോക്കോക് ദഹലോഫയിൻ
ആമോ ദെസ് വാ അദ് അൽകെത്തിലോക് ബ്ദീനൊക് നെസ്ഹായാബ്
ആമ്മെ ദൗദീബോക് വബ്ഹാശായ്ക് നേലൂൻ ല മൽക്കൂസോക്
ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു.
നിന്നെ കൊല്ലുന്നതിന് ഒരുമ്പെട്ട ജനങ്ങൾ നിന്റെ ന്യായവിസ്താരത്തിൽ കുറ്റം ചുമത്തപ്പെടുകയും നിന്നിലും നിന്റെ കഷ്ടാനുഭവങ്ങളിലും ഏറ്റു പറഞ്ഞ ജനങ്ങൾ നിന്റെ രാജ്യത്തിൽ പ്രവേശിക്കുകയും ചെയ്യുമാറാകണമേ.

നാഥാ! തേ സ്തുതിയും മാനം താതന്നും ....
സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...

## വ്യഴാഴ്ച

ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു.
പെസഹായാൽ പെസഹാടിനെ നീക്കിയ മിശിഹാ
മോദിപ്പിച്ചരുളുൾകൃപ നിൻ പെസഹായാൽ

ബ്രീക്മൂക്കോക്കോക് ദഹലോഫയിൻ
മ്ശിഹോ ദബുപെസഹൊശ്രോയ്ലേ മറുപെ
സഹൊബുപെസഹോക്
അപ്സഹലാൻ വെസറാഹാമ്മേലൈൻ

ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു.
തന്റെ പെസഹായാൽ പെസഹായ്ക്ക് ആടറുക്കുന്നതിനെ അസ്ഥിരപ്പെടുത്തിയവനായ
മിശിഹാ! നിന്റെ പെസഹായാൽ ഞങ്ങളെ സന്തോഷിപ്പിച്ച് ഞങ്ങളോട് കരുണ ചെയ്യണമേ.

നാഥാ! തേ സ്തുതിയും മാനം താതന്നും ....
സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...

## വെള്ളിയാഴ്ച

**ദുഃഖ വെള്ളിയാഴ്ച സന്ധ്യയും സൂത്താറയും**

ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു.
ഹാശായാലടിയാർ പിഴതീർത്തൊരു മിശിഹാ
കർമ്മം കൈക്കൊണ്ടാശിഷമിങ്ങേകണമെ
ബ്രീക്മൂക്കോക്കോക് ദഹലോഫയിൻ
മ്ശിഹോദബ്ഹൊശേപറുക്കാൻ മെൻതൂയെയ്കാബെൽ
തെശ്മെശ്ത്താൻ വെസറാഹാമ്മേലൈലൻ
ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു.
തന്റെ കഷ്ടാനുഭവത്താൽ വഴിതെറ്റിൽ നിന്ന് ഞങ്ങളെ രക്ഷിച്ചവനായ മിശിഹാ
ഞങ്ങളുടെ പ്രാർത്ഥനകൾ കൈക്കൊണ്ട് ഞങ്ങളോട് കരുണ ചെയ്യണമേ.

**ദുഃഖ വെള്ളിയാഴ്ച പാതിരാത്രിയുടെ ഒന്നാം കൗമാ**

ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു.
ദുഃഖം വ്യഥയാന്നർത്ഥിച്ചോരർത്ഥനയാൽ
യാചനകൈക്കൊണ്ടാശിഷമിങ്ങേകണമേ
ബ്രീക്മൂക്കോക്കോക് ദഹലോഫയിൻ
ബ്ഹെയ്സ്ലുസൊദുസാലിത്ത്
ബ്ഹാശേഓക്കോസോ
കാബെൽസ്ലാവോസൻ വെസറാഹാമ്മേലൈൻ
ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു.
കഷ്ടതയോടും മനോവേദനയോടും കൂടെ നീ കഴിച്ച പ്രാർത്ഥന മൂലം ഞങ്ങളുടെ
പ്രാർത്ഥനകളെ കൈക്കൊണ്ട് ഞങ്ങളോട് കരുണചെയ്യണമേ.

**ദുഃഖ വെള്ളിയാഴ്ച പാതിരാത്രിയുടെ രണ്ടാം കൗമാ**

ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു.
വിധിഗേഹെ നിന്നെ നയിച്ച സ്നേഹമതാൽ
വിധിയിൽ ചേർക്കരുതേ പിഴകൾ ഓർക്കരുതേ
ബ്രീക്മൂക്കോക്കോക് ദഹലോഫയിൻ
ബ്ഹൗഹുബൊദ്നഗ് ദൊക് ലബെസ്ദീനൊഹ് ലോപൈൻ
ലദീനോലോതോലാൻഹൌബെൻലോതസ്ദുകർ
ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു.
ഞങ്ങൾക്കുവേണ്ടി ന്യായസ്ഥലത്തേക്ക് നിന്നെ നടത്തിയതായ സ്നേഹം നിമിത്തം ന്യായ
വിസ്താരത്തിലേയ്ക്ക് ഞങ്ങളെ പ്രവേശിപ്പിക്കാതെയും ഞങ്ങളുടെ കുറ്റങ്ങളെ
ഓർക്കാതെയും ഇരിക്കണമേ.

**ദുഃഖ വെള്ളിയാഴ്ച പാതിരാത്രിയുടെ മൂന്നാം കൗമാ**

ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു.
വിധിയാൽവിധിതീർപ്പിനെമായിച്ചോൻ മിശിഹാ
വിധിയിൽ ചേർക്കരുതേ പിഴകൾ ഓർക്കരുതേ
ബ്രീക്മൂക്കോക്കോക് ദഹലോഫയിൻ
മ്ശീഹൊദബ്ദീനൊ ശ്രൊയ്ലെഗ് സൊർദീനൊ
ലദീനോലോതോലാൻഹൌബൈൻലോതസ്ദുകർ
ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു.
തന്റെ ന്യായവിസ്താരത്താൽ ശിക്ഷാവിധിയെ നീക്കിക്കളഞ്ഞവനായ മിശിഹാ ഞങ്ങളെ ന്യായവിസ്താരത്തിലേയ്ക്ക് പ്രവേശിപ്പിക്കാതെയും ഞങ്ങളുടെ കുറ്റങ്ങളെ ഓർക്കാതെയു ഇരിക്കണമേ.

**ദുഃഖ വെള്ളിയാഴ്ച പാതിരാത്രിയുടെ നാലാം കൗമാ**

ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു.
പ്രഹരം വിധിയിൽ ദാസനിൽനിന്നേറ്റോനേ
വിധിനാളൻപാലടിയാരിൽ ദയചെയ്ക
ബ്രീക്മൂക്കോക്കോക് ദഹലോഫയിൻ
മ്ശീഹൊ ദെസ്കാപ്പാഹ്ബ്ദീനൊ മെൻ അബ്ദെ
ഹുൻലാൻബ്യും ദീനോക് വെസറാഹാമേലൈൻ
ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു.
ന്യായവിസ്താരത്തിൽ തന്റെ ദാസനിൽനിന്ന് കവിളത്ത് അടിയേറ്റവനായ മിശിഹാ! നിന്റെ ന്യായവിസ്താര ദിവസത്തിൽ കൃപയോടെ ഞങ്ങളോട് കരുണ ചെയ്യണമേ.

**ദുഃഖ വെള്ളിയാഴ്ച പാതിരാത്രിയുടെ മാലാഖമാരുടെ സ്തുപ്പിനുശേഷമുള്ള കൗമാ**

ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു.
തള്ളിയശെമഓനേകീ നീ ഋണമുക്തി
നിന്നിൽ ശരണപ്പെട്ടോനെന്മേൽ കൃപ ചെയ്ക
ബ്രീക്മൂക്കോക്കോക് ദഹലോഫയിൻ
ശെമഊൻദക് ഫർബോക് ഹാസീത്ത് ലേഹൗബൗ
മേനൊ ദ്തെപ്പ്സെസ് ബോക് എസറാഹാമ്മേലൈൻ
ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു.
നിന്നെ ഉപേക്ഷിച്ചവനായ ശെമഓന്റെ കുറ്റങ്ങളെ നീ പരിഹരിച്ചതുപോലെ നിന്നിൽ സങ്കേതം പ്രാപിച്ചിരിക്കുന്നവനോയ എന്നോട് കരുണ ചെയ്യണമേ.

**ദുഃഖ വെള്ളിയാഴ്ച പ്രഭാതം** (തുടക്കത്തിലും അവസാനത്തിലും)

ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു.
പീഡാതാഴ്ചകളാൽ നമ്മെ വീണ്ടോനാം മിശിഹാ
യെ വാഴ്ത്തി നമിക്കാം പുലർകാലേ
ബ്രീക്മൂക്കോക്കോക് ദഹലോഫയിൻ
ബ് ഏദോനൊ-ദു സഫറോനൗദേനെസ്ഗുദ്‌ലേ
ലംശീഹോ ദുപറുക്കൻബഹാശേതു മുക്കോക്കോ
ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു.
തന്റെ കഷ്ടാനുഭവത്താലും താഴ്മയാലും ഞങ്ങളെ രക്ഷിച്ചവനായ മിശിഹായെ ഈ പ്രഭാത സമയത്ത് ഞങ്ങൾ സ്തോത്രം ചെയ്ത് വന്ദിക്കുന്നു.

**ദുഃഖ വെള്ളിയാഴ്ച മൂന്നാം മണി ആദ്യ കൗമാ**

ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു.
ചോദ്യം നിജദാസനിൽ നിന്നേറ്റോൻ മിശിഹാ
വിധിനാളൻപാലടിയാരിൽ ദയചെയ്ക
ബ്രീക്മൂക്കോക്കോക് ദഹലോഫയിൻ
മ്ശീഹൊ ദേശ്ത്തായൽബ്ദീനൊമെൻ അബ്ദെ
ഹുൻലാൻ ബ്യൂം ദീനോക് വെസറാഹാമ്മേലൈൻ
ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു.
ന്യായവിസ്താരത്തിൽ തന്റെ ദാസനാൽ ചോദ്യം ചെയ്യപ്പെട്ടവനായ മിശിഹാ! നിന്റെ ന്യായവിസ്താര നാളിൽ കൃപയോടെ ഞങ്ങളോട് കരുണചെയ്യണമേ.

**ദുഃഖ വെള്ളിയാഴ്ച മൂന്നാം മണി അവസാന കൗമാ**

ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു.
ദണ്ഡം നിജദാസനിൽനിന്നേറ്റോൻ മിശിഹാ
വിധിനാളൻപാലടിയാരിൽ ദയ ചെയ്ക
ബ്രീക്മൂക്കോക്കോക് ദഹലോഫയിൻ
മ്ശീഹൊ ദെസ്നാഗദ്ബ്ദീനൊമെൻഅബ്ദെ
ഹുൻലാൻ ബ് യും ദീനോക് വെസറാഹാമ്മേലൈൻ
ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു.
ന്യായ വിസ്താരത്തിൽ തന്റെ ദാസനാൽ അടിയ്ക്കപ്പെട്ടവനായ മിശിഹാ! നിന്റെ ന്യായവിസ്താരത്തിൽ കൃപയോടെ ഞങ്ങളോട് കരുണചെയ്യണമേ.

**ദുഃഖ വെള്ളിയാഴ്ച മദ്ധ്യാഹ്ന ആദ്യ കൗമാ**

ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു.
ദാസൻ വിധി സമയത്താക്ഷേപിച്ചോനെ
മിശിഹാ വിധി ദിവസേ കനിവാൽ കൃപചെയ്ക
ബ്രീക്മൂക്കോക്കോക് ദഹലോഫയിൻ
മ്ശിഹൊ ദെസ്ബാസാഹ്ബ്ദീനോ
ഹുൻലാൻ ബ് യും ദീനോക് വെസറാഹാമ്മേലൈൻ
ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു.
ന്യായവിസ്താരത്തിൽ തന്റെ ദാസനാൽ ചോദ്യം ചെയ്യപ്പെട്ടവനായ മിശിഹാ! നിന്റെ ന്യായവിസ്താര നാളിൽ കൃപയോടെ ഞങ്ങളോട് കരുണചെയ്യണമേ.

**ദുഃഖ വെള്ളിയാഴ്ച മദ്ധ്യാഹ്ന അവസാന കൗമാ**

ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു.
നാഥാ നിൻവരവിൻ മഹിമാദിവസത്തിൽ
അടിയാരേയോർക്കുക കള്ളനെയെന്നതുപോൽ
ബ്രീക്മൂക്കോക്കോക് ദഹലോഫയിൻ
ബദുമുസ്ഗായൊസൊബ്റഹമൈ എസ്ദകറൈൻ
മോറാൻ ബ്ഹൗയൗമൊ ശ്ബീഹൊദുമേസിസോക്
ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു.
കർത്താവേ! നിന്റെ വരവിന്റെ മഹത്ത്വമുള്ള ദിവസത്തിൽ ആ കള്ളനെപ്പോലെ കരുണയോടെ ഞങ്ങളേയും ഓർക്കണമേ.

**ദുഃഖ വെള്ളിയാഴ്ച ഒൻപതാം മണി ആദ്യ കൗമാ**

ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു.
സ്കീപ്പായാൽ ക്രൂശകയെമായിച്ചോനേ
മ്ശിഹാ കോട്ടയമഭയവുമാം നിൻ സ്ലീബാ
ബ്രീക്മൂക്കോക്കോക് ദഹലോഫയിൻ
മ്ശിഹൊ ദ്ബസ്കീപ്പെ അക്കറൊലസോലുബുത്തൊ
സ്ലീബോക്നെഹവേലൻശുറൊ ബെസ് ഗൗസൊ
ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു.
കുരിശിൽ തൂക്കിയ പട്ടണത്തെ തന്റെ സ്ക്കീപ്പായാൽ നിർമ്മുലമാക്കിയവനായ മിശിഹാ!
നിന്റെ സ്ലീബാ ഞങ്ങൾക്ക് കോട്ടയും അഭയസ്ഥാനവും ആയിരിക്കണമേ.

**ദുഃഖ വെള്ളിയാഴ്ച ഒൻപതാം മണി അവസാന കൗമാ**
***(ദുഃഖ ശനിയാഴ്ച വി. കുർബ്ബാനയ്ക്കും ഇതുതന്നെ ഉപയോഗിക്കുന്നു)***
ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു.
മൃതിയാലടിയാരുടെ മൃതിപോക്കിയമിശിഹാ
മൃതരായോർക്കുയിരും ഞങ്ങൾക്കരുൾ കൃപയും
ബ്രീക്മൂക്കോക്കോക് ദഹലോഫയിൻ
മ്ശീഹൊ ദബ്മൗത്തെ ആഹീമീസുസാൻ
നാഹേം ല ആനീദൈൻ വെസറാഹാമ്മേലൈൻ
ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു.
തന്റെ മരണത്താൽ ഞങ്ങളുടെ മരണത്തെ ജീവിപ്പിച്ചവനായ മിശിഹാ! ഞങ്ങളുടെ
മരിച്ചുപോയവരെ ഉയിർപ്പിക്കുകയും ഞങ്ങളോട് കൃപയുണ്ടാകുകയും ചെയ്യണമേ.

**ദുഃഖ വെള്ളിയാഴ്ച സ്ലീബാവന്ദനവിന്റെ സമയത്ത് ചൊല്ലേണ്ടത്.**

ഞങ്ങളുടെ ആത്മാക്കൾക്ക് അതുമൂലം രക്ഷയുണ്ടായിരിക്കുന്ന സ്ലീബായെ ഞങ്ങൾ വന്ദിക്കുന്നു. മിശിഹാ തമ്പുരാനേ! നീ എഴുന്നെള്ളുമ്പോൾ ഞങ്ങളെ ഓർക്കണമേ എന്ന് ആ കള്ളനോടുകൂടെ ഞങ്ങളും പറയുന്നു.

**അറിയിപ്പിന്റെ ശനിയാഴ്ച സന്ധ്യമുതൽ ഒൻപതാം മണിവരെയുള്ള കൗമ**

ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു.
കബറാൽ കബറിൻ നാശം നീക്കിയമിശിഹാ
മൃതിയ ജീവിപിപിച്ചുചിരേറ്റുക മൃതരെ
ബ്രീക്മൂക്കോക്കോക് ദഹലോഫയിൻ
മ്ശിഹൊ ദബക്ബുർത്തെ ശ്രൊഹൊബോലെദു കബറെ
ആഹൊ മീസൂസാൻ നാഹേം ലകിബീറൈൻ
ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു.
തന്റെ കബറടക്കത്താൽ കബറിലെ നാശത്തെ മാറ്റിയവനായ മിശിഹാ ഞങ്ങളുടെ
മരണത്തെ ജീവിപ്പിച്ച് ഞങ്ങളുടെ കബറടക്കപ്പെട്ടവരെ ഉയിർപ്പിക്കണമേ.

**(ഹാശായുടെ എതെങ്കിലും ദിവസങ്ങളിൽ പാതിരാത്രി പ്രാർത്ഥനയ്ക്കും പ്രഭാത പ്രാർത്ഥനയ്ക്കും പ്രത്യേക കൗമാ ഇല്ലാത്തപ്പോൾ ഉപയോഗിക്കാൻ)**
ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു.
തന്റെ കഷ്ടാനുഭവത്താലും താഴ്മയാലും ഞങ്ങളെ രക്ഷിച്ചവനായ മിശിഹായെ ഈ രാത്രിസമയത്ത് / പ്രഭാതസമയത്ത് ഞങ്ങൾ സ്തോത്രം ചെയ്ത് വന്ദിക്കുന്നു.

## ഓശാന ഞായർ - ഒൻപതാംമണി പ്രാർത്ഥന

## പ്രാരംഭ സ്തുതി

✠

✠ *പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ സത്യേക ദൈവത്തിന്റെ തിരുനാമത്തിൽ,* തനിക്കു സ്തുതി. നമ്മുടെമേൽ തന്റെ കരുണയും മനോഗുണവും എന്നേയ്ക്കും ഉണ്ടായിരിക്കട്ടെ. ആമ്മീൻ.

*ആകാശവും ഭൂമിയും തന്റെ സ്തുതികൾ കൊണ്ട് നിറഞ്ഞിരിക്കുന്ന* ബലവാനായ ദൈവം തമ്പുരാൻ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ ഉയരങ്ങളിൽ സ്തുതി.

*ദൈവമായ കർത്താവിന്റെ തിരുനാമത്തിൽ* വന്നവനും വരുന്നവനും ആയവൻ വാഴ്ത്തപ്പെട്ടവനാകുന്നു; ഉയരങ്ങളിൽ സ്തുതി.

### കൗമാ - ത്രൈശുദ്ധ കീർത്തനം

*ദൈവമേ! നീ പരിശുദ്ധനാകുന്നു.*

ബലവാനേ! നീ പരിശുദ്ധനാകുന്നു.
മരണമില്ലാത്തവനേ! നീ പരിശുദ്ധനാകുന്നു.
ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ! ✠
ഞങ്ങളുടെ മേൽ കരുണയുണ്ടാവണമേ

*ദൈവമേ! നീ പരിശുദ്ധനാകുന്നു ...........*

*ദൈവമേ! നീ പരിശുദ്ധനാകുന്നു ..............*

*ഞങ്ങളുടെ കർത്താവേ! ഞങ്ങളോടു കരുണ ചെയ്യണമേ.* ഞങ്ങളുടെ കർത്താവേ! കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമേ. ഞങ്ങളുടെ കർത്താവേ! ഞങ്ങളുടെ ശുശ്രൂഷയും പ്രാർത്ഥനകളും കൈക്കൊണ്ട് ഞങ്ങളോടു കരുണ ചെയ്യണമേ.

*ദൈവമേ! നിനക്കു സ്തുതി.* സ്രഷ്ടാവേ! നിനക്കു സ്തുതി. നിന്റെ ദാസരായ പാപികളോട് കരുണ ചെയ്യുന്ന മിശിഹാരാജാവേ! നിനക്കു സ്തുതി. ബാറെക്മോർ

### മോറാനായ പ്രാർത്ഥന = കർത്തൃപ്രാർത്ഥന

***(വി. മത്തായി 6 : 9 14)***

*സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ!* നിന്റെ തിരുനാമം പരിശുദ്ധമാക്കപ്പെടണമേ. നിന്റെ രാജ്യം വരണമേ. നിന്റെ തിരുവിഷ്ടം സ്വർഗത്തിലേപ്പോലെ ഭൂമിയിലും ആകണമേ. ഞങ്ങൾക്ക് ആവശ്യമായിരിക്കുന്ന ആഹാരം ഇന്നു ഞങ്ങൾക്കു തരണമേ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമേ. പരീക്ഷയിലേക്കു ഞങ്ങളെ പ്രവേശിപ്പിക്കരുതേ. പിന്നെയോ ദുഷ്ടനിൽ നിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമേ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്ത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

### ദൈവമാതാവിനോടുള്ള അപേക്ഷ

***(വി.ലൂക്കോസ് 1:28,42,48. *എല്ലാ കൗമകളിലും നിർബന്ധമല്ല)***

*കൃപനിറഞ്ഞ മറിയമേ! നിനക്കു സമാധാനം.* ഞങ്ങളുടെ കർത്താവു നിന്നോടുകൂടെ. സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവളാകുന്നു. നിന്റെ ഉദരഫലമായ ഞങ്ങളുടെ കർത്താവേശുമിശിഹാ വാഴ്ത്തപ്പെട്ടവനാകുന്നു. ദൈവമാതാവായ വിശുദ്ധ കന്യക [3]മൊർത്ത്മറിയമേ! ഇപ്പോഴും എപ്പോഴും ഞങ്ങളുടെ മരണസമയത്തും പാപികളായ ഞങ്ങൾക്കുവേണ്ടി അപേക്ഷിച്ചുകൊള്ളണമേ. ആമ്മീൻ.

### കോലാകൾ

നീതിമാന്മാർ ആസ്വദിച്ച മരണം നിത്യമരണമായിരുന്നില്ല. പുനരുത്ഥാനത്തിന്റെ ദിവസം വരെ അവരുടെ ശരീരങ്ങൾ ഉറക്കമെന്നപോലെ വിശ്രമിച്ചിരിക്കുന്നു. അവരുടെ ശരീരങ്ങൾ ഭുമിയിൽ വസിച്ചിരിക്കുന്നു. നാഥാ! ആവർ എഴുന്നേറ്റ് നിനക്ക് മഹത്തവം പാടുമാറാകണമേ. ബാറക്മോർ.

ദൈവമേ! നിന്റെ ദൈവത്വത്തിന് ഞങ്ങൾ സമർപ്പിക്കുന്ന സുഗന്ധ ധൂപം മൂലം നിദ്രപ്രാപിച്ചിരിക്കുന്ന ഞങ്ങളുടെ മാതാപിതാക്കന്മാർക്കും സഹോദരീ സഹോദരന്മാർക്കും നല്ല ഓർമ്മ പ്രദാനം ചെയ്യണമേ. കർത്താവേ! നിന്റെ രാജ്യത്തിൽ ജീവന്റെ പുസ്തകത്തിൽ അവരുടെ നാമങ്ങൾ നീ എഴുതണമേ. മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ

## മോർ ബാലായിയുടെ ബോവൂസൊ

കരുണകൾ നിറഞ്ഞിരിക്കുന്നവനേ! ഉയിർപ്പു ദിവസത്തിൽ നിന്റെ സൃഷ്ടിയെ പുതുതാക്കണമേ.

കർത്താവേ! നിന്നിലുള്ള ശരണത്തോടുകൂടെ നിദ്രപ്രാപിച്ച് നിന്റെ വരിവിനെ നോക്കിപാർത്തിരിക്കുന്ന ഞങ്ങളുടെ വാങ്ങിപ്പോയവരെ നീ ആശ്വസിപ്പിച്ചു പുണ്യപ്പെടുത്തണമേ.

കർത്താവേ! നിന്റെ ശരണത്തിന്മേൽ നിദ്രപ്രാപിച്ച നിന്റെ ദാസരെ അബ്രഹാമിന്റെയും, ഇസ്ഹാക്കിന്റെയും, യോക്കോബിന്റെയും മടിയിൽ വസിപ്പിക്കണമേ.

വന്നവനും, വരുന്നവനും, മരിച്ചുപോയവരെ ഉയിർപ്പിക്കുന്നവനും വാഴ്ത്തപ്പെട്ടതാകുന്നു എന്ന് ശരീരങ്ങളും ആത്മാക്കളും ഒരുമിച്ച് അട്ടഹസിച്ച് പറയുമാറാകട്ടെ.

അല്ലങ്കിൽ

1. കരുണ നിറഞ്ഞവനേ! പുനരുത്ഥാനത്തിൽ
   നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമേ.
2. നിന്നിൽ ശരണത്താൽ നിദ്രയിലായ് നിന്റെ
   വരവിനു കാത്തീടും മൃതരിൽ കനിയണമേ.
3. അവരബ്രാഹത്തിന്റെയുമിസ്സഹാക്കുടെയും
   യാക്കോബിന്നുടെയും മടിയിൽ പാർക്കണമേ
4. വന്നവനും വരുവോനും-മൃതർ തന്നുയിരും
   സ്തുതനെന്നു ശരീരാ-ത്മാക്കൾ പാടണമേ.

**ദൈവമേ നീ പരിശുദ്ധനാകുന്നു .. ഇത്യാദി കൗമാ**

## ഹാശാ സന്ധ്യാ നമസ്കാരം

**സാധാരണ കൗമയ്ക്കു പകരമായി**
**ഹാശാ ദിനങ്ങൾക്കും യാമങ്ങൾക്കും ക്രമപ്പെടുത്തിയ**
**കൗമകൾ ആദ്യ പേജുകളിൽ ഉള്ളത് ഉപയോഗിക്കണം**

### 51-ാം മസ്മൂർ

ദൈവമേ! നിന്റെ കൃപയിൻ പ്രകാരം എന്നോടു കരുണ ചെയ്യണമെ. നിന്റെ കരുണയുടെ ബഹുത്വത്തിൻ പ്രകാരം എന്റെ പാപങ്ങളെ മായിച്ചു കളയണമെ.

എന്റെ അനീതിയിൽനിന്ന് എന്നെ നന്നായി കഴുകി എന്റെ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമേ. എന്തെന്നാൽ ഞാൻ എന്റെ കുറ്റങ്ങളെ അറിയുന്നു. എന്റെ പാപങ്ങളും എപ്പോഴും എന്റെ നേരെ ഇരിക്കുന്നു.

നിനക്കു വിരോധമായിത്തന്നെ ഞാൻ പാപം ചെയ്തു. സന്നിധിയിൽ തിന്മകളേയും ചെയ്തു. അതിനാൽ നിന്റെ വചനത്തിൽ നീ നീതികരിക്കപ്പെടും നിന്റെ വിധികളിൽ നീ ജയിക്കും. എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എന്റെ മാതാവ് എന്നെ ഗർഭം ധരിക്കയും ചെയ്തു.

എങ്കിലും നീതിയിൽ നിനക്ക് തിരുവിഷ്ടമായി . നിന്റെ ജ്ഞാന രഹസ്യങ്ങൾ നീ എന്നോടറിയിച്ചു.

സോപ്പാകൊണ്ട് എന്റെ മേൽ നീ തളിക്കണമെ. ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ നീ വെൺമയാക്കണമെ; ഹിമത്തേക്കാൾ ഞാൻ വെണ്മയാകും.

നിന്റെ ആനന്ദവും സന്തോഷവും കൊണ്ട് എന്നെ തൃപ്തനാക്കണമെ. ക്ഷീണിച്ചിരിക്കുന്ന എന്റെ അസ്ഥികൾ സന്തോഷിക്കും. എന്റെ പാപങ്ങളിൽ നിന്ന് തിരുമുഖം തിരിച്ച് എന്റെ കുറ്റങ്ങളെല്ലാം മായിച്ചു കളയണമെ.

ദൈവമേ! വെടിപ്പുള്ള ഹൃദയത്തെ എന്നിൽ സൃഷ്ടിക്കണമെ. സ്ഥിരതയുള്ള നിന്റെ ആത്മാവിനെ എന്റെ ഉള്ളിൽ പുതുതാക്കണമെ. തിരുസന്നിധിയിൽ നിന്ന് എന്നെ തള്ളിക്കളയരുതേ. നിന്റെ വിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കയും അരുതേ.

എന്നാലോ നിന്റെ ആനന്ദവും രക്ഷയും എനിക്കു തിരിച്ചുതരണമേ. മഹത്വമുള്ള നിന്റെ ആത്മാവ് എന്നെ താങ്ങുമാറാകണമേ. അപ്പോൾ ഞാൻ അതിക്രമക്കാരെ നിന്റെ വഴി പഠിപ്പിക്കും. പാപികൾ നിങ്കലേക്കു തിരികയും ചെയ്യും.

എന്റെ രക്ഷയുടെ ദൈവമായ ദൈവമേ! രക്തത്തിൽ നിന്ന് എന്നെ രക്ഷിക്കണമേ. എന്റെ നാവു നിന്റെ നീതിയെ സ്തുതിക്കും. കർത്താവേ! എന്റെ അധരങ്ങൾ എനിക്കു തുറക്കണമെ. എന്റെ വായ് നിന്റെ സ്തുതികളെ പാടും.

എന്തെന്നാൽ ബലികളിൽ നീ ഇഷ്ടപ്പെട്ടില്ല; സമാധാനഹോമങ്ങളിൽ നീ നിരപ്പായതുമില്ല. ദൈവത്തിന്റെ

ബലികൾ താഴ്മയുള്ള ആത്മാവാകുന്നു. ദൈവം തകർന്ന ഹൃദയത്തെ നിരസിക്കയില്ല.
തിരുവുള്ളമുണ്ടായി സെഹിയോനോടു നന്മ ചെയ്യണമെ. യറുശലേമിന്റെ മതിലുകളെ പണിയണമെ.
അപ്പോൾ നീതിയോടുകൂടിയ ബലികളിലും സമാധാന ഹോമങ്ങളിലും നീ ഇഷ്ടപ്പെടും. അപ്പോൾ നിന്റെ ബലിപീഠത്തിൻമേൽ അവർ കാളകളെ ബലി കഴിക്കും.
ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ
കരുണയുള്ള ദൈവമേ! നിന്റെ കരുണയാൽ ഞങ്ങളോട്
കരുണചെയ്യണമെ... മൊറിയോ..

## എന് യോനൊ

തന്റെ തിരുവിഷ്ടത്തോടെ കഷ്ടതയിലേയ്ക്കു വന്നവനും തന്റെ സ്ലീബായാൽ ലോകത്തിനു രക്ഷയുണ്ടാക്കിയവനുമായ ദൈവമേ! ഞങ്ങളോടു കരുണ ചെയ്യണമേ.

ഊർശ്ലേമിൽ തന്റെ കഷ്ടതകളെ കാണുമെന്ന് ശ്ലീഹന്മാരോട് മുമ്പുകൂട്ടി അറിയിച്ചവനായ കർത്താവേ! ഞങ്ങളോട് കരുണ ചെയ്യണമേ.

സർവ്വശക്തനായിരിക്കുമ്പോൾ തിരുവിഷ്ടത്തോടെ മനുഷ്യനായിത്തിർന്ന കർത്താവേ! ഞങ്ങളോട് കരുണ ചെയ്യണമേ. ബാറക്മോർ

പാപപരിഹാരം നൽകുന്ന ബലിയായിത്തിരുകയും ലോകത്തെ തന്റെ പിതാവിനോട് നിരപ്പാക്കുകയും ചെയ്തവനായ കർത്താവേ! ഞങ്ങളോട് കരുണചെയ്യണമേ. കുറിയേലായിസ്സോൻ

### കുറിയേലായിസ്സോൻ

140, 141, 118:105-112, 116 മസ്മൂർകൾ

(140) കർത്താവേ നിന്നെ ഞാൻ വിളിച്ചുവല്ലോ, എന്നോടു നീ ഉത്തരമരുളണമേ. എന്റെ വചനങ്ങൾ സൂക്ഷിച്ചു കേട്ട് കൈക്കൊള്ളണമെ.

എന്റെ പ്രാർത്ഥന തിരുമുമ്പാകെ ധൂപം പോലെയും, എന്റെ കൈകളിൽ നിന്നുള്ള കാഴ്ച സന്ധ്യയിലെ വഴിപാടുപോലെയും ഇരിക്കുമാറാകണമേ. എന്റെ ഹൃദയം ദുഷ്കാര്യത്തിനു ചായാതെയും ഞാൻ അന്യായക്രിയകളെ പ്രവർത്തിക്കാതെയും ഇരിക്കത്തക്കവണ്ണം എന്റെ വായ്ക്കു കാവൽക്കാരനെയും എന്റെ അധരങ്ങൾക്ക് കാവൽക്കാരനെയും നിയമിക്കണമെ.

ദുഷ്ടമനുഷ്യരോടുകൂടെ ഞാൻ ചേരുമാറാകരുതേ. നീതിമാൻ എന്നെ പഠിപ്പിക്കുകയും ശാസിക്കു കയും ചെയ്യട്ടെ. ദുഷ്ടന്മാരുടെ എണ്ണ എന്റെ തലയ്ക്കു കൊഴുപ്പാകാതെയിരിക്കട്ടെ. എന്തെന്നാൽ എന്റെ പ്രാർത്ഥന അവരുടെ ദോഷത്തെക്കുറിച്ചാകുന്നു. അവരുടെ വിധികർത്താക്കൾ പാറയിൻ മുനയാൽ നിരോധിക്കപ്പെട്ടു. ഇമ്പമുള്ള എന്റെ വചനങ്ങളെ അവർ കേട്ടു.

കൊഴുവു ഭൂമിയെ പിളർക്കുന്നതുപോലെ ശവക്കുഴിയുടെ വായ്ക്കരികിൽ അവരുടെ അസ്ഥികൾ ചിതറിപ്പോയി. കർത്താവേ! ഞാൻ എന്റെ കണ്ണുകൾ നിന്റെ അടുക്കലേക്കുയർത്തി നിന്നിൽ ശരണപ്പെട്ടു. എന്റെ ആത്മാവിനെ തള്ളിക്കളയരുതെ.

എനിക്കായി കെണികൾ മറച്ചുവച്ച പ്രശംസക്കാരുടെ കയ്യിൽ നിന്ന് എന്നെ കാത്തുകൊള്ളണമെ. ഞാൻ കടന്നുപോകുന്നതുവരെയും അധർമ്മികൾ സ്വന്തവലകളിൽ ഒരുമിച്ചു വീഴട്ടെ.

(141) ഞാൻ എന്റെ ശബ്ദത്തോടെ കർത്താവിനെ വിളിച്ചു. ഞാൻ എന്റെ ശബ്ദത്തോടെ കർത്താവി നോടു പ്രാർത്ഥിച്ചു. ഞാൻ തിരുമുമ്പാകെ സങ്കടം ബോധിപ്പിച്ചു. എന്റെ ഞെരുക്കം തിരുസന്നിധിയിൽ അറിയിച്ചു.

എന്റെ ആത്മാവ് വിഷാദിച്ചപ്പോൾ നീ എന്റെ ഊടുവഴികളെ അറിയുന്നുവല്ലൊ. എന്റെ നടപ്പുകളുടെ വഴിയിൽ അവർ എനിക്ക് കെണികളെ മറച്ചുവച്ചു.

ഞാൻ വലത്തുഭാഗത്തു സുക്ഷിച്ചു നോക്കി; എന്നെ അറിയുന്നവൻ ഇല്ല. ഓടി ഒളിക്കേണ്ടതിനു എനിക്കു സ്ഥലമില്ലാതെ പോയി. എന്റെ ആത്മാവിനു പകരം ചോദിക്കുന്നവനും ഇല്ല.

കർത്താവേ! ഞാൻ നിങ്കലേക്കു നിലവിളിച്ചു. നീ എന്റെ ശരണവും ജീവനുള്ളവരുടെ ദേശത്തു എന്റെ ഓഹരിയും ആകുന്നു എന്നു ഞാൻ പറഞ്ഞു.

ഞാൻ ഏറ്റം താഴ്ത്തപ്പെട്ടിരിക്കകൊണ്ടു എന്റെ അപേക്ഷ സൂക്ഷിച്ചു കേൾക്കണമേ; എന്നെ പീഡിപ്പിക്കുന്നവർ എന്നേക്കാൾ ബലവാന്മാരായതുകൊണ്ട്; അവരിൽ നിന്ന് എന്നെ വിടുവിക്കണമെ.

ഞാൻ തിരുനാമം സ്തോത്രം ചെയ്യേണ്ടതിനു കാരാഗൃഹത്തിൽ നിന്നു എന്റെ ആത്മാവിനെ പുറപ്പെടുവിക്കണമെ; നീ എന്ക്കു പ്രതിഫലം നൽകുമ്പോൾ നിന്റെ നീതിമാന്മാർ എന്നെ കാത്തിരി

ക്കും.

(118:105-112) തിരുവചനം എന്റെ കാലുകൾക്കു വിളക്കും എന്റെ വഴികൾക്കു പ്രകാശവുമാകുന്നു.

നിന്റെ നീതിയുള്ള ന്യായങ്ങളെ ആചരിക്കാമെന്നു ഞാൻ ആണയിട്ടുറച്ചു. കർത്താവേ! ഞാൻ ഏറ്റവും ക്ഷീണിച്ചു. കർത്താവേ! തിരുവചനപ്രകാരം എന്നെ ജീവിപ്പിക്കണമെ.

കർത്താവേ! എന്റെ വായിലെ വചനങ്ങൾ ഇഷ്ടപ്പെട്ട് നിന്റെ ന്യായങ്ങൾ എന്നെ പഠിപ്പിക്കണമെ.

എന്റെ ആത്മാവ് എല്ലായ്പ്പോഴും നിന്റെ തൃക്കൈകളിൽ ആകുന്നു. ഞാൻ നിന്റെ വേദപ്രമാണം മറന്നില്ല.

പാപികൾ എനിക്കായി കെണികൾ വച്ചു. ഞാൻ നിന്റെ കൽപനകളിൽ നിന്നും മാറിപ്പോയില്ല.

ഞാൻ നിന്റെ സാക്ഷ്യത്തെ എന്നേക്കും അവകാശമാക്കി. എന്തെന്നാൽ അതു എന്റെ ഹൃദയത്തിനു ആനന്ദമാകുന്നു.

നിന്റെ പ്രമാണങ്ങൾ എപ്പോഴും സത്യമായി ആചരിപ്പാൻ ഞാൻ എന്റെ ഹൃദയത്തെ തിരിച്ചു.

(116) സകല ജാതികളുമെ! കർത്താവിനെ സ്തുതിപ്പിൻ; സകലജനങ്ങളുമെ! തന്നെ മഹത്വപ്പെടുത്തുവീൻ . എന്തെന്നാൽ തന്റെ കൃപ നമ്മുടെ മേൽ വർദ്ധിച്ചിരിക്കുന്നു; താൻ സത്യമായിട്ട് എന്നേക്കും കർത്താവാകുന്നു.

ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ

## എനിയോനൊ

രക്ഷിതാവായ യേശുവേ! കഷ്ടതയനുഭവിപ്പാനും മരിപ്പാനും ആയിട്ട് വിനയത്തോടെ വന്ന് ഞങ്ങളെ രക്ഷിച്ചതിനാൽ നിനക്കു സ്തുതി. നിന്നെ അയച്ച പിതാവ് വാഴ്ത്തപ്പെട്ടവനാകുന്നു.

മരിക്കയും ജീവിക്കയും മരണമുള്ളവരെ ജീവിപ്പിക്കയും ചെയ്തവനായ ജീവനുള്ളതും മരണമില്ലാത്തവനുമായ കർത്താവേ! നിനക്കു സ്തുതി.

തന്റെ സഭയ്ക്കുവേണ്ടി ജഡത്തിൽ കഷ്ടതയനുഭവിച്ചവനായ കർത്താവേ! നിന്റെ സഭയിൽ നിന്ന് വേദവിപരീതങ്ങളേയും തർക്കങ്ങളേയും നീക്കിക്കളയണമേ. ബാറക്മോർ

തന്റെ സാദൃശ്യം നശിച്ചുപോകാതിരിപ്പാൻ വേണ്ടി തന്നെത്തന്നെ താഴ്ത്തി കഷ്ടതകൾ അനുഭവിച്ചവനായ അത്യുന്നതനു സ്തുതി. സ്തൗമെൻകാലോസ് കുറിയേലായിസ്സോൻ

## കോലോകൾ

മിശിഹാ നമ്മുടെ വ്രണങ്ങളെ സുഖപ്പെടുത്തുവാൻ ഇറങ്ങിവന്ന വൈദ്യനാകുന്നു. അവൻ ചെയ്ത സഹായങ്ങൾക്കു പകരം അവനെ അപമാനിക്കുകയും അവന്റെ അദ്ധ്വാനങ്ങൾക്കു പകരം അവനെ കൊല്ലുകയും ചെയ്തു. അവനെ കഷ്ടപ്പെടുത്തിയവരുടെ മേൽ ദീർഘക്ഷമയോടിരുന്നവനായ കരുണയുള്ളവനു സ്തുതി. ബാറക്മോർ

സ്വർഗ്ഗീയപിതാവിന്റെ ഏകപുത്രൻ ഇസ്രായേൽ എന്ന മുന്തിരിത്തോട്ടത്തിലെ വേലക്കാരുടെ അടുക്കൽ ഇറങ്ങിവന്ന് വിശ്വാസം, നീതി, സത്യം എന്ന വേലകൾ അവരോടു ആവശ്യപ്പെട്ടു. അവർ അവനോട് എതിർത്തു നിന്ന് അവനെ കൊല്ലുവാൻ ആലോചന ചെയ്തു. അവന്റെ നീതിക്കു സ്തുതിയുണ്ടായിരിക്കട്ടെ. *മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ*

## വീണ്ടും കോലോകൾ

അത്യുന്നതൻ തന്റെ പെരുമയെ ത്ഴ്ത്തി ഇറങ്ങിവന്നപ്പോൾ ദുഷ്ട മനുഷ്യർ അവനെ വചനത്തിൽ അകപ്പെടുത്താൻ ശ്രമിച്ചു. ഏതാനും അപ്പംകൊണ്ട് അവൻ അനേകം പേരെ തൃപ്തിപ്പെടുത്തിയതിനു പകരം അവർ അവനു കൈപ്പു കൊടുത്തു. സകലത്തിന്റെയും ന്യായാധിപതിയായുള്ളവനെ അവർ വിസ്തരിച്ച് മരണശിക്ഷയ്ക്ക് വിധിച്ചു. “നിങ്ങൾ അന്വേഷിക്കുന്നവൻ ഞാൻ തന്നെയാകുന്നു” എന്നു പറഞ്ഞ് തന്റെ മഹാശക്തിയെ വെളിപ്പെടുത്തിയിട്ടും അവരുടെ അസൂയയ്ക്കും അഹങ്കാരത്തിനും കുറവു വന്നില്ല. അവരെ സഹിച്ചവനായ കർത്താവിനു സ്തുതി. ബാറക്മോർ

നമ്മെ പറുദീസായിലേക്കു തിരിപ്പിപ്പാൻ വേണ്ടി തന്നെത്തന്നെ താഴ്ത്തുകയും കഷ്ടതകളും മരണവും സഹിക്കുകയും മുഖത്തു തുപ്പലിനെ കൈക്കൊള്ളുകയും ചെയ്തവെ നാം വന്ദിക്കണം. ദൈവമേ! ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ കഷ്ടാനുഭവം വാഴ്ത്തപ്പെട്ടതാകുന്നു. കർത്താവേ! നിന്റെ കഷ്ടാനുഭവത്തിൽ കഷ്ടപ്പെടുവാനും നിന്റെ ഉയിർപ്പിൽ ആനന്ദിപ്പാനും നിന്റെ രാജ്യത്തെ അവകാശിപ്പാനും ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമേ. നിന്റെ കൃപയാൽ ഞങ്ങളുടെ പാപങ്ങളെ പരിഹരിക്കണമേ. ഞങ്ങളുടെ മലിനതകളെയെല്ലാം തുടച്ചുവെടിപ്പാക്കുകയും ചെയ്യണമേ.

*മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ*

## ഹാശാ നമസ്കാരം (സായാഹ്നം)

### ബോത്തെദ്ഹാശോ

*(കൂട്ടമായി നമസ്ക്കരിക്കുമ്പോൾ ബോത്തെദ്ഹാശോ മുതൽ ബോവൂസൊ വരെയുള്ള ഭാഗങ്ങൾ ഒന്നോ രണ്ടോ പേർ ചേർന്നു ചൊല്ലുകയും, മറ്റുള്ളവർ കേട്ട് ധ്യാനിച്ച് കുമ്പിടുകയും ചെയ്യണം. ബോവൂസൊയിൽ അളോഹൻ റാഹേമേലൈൻ .. എന്നുള്ളത് എല്ലവരും കൂടി ചൊല്ലണം)*

കർത്താവേ! ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ കഷ്ടാനുഭവം വാഴ്ത്തപ്പെട്ടതാകുന്നു. ഞങ്ങളുടെ നിമിത്തമുള്ള നിന്റെ താഴ്മയും വാഴ്ത്തപ്പെട്ടതാകുന്നു.

*(ഈ ബോത്തെദ്ഹാശോയുടെ ആദ്യത്തെ നിറുത്ത് അറിയിപ്പിന്റെ ശനിയാഴ്ച മാത്രം താഴെ വരുന്ന പ്രകാരം ചൊല്ലുക)*

(മരണം ആസ്വദിച്ചവനായി ജീവനുള്ളവന്റെ പുത്രനായവൻ വാഴ്ത്തപ്പെട്ടവനാകുന്നു. കബറിൽ നാശം കാണാതിരുന്നിട്ടുള്ള പുണ്യവാൻ വാഴ്ത്തപ്പെട്ടവനാകുന്നു)

സഹോദരന്മാരേ! ഒരുക്കലും വേർപെടാതെ തന്റെ പിതാവിനോടു കൂടിയിരിക്കുന്ന ഏക പുത്രനെ നാം സ്തോത്രം ചെയ്യണം. അവൻ നമുക്കുവേണ്ടി തന്നെത്തന്നെ താഴ്ത്തുകയും കഷ്ടതകളെ സഹിക്കുകയും ചെയ്തു. അവന്റെ കഷ്ടതയിൽ നാം എല്ലാവരും കഷ്ടതയെ ധരിക്കണം.

വിശ്വാസമെന്ന ഫലത്തെ നൽകേണ്ട അവസരത്തിൽ അശുദ്ധന്മാർ മുന്തിരിത്തണ്ടിനെക്കൂടെ നശിപ്പിച്ചു. മുന്തിരിത്തോപ്പിന്റെ ഉടമസ്ഥന്റെ മേൽ അവർ മരണകുറ്റത്തെ ആരോപിച്ചു. ഒരു മനുഷ്യൻ മരിക്കുന്നതു കൊള്ളാമെന്ന് കയ്യാപ്പാ അവനെക്കുറിച്ച് ദീർഘദർശനം പറയുകയും ചെയ്തു.

ദൈവപുത്രന്റെ കഷ്ടാനുഭവത്തേയും വധത്തിന്റെ ചരിത്രത്തേയും കുറിച്ച് പറയുന്നത് അവനെ സ്നേഹിക്കുന്നവർക്കു ജീവന്റെ തുറമുഖത്ത് ചെന്നു പറ്റിയതുപോലെ ആകുന്നു. ആക്രമിയാൽ അടിമയാക്കപ്പെട്ടവർ ഈ മഹാരാജാവിന്റെ കഷ്ടപ്പാടുമൂലം സ്വതന്ത്രരാക്കപ്പെട്ടിരിക്കുന്നു.

ദൈവപുത്രൻ തന്റെ സാക്ഷാലുള്ള സ്ഥിതിയിൽ വന്നിരുന്നങ്കിൽ അവന്റെ നേരെ നിൽപ്പാനും അവനോടെതിർപ്പാനും ആർക്കു കഴിയുമായിരുന്നു. നമുക്കുവേണ്ടി ജഡത്തിൽ കഷ്ടതയനുഭവിപ്പാൻ അവനു ഇഷ്ടം തോന്നിയതുകൊണ്ട് എല്ലാവന്റെയും രക്ഷയ്ക്കുവേണ്ടി അവൻ മരണം അനുഭവിച്ചു.

അവൻ തന്റെ സ്നേഹം മൂലം നമ്മുടെ ബലഹീനാവസ്ഥയെ ധരിച്ചതിനാൽ അവന്റെ കൂടെ കഷ്ടപ്പെടുവാൻ നമുക്കു താല്പര്യമുണ്ടായിരിക്കണം. നാം അവന്റെ കഷ്ടതയെ ധരിച്ചുകൊണ്ട് അവനോട് പാപമോചനത്തെ യാചിക്കണം. അവൻ തന്റെ ശ്രീഭണ്ഡാരത്തിൽനിന്ന് കൃപയോടെ നമ്മുടെ യാചനകളെ നൽകും. അദൃശ്യനായ പിതാവിനു സ്തുതി. നമുക്കുവേണ്ടി കഷ്ടതയനുഭവിച്ച പുത്രനു വന്ദനം. ജീവൻ നൽകുന്ന റൂഹായ്ക്കു സ്തോത്രം. അവൻ മൂന്നു ക്നൂനാമകളും മൂന്നു നാമങ്ങളും ഏകദൈവവുമാകുന്നു. അവന് എന്നേയ്ക്കും സ്തുതിയുണ്ടായിരിക്കട്ടെ.

കർത്താവേ! നിന്നെ ന്യായം വിസ്തരിച്ച ജനങ്ങളെ നീ വിസ്തരിക്കുമ്പോൾ ഞങ്ങളോടുള്ള ന്യായവിസ്താരത്തിന് നീ പ്രവേശിക്കരുതേ. **മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ**

### ബോവൂസൊ

കഷ്ടാനുഭവത്തിനും കുരിശുമരണത്തിനും വന്നവനായ മിശിഹാ! ഞങ്ങളുടെ അപേക്ഷ കേട്ട് ഞങ്ങളുടെ ആത്മാക്കളോട് കരുണ ചെയ്യണമേ.

*ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ*

കുറ്റക്കാരനായ ആദാമിനുവേണ്ടി നീ എത്രമേൽ വിനയപ്പെട്ടു എന്ന് പറവാൻ കഴിയുന്നവനാരുണ്ട്. ഇസ്രായേൽക്കാർക്ക് നീ പാറയിൽനിന്ന് വെള്ളം കൊടുത്തു. അവർക്ക് ഭക്ഷിപ്പാൻ മന്നായും കാടപ്പക്ഷിയും കൊടുത്തു. നീ ദൈവപുത്രനാകുന്നു എന്ന് വചനങ്ങളാലും പ്രവൃത്തികളാലും നീ അവർക്ക് തെളിയിച്ചു.

*ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ*

അവരോ നിന്നെ ദ്വേഷിക്കയും കുറ്റമില്ലാത്തവനായ നിന്നെ കുറ്റപ്പെടുത്തുകയും മരണമില്ലാത്തവനായ നിന്നെ മരണത്തിനേൽപ്പിക്കയും ദുഷ്പ്രവർത്തിക്കാരായ കള്ളന്മാരോടുകൂടെ നിന്നെ കുരിശിൽ തറയ്ക്കുകയും ചെയ്തു. നിന്റെ കൃപകൾക്കും സഹായങ്ങൾക്കും വേണ്ടി ന്യായമായ പ്രകാരം നിന്നെ സ്തോത്രം ചെയ്‌വാൻ കഴിയുന്നവൻ ആരുണ്ട്.

*ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ*

ഞങ്ങളുടെ കർത്താവേ! നിന്റെ കഷ്ടാനുഭവത്താൽ ആകാശവും ഭൂമിയും കഷ്ടം ധരിച്ചു. നീ എത്രയും വിനയപ്പെട്ടതിനാൽ മാലാഖമാരും മനുഷ്യരും അത്ഭുതപ്പെടുകയും ചെയ്തു.

*ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ*

*(ഈ ബോവൂസായുടെ ആദ്യത്തെ നിറുത്തും അവസാനത്തെ നിറുത്തും അറിയിപ്പിന്റെ ശനിയാഴ്ച മാത്രം താഴെ വരുന്ന പ്രകാരം ചൊല്ലുക)*

<u>ഹാശാ നമസ്കാരം (സായാഹ്നം)</u>

<u>ആദ്യത്തെ നിറുത്ത്</u>

തന്റെ ശബ്ദം മൂലം മരിച്ചവരെ കബറുകളിൽ നിന്ന് ഉയിർപ്പിക്കുന്ന പുത്രൻ ഉയിർപ്പു ദിവസത്തിൽ അവരെ മഹത്ത്വത്തിന്റെ അങ്കി ധരിപ്പിക്കുന്നു.

*ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ*

<u>അവസാനത്തെ നിറുത്ത്</u>

മരിച്ചവരെ കബറുകളിൽനിന്നുയർപ്പിക്കുകയും ഉയിർപ്പു ദിവസത്തിൽ അവരെ മഹത്ത്വത്തിന്റെ അങ്കി ധരിപ്പിക്കുകയും ചെയ്യുന്നവനേ! നിനക്ക് സ്തുതി.

*ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ*

***(പൊതുവായ ശുശ്രൂഷകൾക്ക് സംബന്ധിഷാൻ സാധിക്കാത്തവർ പെസഹാ വ്യാഴം / ദുഃഖ വെള്ളി / അറിയിഷിന്റെ ശനി എന്നീ ദിവസങ്ങളിലേക്കുള്ള പ്രത്യേക പ്രാർത്ഥന അവസാനഭാഗത്ത് കൊടുത്തിട്ടുള്ളത് ഇവിടെ ചൊല്ലണം)***

**ഞങ്ങളുടെ കർത്താവായ യേശുമിശിഹാ!** നിന്റെ കരുണയുടെ വാതിൽ ഞങ്ങളുടെ നേരെ നീ അടയ്ക്കരുതേ. കർത്താവേ! ഞങ്ങൾ പാപികളാകുന്നു എന്നു ഞങ്ങൾ ഏറ്റു പറയുന്നു. ഞങ്ങളോടു കരുണയുണ്ടാകണമേ.

കർത്താവേ! നിന്റെ മരണത്താൽ ഞങ്ങളുടെ മരണം മാഞ്ഞുപോകുവാനായിട്ട് നിന്റെ സ്നേഹം നിന്റെ സ്ഥാനത്തു നിന്ന് ഞങ്ങളുടെ അടുക്കലേക്ക് നിന്നെ ഇറക്കിക്കൊണ്ടു വന്നു; ഞങ്ങളോടു കരുണയുണ്ടാകണമേ.

**ഹാശാ കൗമാ**

# സൂത്താറാ നമസ്കാരം

**ഹാശാ കൗമാ**

<u>കോലോകൾ</u>

കർത്താവേ! നിന്റെ കഷ്ടാനുഭവം ഞങ്ങളുടെ കഷ്ടതകളെ നീക്കിക്കളയുന്നതും നിന്റെ താഴ്മ ഞങ്ങളെ ഉയർത്തുന്നതും നിന്റെ ദുഃഖം ഞങ്ങളുടെ ദഃഖങ്ങളെ മാറ്റുന്നതും ആയിരിക്കണമേ. നിന്റെ പെസഹായിൽ നിരപ്പും സമാധാനവും ആനന്ദവും ഞങ്ങൾക്ക് വർദ്ധിക്കുമാറാകണമേ. നിന്റെ സ്കീപ്പാ വലത്തുഭാഗത്തെ മഹത്ത്വമുള്ള നിരയിലേക്കു ഞങ്ങളെ കൊണ്ടു പോകുന്നതായിരിക്കണമേ. നിന്റെ മരണത്താൽ ഞങ്ങളെ ജീവിപ്പിക്കണമെ. നിന്റെ ഉയിർപ്പിനാൽ ഞങ്ങളെ ശുദ്ധീകരിക്കയും ചെയ്യണമേ. ബാറക്മോർ

കർത്താവേ! സ്ലീബായുടെ കഷ്ടതകളെ അനുഭവിപ്പാനായിട്ട് തിരുവിഷ്ടത്താൽ നീ ഇറങ്ങിവരികയും ദുഷ്ടൻ കീഴ്പ്പെടുത്തിയ ഞങ്ങളുടെ ബലഹീനവർഗ്ഗത്തിനു വേണ്ടി യഹൂദരിൽ നിന്ന് ആക്ഷേപം അനുഭവിക്കുകയും ചെയ്തതിനാൽ ദീർഘദർശനവചനങ്ങളെല്ലാം നിവർത്തിയായതു കൊണ്ട് നിബിയന്മാരുടെ കൂട്ടമൊക്കെയും സന്തോഷിക്കുന്നു. ദൈവപുത്രാ! നീ ചെയ്ത സർവ്വരക്ഷകൾക്കും വേണ്ടി നിന്നെ സ്തുതിപ്പാൻ ഞങ്ങളുടെ നാവുകൾക്ക് പ്രാപ്തി പോരാ. ഞങ്ങളുടെ പാപങ്ങൾക്കു വേണ്ടി കരയുവാൻ ഞങ്ങൾക്ക് കണ്ണുനീരുകളും പോരാ. ന്യായപ്രകാരം നിന്റെ അനുകൂലം ഞങ്ങളിൽ ഉണ്ടാകുവാൻ മാർഗ്ഗവും കാണുന്നില്ല. ആയതുകൊണ്ട് നിന്റെ കരുണയിൽ മാത്രം ഞങ്ങൾ ആശ്രയിക്കുന്നു. നീ ഞങ്ങളെ തള്ളിക്കളയരുതേ. *മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ*

<u>ബോത്തെദ്ഹാശോ</u>

***(കൂട്ടമായി നമസ്ക്കരിക്കുമ്പോൾ ബോത്തെദ്ഹാശോ മുതൽ ബോവൂസൊ വരെയുള്ള ഭാഗങ്ങൾ ഒന്നോ രണ്ടോ പേർ ചേർന്നു ചൊല്ലുകയും, മറ്റുള്ളവർ കേട്ട് ധ്യാനിച്ച് കുമ്പിടുകയും ചെയ്യണം. ബോവൂസൊയിൽ അലോഹൻ റാഹേമേലൈൻ .. എന്നുള്ളത് എല്ലവരും കൂടി ചൊല്ലണം)***

കർത്താവേ! ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ കഷ്ടാനുഭവം വാഴ്ത്തപ്പെട്ടതാകുന്നു. ഞങ്ങളുടെ നിമിത്തമുള്ള നിന്റെ താഴ്മയും വാഴ്ത്തപ്പെട്ടതാകുന്നു.

സത്യത്തിന്റെ മണവാളനായ യേശു അവന്റെ വിരുന്നിലേയ്ക്ക് നമ്മെ ക്ഷണിച്ചു. നാം ജാഗരണം, നോമ്പ്, പ്രാർത്ഥന, സ്നേഹം, സമാധാനം മുതലായ നല്ല വസ്ത്രങ്ങളെ ധരിച്ചുകൊണ്ട് അവന്റെ കൂടെ സന്തോഷിക്കണം.

അവന്റെ കഷ്ടാനുഭവത്തിന്റെ ഓർമ്മയിൽ നാം ഉറക്കമൊഴിഞ്ഞ് പ്രാർത്ഥിക്കണം. മടിയന്മാരായിരിക്കരുത്. ബുദ്ധിയില്ലാത്ത കന്യകമാർക്കു നാം തുല്യരായിത്തിർന്നിട്ട് മണവറയ്ക്ക് പുറത്ത് തള്ളപ്പെടുവാൻ ഇടയാകാതെ കരുതുകയും വേണം.

കർത്താവേ! നിന്നെ ന്യായം വിസ്തരിച്ച ജനങ്ങളെ നീ വിസ്തരിക്കുമ്പോൾ ഞങ്ങളോടുള്ള ന്യായവിസ്താരത്തിന് നീ പ്രവേശിക്കരുതേ. **മൊറിയോറാഹേമേലെൻ ഉ ആദാറെൻ**

***(ഈ ബോത്തെദ്ഹാശോയുടെ ആദ്യത്തെ നിറുത്ത് അറിയിപ്പിന്റെ ശനിയാഴ്ച മാത്രം താഴെ വരുന്ന പ്രകാരം ചൊല്ലുക)***

(മരണം ആസ്വദിച്ചവനായി ജീവനുള്ളവന്റെ പുത്രനായവൻ വാഴ്ത്തപ്പെട്ടവനാകുന്നു. കബറിൽ നാശം കാണാതിരുന്നിട്ടുള്ള പുണ്യവാൻ വാഴ്ത്തപ്പെട്ടവനാകുന്നു)

## ബോവൂസൊ

*ഞങ്ങളുടെ കർത്താവേ! ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ മഹാകഷ്ടാനുഭവത്തെ ഓർത്ത് ഞങ്ങളോട് കരുണ ചെയ്യണമേ. ഞങ്ങൾ നിന്റെ കഷ്ടാനുഭവത്തിൽ കഷ്ടപ്പെടുന്നവരും നിന്റെ രാജ്യത്തിൽ അവകാശികളും ആയിത്തീരുമാറാകണമേ.

*ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ*

കർത്താവേ! നിന്നാൽ ഞങ്ങളുടെ വിളക്കുകൾ പ്രകാശിക്കുകയും ഞങ്ങളുടെ ആത്മാക്കൾ അലങ്കരിക്കപ്പെടുകയും ചെയ്യുമാറാകണമേ. നിന്റെ കരുണയാൽ നിന്നോടുകൂടെ ഞങ്ങൾ മണവറയിൽ സന്തോഷിക്കയും ചെയ്യുമാറാകണമേ.

*ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ*

ഞങ്ങളുടെ വിളക്കുകൾ കെട്ടുപോയിട്ട് മണവാളൻ വരുമ്പോൾ ബുദ്ധിയില്ലാത്ത സ്ത്രീകളെപ്പോലെ വാതിലിനു പുറത്ത് തള്ളപ്പെടുമാറാകരുതേ. കർത്താവേ! നിന്നാൽ ഞങ്ങളുടെ പാപങ്ങൾ പരിഹരിക്കപ്പെടുകയും ഞങ്ങളുടെ ആത്മാക്കൾ ശുദ്ധീകരിക്കപ്പെടുകയും ബുദ്ധിയുള്ള കന്യകമാരെപ്പോലെ വിളക്കുകൾ പ്രകാശിപ്പിച്ചുകൊണ്ട് നിന്നെ എതിരേൽക്കുകയും ചെയ്യുമാറാകണമേ.

*ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ*

*ഞങ്ങളുടെ കർത്താവേ! ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ മഹാകഷ്ടാനുഭവത്തെ ഓർത്ത് ഞങ്ങളോടു കരുണ ചെയ്യണമേ. ഞങ്ങൾ നിന്റെ കഷ്ടാനുഭവത്തിൽ കഷ്ടപ്പെടുന്നവുരം നിന്റെ രാജ്യത്തിൽ അവകാശികളും ആയിത്തിരുമാറാകണമേ.

*ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ*

***(ഈ ബോവൂസായുടെ ആദ്യത്തെ നിറുത്തും അവസാനത്തെ നിറുത്തും അറിയിപ്പിന്റെ ശനിയാഴ്ച താഴെക്കാണുന്ന പ്രകാരം ചൊല്ലുക)***

*തന്റെ മരണത്താൽ ഞങ്ങളുടെ അടിമത്തം നീക്കിയ പുത്രൻ തമ്പുരാനേ! ഞങ്ങളോടു കരുണ ചെയ്യണമേ. ഞങ്ങൾക്കു വേണ്ടി മരിച്ചവനായ മിശിഹാ! ഞങ്ങൾക്കും ഞങ്ങളുടെ മരിച്ചുപോയവർക്കും പാപപരിഹാരം നൽകണമേ.

*ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ*

**കുറിയേലയിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ**

## 91-ാം മസ്മൂർ 121-ാം മസ്മൂർ (വിശുദ്ധ ഗ്രന്ഥം)

(91) ബാറെക്മോർ, അത്യുന്നതന്റെ മറവിൽ ഇരിക്കുന്നവനും ദൈവത്തിന്റെ നിഴലിൽ മഹത്വപ്പെടുന്നവനുമായ (മനുഷ്യാ)!

ബാറെക്മോർ. നീ കർത്താവിനോടു എന്റെ ശരണവും എന്റെ സങ്കേത സ്ഥലവും, ഞാൻ ആശ്രയിച്ചിരിക്കുന്ന ദൈവവും (നീ ആകുന്നു) എന്നു പറയുക.

എന്തെന്നാൽ താൻ വിരുദ്ധത്തിന്റെ കെണിയിൽ നിന്നും വ്യർത്ഥ സംസാരത്തിൽ നിന്നും നിന്നെ രക്ഷിക്കും.

തന്റെ തൂവലുകൾ കൊണ്ട് നിന്നെ രക്ഷിക്കും. തന്റെ ചിറകുകളുടെ കീഴിൽ നീ മറയ്ക്കപ്പെടും. തന്റെ സത്യം നിന്റെ ചുറ്റിലും ആയുധമായിരിക്കും

നീ രാത്രിയിലെ ഭയത്തേയും, പകൽ പറക്കുന്ന അസ്ത്രത്തേയും ഇരുട്ടിൽ സഞ്ചരിക്കുന്ന വചനത്തേയും ഉച്ചയിൽ ഊതുന്ന കാറ്റിനേയും ഭയപ്പെടേണ്ട.

നിന്റെ ഒരു ഭാഗത്തു ആയിരങ്ങളും നിന്റെ വലതുഭാഗത്തു പതിനായിരങ്ങളും വീഴും,

അവ നിങ്കലേക്ക് അടുക്കുകയില്ല. എന്നാലൊ നീ സ്വന്ത കണ്ണുകൾകൊണ്ടു നോക്കി ദുഷ്ടന്മാർക്കുള്ള പ്രതിഫലം കാണും.

എന്തെന്നാൽ ഉയരങ്ങളിൽ വാസസ്ഥലമാക്കിയ എന്റെ ശരണമായ കർത്താവ് നീ ആകുന്നു.

ദോഷം നിന്നോടടുക്കുകയില്ല. ശിക്ഷ നിന്റെ കൂടാരത്തെ സമീപിക്കുകയുമില്ല.

നിന്റെ സകല വഴികളിലും നിന്നെ കാക്കേണ്ടുന്നതിന്ന് അവൻ നിന്നെക്കുറിച്ചു തന്റെ മാലാഖമാരോടു കല്പിക്കും.

നിന്റെ കാൽ ഇടറാതിരിപ്പാൻ അവരുടെ ഭുജങ്ങളിൽ നിന്നെ വഹിക്കും.

ഗോർസൊ സർപ്പത്തേയും ഹർമോനൊ സർപ്പത്തേയും നീ ചവിട്ടും സിംഹത്തേയും പെരുമ്പാമ്പിനേയും നീ മെതിക്കും.

അവൻ എന്നെ അന്വേഷിച്ചതുകൊണ്ട് ഞാൻ അവനെ രക്ഷിക്കും; അവൻ എന്റെ നാമം അറിഞ്ഞതുകൊണ്ട് ഞാൻ അവനെ ബലപ്പെടുത്തും. അവൻ എന്നെ വിളിക്കും ഞാൻ അവനോട് ഉത്തരം പറയും. ആപത്തുകാലത്ത് ഞാനവനോടുകൂടെയിരുന്ന് അവനെ ബലപ്പെടുത്തുകയും ബഹുമാനിക്കുയും ചെയ്യും.

ദീർഘായുസുകൊണ്ട് ഞാൻ അവനെ തൃപ്തിപ്പെടുത്തും. എന്റെ രക്ഷ ഞാൻ അവനെ കാണിക്കയും ചെയ്യും.

(120) ഞാൻ പർവ്വതത്തിലേക്കു എന്റെ കണ്ണുകളെ ഉയർത്തും. എന്നെ സഹായിക്കുന്നവൻ എവിടെ നിന്നു വരും?

എന്റെ സഹായം ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവിന്റെ സന്നിധിയിൽ നിന്നാകുന്നു.

താൻ നിന്റെ കാൽ വഴുതുവാൻ സമ്മതിക്കുകയില്ല. നിന്റെ കാവൽക്കാരൻ ഉറക്കം തൂങ്ങുകയില്ല.

എന്തെന്നാൽ ഇസ്രായേലിന്റെ കാവൽക്കാരൻ ഉറക്കം തൂങ്ങുന്നുമില്ല. ഉറങ്ങുന്നുമില്ല.

നിന്റെ കാവൽക്കാരൻ കർത്താവാകുന്നു. കർത്താവു വലങ്കൈകൊണ്ടു നിന്നെ ചൂടും.

പകൽ ആദിത്യനും രാത്രിയിൽ ചന്ദ്രനും നിന്നെ ഉപദ്രവിക്കുകയില്ല.

കർത്താവു സകല ദോഷങ്ങളിൽ നിന്നും നിന്നെ കാത്തുകൊള്ളും. താൻ നിന്റെ ആത്മാവിനെ കാത്തുകൊള്ളും.

കർത്താവു നിന്റെ ഗമനത്തെയും നിന്റെ ആഗമനത്തെയും ഇതുമുതൽ എന്നേയ്ക്കും കാത്തുകൊള്ളും

**ദൈവമേ സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.**

ഹാലേലുയ്യാ ഉഹാലേലുയ്യാ ഉ ഹാലേലുയ്യാ,
മെൻഓലം വാദാമൊൽ ഓലം ഓൽമീനാമ്മീൻ

## മോർ സേവേറിയോസിന്റെ അപേക്ഷ

മഹോന്നതന്റെ മറവിൽ ഇരിക്കുന്നവനായ കർത്താവേ നിന്റെ കരുണയിൽ ചിറകുകളുടെ നിഴലിൽ കീഴിൽ ഞങ്ങളെ മറച്ച്, ഞങ്ങളോട് കരുണ ചെയ്യണമേ.

സകലവും കേൾക്കുന്നവനേ! നിന്റെ കരുണയാൽ നിന്റെ ദാസരുടെ അപേക്ഷ നീ കേൾക്കണമേ.

മഹത്വമുള്ള രാജാവും ഞങ്ങളുടെ രക്ഷകനുമായ മിശിഹാ! നിരപ്പുനിറഞ്ഞിരിക്കുന്ന സന്ധ്യയും പുണ്യമുള്ള രാവും ഞങ്ങൾക്കു നീ തരണമേ.

ഞങ്ങളുടെ കണ്ണുകൾ നിന്റെ അടുക്കലേയ്ക്ക് ഉയർത്തിയിരിക്കുന്നു. ഞങ്ങളുടെ കടങ്ങളും പാപങ്ങളും പരിഹരിച്ച് ഇഹവും പരവുമായ രണ്ടു ലോകങ്ങളിലും ഞങ്ങളോടു കരുണചെയ്യണമേ.

കർത്താവേ! നിന്റെ കരുണ ഞങ്ങളെ മറച്ച് നിന്റെ കൃപ ഞങ്ങളുടെ മുമ്പിൽ

നിൽക്കണമേ. നിന്റെ സ്ലീബാ ദുഷ്ടനിൽ നിന്നും അവന്റെ സൈന്യങ്ങളിൽ നിന്നും ഞങ്ങളെ കാത്തുകൊള്ളണമേ.

ഞങ്ങൾ ജീവനോടിരിക്കുന്ന നാളുകളൊക്കെയും നിന്റെ വലതുകൈ ഞങ്ങളുടെ മേൽ ആവസിപ്പിക്കണമേ.

നിന്റെ സമാധാനം ഞങ്ങളുടെ ഇടയിൽ വാഴുമാറാകണമേ. നിന്നോടപേക്ഷിക്കുന്ന ആത്മാക്കൾക്കു ശരണവും രക്ഷയും നീ ഉണ്ടാക്കണമേ.

നിന്നെ പ്രസവിച്ച മറിയാമിന്റെയും നിന്റെ സകല പരിശുദ്ധന്മാരുടേയും പ്രാർത്ഥനയാൽ ദൈവമേ! ഞങ്ങളുടെ കടങ്ങൾക്ക് പരിഹാരമുണ്ടാക്കി ഞങ്ങളോടു കരുണചെയ്യണമേ.

### ഹാശാ കൗമാ

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ........

# വിശ്വാസ പ്രമാണം

സർവശക്തിയുള്ള പിതാവായി ആകാശത്തിന്റെയും ഭൂമിയുടെയും.............

കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റെയും സ്രഷ്ടാവായ സത്യേക ദൈവത്തിൽ (ഞങ്ങൾ വിശ്വസിക്കുന്നു).

ദൈവത്തിന്റെ ഏക പുത്രനും, സർവലോകങ്ങൾക്കും മുമ്പേ പിതാവിൽ നിന്നു ജനിച്ചവനും,പ്രകാശത്തിൽ നിന്നുള്ള പ്രകാശവും, സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും, ജനിച്ചവനും സൃഷ്ടിയല്ലാത്തവനും, സാരാംശത്തിൽ പിതാവിനോടു ഒന്നായിരിക്കുന്നവനും, താൻമൂലം സകലവും ഉളവായവനും, മനുഷ്യരായ ഞങ്ങൾക്കും ഞങ്ങളുടെ രക്ഷയ്ക്കും വേണ്ടി തിരുമനസ്സായ പ്രാകരം ✝ സ്വർഗത്തിൽ നിന്നിറങ്ങി, പരിശുദ്ധ റൂഹായിൽ നിന്നും ദൈവമാതാവായ വിശുദ്ധ കന്യക മറിയാമിൽ നിന്ന് ✝ ശരീരിയായിത്തീർന്നു മനുഷ്യനായി, പൊന്തിയോസ് പീലാത്തോസിന്റെ ദിവസങ്ങളിൽ ഞങ്ങൾക്കുവേണ്ടി ✝ കുരിശിൽ തറയ്ക്കപ്പെട്ട്, കഷ്ടത അനുഭവിച്ചു മരിച്ച്, അടക്കപ്പെട്ട്, മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റു സ്വർഗത്തിലേക്കു കരേറി തന്റെ പിതാവിന്റെ വലതുഭാഗത്ത് ഇരുന്നവനും, ജീവനുള്ളവരേയും മരിച്ചവരേയും വിധിപ്പാൻ തന്റെ വലിയ മഹത്ത്വത്തോടെ ഇനിയും വരുവാനിരിക്കുന്നവനും, തന്റെ രാജ്യത്തിനു അവസാനമില്ലാത്തവനുമായ യേശുമ്ശീഹാ ആയ ഏക കർത്താവിലും (ഞങ്ങൾ വിശ്വസിക്കുന്നു.)

സകലത്തേയും ജീവിപ്പിക്കുന്ന കർത്താവും പിതാവിൽ നിന്നു പുറപ്പെട്ടു പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ടു സ്തുതിക്കപ്പെടുന്നവനും, നിബിയന്മാരും ശ്ളീഹന്മാരും മുഖാന്തരും സംസാരിച്ചവനുമായ ജീവനും വിശുദ്ധിയുമുള്ള ഏക റൂഹായിലും, കാതോലികവും, ശ്ളൈഹികവുമായ ഏക വിശുദ്ധ സഭയിലും (ഞങ്ങൾ വിശ്വസിക്കുന്നു.)

പാപമോചനത്തിനു മാമോദീസാ ഒന്നു മാത്രമാകുന്നു എന്നു ഞങ്ങൾ ഏറ്റു പറഞ്ഞ്, മരിച്ചുപോയവരുടെ ഉയിർപ്പിനും, വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനുമായി ഞങ്ങൾ നോക്കി പാർക്കുന്നു.

| | |
|---|---|
| ജനം: | ആമ്മീൻ |
| ശുശ്രൂഷകൻ: | ബാറെക്മോർ, സ്തൗമെൻകാലോസ് |
| ജനം: | കുറിയേലായിസോൻ |

## ഹൂത്തോമ്മോ - സ്ളീബോ സ്ഗീദോ

മാലാഖമാർക്കു ബഹുമാനമുള്ളതും പിശാചുക്കൾക്കു ഭയങ്കരവും സത്യവിശ്വാസികൾക്കു ബലമുള്ള കോട്ടയും ആകുന്ന ദൈവപുത്രന്റെ വന്ദ്യ സ്ളീബാ രാത്രിയിലും പകലും സന്ധ്യയിലും പ്രഭാതത്തിലും മദ്ധ്യാഹ്നത്തിലും എല്ലാ നാഴികയിലും എല്ലാ സമയത്തും നമ്മോടുകൂടെയും നമ്മുടെ ഇടയിലും ഇരുന്നു നമ്മെ കാത്തു മറച്ചുകൊള്ളുമാറാകട്ടെ. ദുഷ്ടമനുഷ്യരുടെ കഠിന കോപത്തിൽ നിന്നും പിശാചുക്കളുടെയും അവിശ്വാസികളുടെയും അസൂയയിൽ നിന്നും ഉപദ്രവമുള്ള അധികാരങ്ങളിൽ നിന്നും ദയവില്ലാത്ത യജമാനന്മാരുടെ കൈകളിൽ നിന്നും രഹസ്യവും പരസ്യവുമായ ശത്രുക്കളിൽ നിന്നും ബലം ചെയ്യുന്ന കൈയിൽ നിന്നും അന്യമായ കാലിൽ നിന്നും സാത്താന്റെ കെണികളിൽ നിന്നും ആത്മാവിനെയും ശരീരത്തെയും നശിപ്പിക്കുന്ന ദുർവികാരങ്ങളിൽ നിന്നും പാപത്തിന്റെ ശക്തിയിൽ നിന്നും നാം ഒഴിഞ്ഞു രക്ഷപ്പെട്ടു വീണ്ടുകൊള്ളപ്പെടുമാറാകട്ടെ. ആയതു കരുണയുള്ള മാതാവും ജയം ധരിക്കുന്ന വളും രണ്ടാമത്തെ സ്വർഗ്ഗവും സത്യ ക്രിസ്ത്യാനികളുടെ പുകഴ്ചയും ആയിരിക്കുന്ന മാലിന്യമില്ലാത്ത വിശുദ്ധ കന്യകയായി ദൈവമാതാവായിരിക്കുന്ന മറിയാമിന്റെ പ്രാർത്ഥനകളാലും അപേക്ഷകളാലും തന്നെ. ബാറെക്മോർ.

ജയകരവും രക്ഷാകരവും ജീവിപ്പിക്കുന്നതുമായ സ്ളീബായുടെ വലിയ ശക്തിയാലും നിബിയന്മാരുടെയും ശ്ലീഹന്മാരുടെയും സഹദേന്മാരുടെയും മൗദ്യാനന്മാരുടെയും നീതിമാന്മാരുടെയും ആചാര്യന്മാരുടെയും വിശുദ്ധ പിതാക്കന്മാരുടെയും സത്യ ഇടയന്മാരുടെയും സ്തുതി ചൊവ്വാക്കപ്പെട്ട മല്പാന്മാരുടെയും പ്രാർത്ഥനകളാലും വിശുദ്ധ സഭയിലെ മല്പാന്മാരായ മോർ അപ്രേമിന്റെയും മോർ യാക്കോബിന്റെയും മോർ ഇസഹാക്കിന്റെയും മോർ ബാലായിയുടെയും മോർ ബർസൗമായുടെയും പ്രാർത്ഥനകളാലും മോർ തോമാശ്ലീഹായുടെയും ശ്രേഷ്ഠനും ദൈവിക സഹദേന്മാരുടെ കിരീടവുമായ മോർ ഗീവർഗീസ് സഹദായുടെയും മോർ ബഹനാമിന്റെയും അവന്റെ സഹോദരിയായ സാറയുടേയും അവന്റെ കൂട്ടുകാരായ നാല്പതു സഹദേന്മാരുടേയും പ്രാർത്ഥനകളാലും മോർ യോഹന്നാൻ മാംദോനോയുടെയും മോർ സ്തേപ്പാനോസ് ശെമ്മാശ്ശന്റെയും പ്രാർത്ഥനകളാലും നമ്മുടെ കർത്താവിനെ സ്നേഹിച്ചു തന്റെ കല്പനകളെ ആചരിച്ചിട്ടുള്ള വിശുദ്ധന്മാരുടെ സംഘം മുഴുവന്റെയും പ്രാർത്ഥനകളാലും ഞങ്ങളോടുകൂടെ (ഈ

പ്രാർത്ഥനയെ) യോഗ്യമാം വിധം നിവൃത്തിച്ചിട്ടുള്ള നമ്മുടെ മാതാപിതാക്കന്മാരും സഹോദരീസഹോദരങ്ങളും ഗുരുക്കന്മാരായുള്ളോരേ! ഇന്നു ഞങ്ങൾക്കും നിങ്ങൾക്കും അദ്ധ്യക്ഷനായിരിക്കുന്ന മോറാൻ മോർ ഇഗ്നാത്തിയോസിന്റെയും മോർ ബസേലിയോസിന്റെയും മോർ ഗ്രീഗോറിയോസിന്റെയും നമ്മുടെ മേൽപട്ടക്കാരൻ മോർ....... പ്രാർത്ഥനകളാലും നാം എന്നേക്കും കാത്തുകൊള്ളപ്പെടുകയും ചെയ്യുമാറാകട്ടെ. ബാറെക്മോർ.

ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവിന് നിങ്ങൾ എല്ലാവരും അനുഗ്രഹിക്കപ്പെട്ടവരാകുന്നു. ഈ ആത്മീയ ശുശ്രൂഷയിൽ ഞങ്ങളോടുകൂടെ സംബന്ധിച്ച എല്ലാവരേയും ദൈവം വാഴ്ത്തി പുണ്യപ്പെടുത്തുമാറാകട്ടെ. ദൈവമായ കർത്താവു നമ്മെയും വിശ്വാസികളായ നമ്മുടെ മരിച്ചുപോയവരെയും പുണ്യപ്പെടുത്തുമാറാകട്ടെ. * പിതാവും പുത്രനും പരിശുദ്ധ റൂഹായുമായുള്ളോവേ! ബലഹീനങ്ങളും കുറവുള്ളവയുമായ ഞങ്ങളുടെ പ്രാർത്ഥനകൾ ഉന്നതവും ഭയങ്കരവുമായ നിന്റെ സിംഹാസനത്തിന്റെ മുമ്പാകെ കേൾക്കപ്പെട്ടവയും അംഗീകരിക്കപ്പെട്ടവയുമാക്കിത്തീർക്കണമേ. ആബോ വബ്റോവ്റൂഹോ കാദീശോ, ഹോശോ.......ആമീൻ.

ആമ്മീൻ- കുറിയേ....കുറിയേ.......കുറിയേ.........ഞങ്ങളുടെ കർത്താവേ ഞങ്ങളോട് കരുണചെയ്യണമേ. ഞങ്ങളുടെ കർത്താവേ കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമേ. ഞങ്ങളുടെ കർത്താവേ ഉത്തരമരുളിച്ചെയ്തു ഞങ്ങളോടു കരുണചെയ്യണമേ. ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി. ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി. എന്നേക്കും ഞങ്ങളുടെ ശരണവുമേ നിനക്കു സ്തുതി.

ബാറെക്മോർ.

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ......

കൃപനിറഞ്ഞ മറിയമേ...

# പാതിരാത്രീയുടെ നമസ്കാരം

## ഒന്നാം കൗമാ

*പ്രാരംഭ സുതുതി : പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ... ഇത്യാദി*

**ഹാശാ കൗമാ**

### അപേക്ഷ

ഉറക്കമില്ലാത്ത ഉണർവുള്ളവനായ കർത്താവേ! നിന്റെ ഉണർവിനെ സ്തുതിപ്പാനായിട്ട് പാപമുഴുകലിൽ നിന്ന് ഞങ്ങളുടെ ഉറക്കത്തെ നീ ഉണർത്തണമേ. മരണമില്ലാത്ത ജീവനുള്ളവനേ! നിന്റെ കരുണയെ വന്ദിപ്പാനായിട്ട് മരണവും ക്ഷയവും ആകുന്ന നിദ്രയിൽ നിന്ന് ഞങ്ങളുടെ മരണത്തെ നീ ജീവിപ്പിക്കണമേ. പിതാവും പുത്രനും പരിശുദ്ധറൂഹായുമായുള്ളോവേ! സ്വർഗ്ഗത്തിലും ഭൂമിയിലും നീ സ്തുതിക്കപ്പെട്ടവനും വാഴ്ത്തപ്പെട്ടവനും ആക കൊണ്ട് നിന്നെ സ്തുതിക്കുന്നവരായ സ്വർഗ്ഗീയ മാലാഖമാരുടെ മഹത്വമുള്ള വൃന്ദങ്ങളോടൊന്നിച്ച് വിശുദ്ധിയോടുകൂടി ഇപ്പോഴും എല്ലാക്കാലത്തും എന്നേക്കും നിന്നെ സ്തുതിച്ചു പുകഴ്ത്തുവാൻ ഞങ്ങളെ യോഗ്യരാക്കണമേ. ആമ്മീൻ.

133,118,116 മസ്മൂർകൾ

ബാറെക്മോർ രാത്രികാലങ്ങളിൽ കർത്താവിന്റെ ഭവനത്തിൽ നിൽക്കുന്നവരായി കർത്താവിന്റെ സകല ദാസന്മാരുമേ! നിങ്ങൾ കർത്താവിനെ സ്തുതിപ്പിൻ.

ബാറെക്മോർ, നിങ്ങൾ നിങ്ങളുടെ കൈകൾ ഉയർത്തി കർത്താവിനെ സ്തുതിപ്പിൻ

ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവ് സെഹിയോനിൽ നിന്ന് നിന്നെ അനുഗ്രഹിക്കും.

(118:169-176) കർത്താവേ! എന്റെ സ്തുതി തിരുമുമ്പാകെ പ്രവേശിക്കട്ടെ; തിരുവചനത്താൽ എന്നെ ജീവിപ്പിക്കണമെ. എന്റെ അപേക്ഷ തിരുമുമ്പാകെ പ്രവേശിക്കട്ടെ; തിരുവചനത്താൽ എന്നെ രക്ഷിക്കണമെ

നിന്റെ പ്രമാണങ്ങളെല്ലാം നീതിയുള്ളവയാകകൊണ്ട് എന്റെ നാവു തിരുവചനം ഉച്ചരിക്കും.

നിന്റെ പ്രമാണങ്ങൾ എന്നെ പഠിപ്പിക്കുമ്പോൾ എന്റെ അധരങ്ങൾ നിനക്ക് സ്തുതി പ്രസ്താവിക്കും.

നിന്റെ പ്രമാണങ്ങളിൽ ഞാൻ ഇഷ്ടപ്പെട്ടതുകൊണ്ടു തൃക്കൈ എന്നെ സഹായിക്കണമെ.

എന്റെ ആത്മാവു നിന്റെ രക്ഷയ്ക്കായിട്ട് കാത്തിരുന്നു. നിന്റെ വേദപ്രമാണം ഞാൻ ധ്യാനിക്കുകയും ചെയ്തു.

എന്റെ ആത്മാവു ജീവനോടിരുന്ന് നിന്നെ സ്തുതിക്കട്ടെ. നിന്റെ ന്യായവിധി എന്നെ സഹായിക്കയും ചെയ്യട്ടെ.

കാണാതെപോയ ആടുപോലെ ഞാൻ തെറ്റപ്പോയി. നിന്റെ പ്രമാണങ്ങൾ ഞാൻ മറക്കായ്കകൊണ്ടു ഈ നിന്റെ ദാസനെ അന്വേഷിക്കണമെ.

(116) സകലജാതികളുമേ! കർത്താവിനെ സ്തുതിപ്പിൻ. സകല ജനങ്ങളുമേ! തന്നെ മഹത്വപ്പെടുത്തുവിൻ.

എന്തെന്നാൽ തന്റെ കൃപ നമ്മുടെ മേൽ വർദ്ധിച്ചിരിക്കുന്നു. താൻ സത്യമായിട്ട് എന്നേക്കും കർത്താവാകുന്നു.

ദൈവമേ സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ

### എന് യോനൊ

ആദാമിനെ പറുദീസായിലേക്ക് തിരികെ വരുത്തുവാനായിട്ട് കഷ്ടത അനുഭവിപ്പാൻ മനസ്സുവച്ചവനായി സകലത്തിന്റെയും ഉടയവനായ കർത്താവേ നിനക്കു സ്തുതി.

സൊപ്രേന്മാരുടെ രോഗികളെ സുഖമാക്കിയതിനുപകരം അവർ അവനു സ്ക്കീപ്പായും മരണവും ഒരുക്കിയതിനെ തിരുമനസ്സോടെ അനുഭവിച്ചവനായി സകലത്തിന്റെയും ഉടയവനായ കർത്താവേ! നിനക്കു സ്തുതി.

തന്റെ കഷ്ടതയിൽ ഞങ്ങൾ കഷ്ടപ്പെടുവാനും തനിക്കു സ്തുതിപാടുവാനുമായിട്ട് ഞങ്ങൾക്കു വേണ്ടി കഷ്ടപ്പെട്ടവനായി സകലത്തിന്റെയും ഉടയവനായ കർത്താവേ! നിനക്കു സ്തുതി. ബാറക്മോർ.

ശരീരം ധരിച്ചവനായ ദൈവമേ! നിന്റെ കഷ്ടാനുഭവങ്ങളാൽ ഞങ്ങൾ രക്ഷിപെട്ടിരിക്കുന്നു. നിന്റെ വിലയേറിയ രക്തത്താൽ ഞങ്ങൾ വിലയ്ക്കു വാങ്ങപ്പെട്ടിരിക്കുന്നു. സകലത്തിന്റെയും ഉടയവനെ! നിനക്കു സ്തുതി.

## എക്ബോ

അവൻ മെനഞ്ഞുണ്ടാക്കിയ വായ്കൊണ്ട് തന്നെ മഹത്ത്വപ്പെടുത്തുന്നതിനു പകരം തന്റെ മുഖത്ത് തുപ്പുകയും താൻ പിശാചുക്കളെ പുറത്താക്കിയപ്പോൾ അതു ബെത്സ്ബൂലിനെത്തൊണ്ടാണെന്ന് പറയിക്കുകയും തന്നെ മരണശിക്ഷയ്ക്കു വിധിപ്പാൻ കള്ളസാക്ഷി പറയിക്കുകയും ചെയ്തതുമൂലം കോപത്തോടെ അവരെ നശിപ്പിക്കാതെ ദീർഘക്ഷമയോടെ ഇരിക്കുന്നവനായ കർത്താവ് വാഴ്ത്തപ്പെട്ടവനാകുന്നു. സ്തൗമെൻകാലോസ് കുറിയേലായിസ്സോൻ

## കോലോകൾ

സകലത്തിന്റെയും ഉടയവൻ നമുക്കുവേണ്ടി കൊല്ലപ്പെട്ടിരിക്കുന്നതിനെ ഓർത്താൽ കണ്ണുനീരൊഴുക്കാതെ ഇരിപ്പാൻ ആർക്കു കഴിയും. പാപികളെ രക്ഷിക്കുന്നവൻ ന്യായം വിസ്തരിക്കപ്പെട്ടു. അബ്രഹാമിന്റെ പുത്രൻ അബ്രഹാമിന്റെ തന്നെ പുത്രന്മാരിൽ നിന്ന് ആക്ഷേപവും കഷ്ടതകളും സഹിച്ചു. വഴിതെറ്റിൽ നിന്ന് ഞങ്ങളെ രക്ഷിപ്പാനായിട്ട് കഷ്ടതയനുഭവിച്ചു. കർത്താവേ! ഹൃദയപൂർവ്വമായി നിന്നെ സ്തിപ്പാൻ ഞങ്ങൾക്കു കൃപ നൽകണമേ. ബാറക്മോർ.

രക്ഷിതാവേ! നിന്റെ ആത്മീയ മണവറയിൽ പുതിയ ജീവനിൽ ഞങ്ങളെ ആനന്ദിപ്പിക്കണമേ. നിന്റെ പെസഹായ്ക്കും ഉയിർത്തെഴുന്നേൽപ്പിനും ഞങ്ങളെ കൊണ്ടു ചെന്നടുപ്പിക്കണമേ. നിന്റെ പിതാവിന്റെ മുമ്പിൽ ഞങ്ങളെ നീ ഏറ്റു പറയണമേ. ഞങ്ങളുടെ ആത്മാക്കളോട് കരുണ ചെയ്ത് ഞങ്ങളുടെ പാപക്കറകളെ കഴുകിക്കളയണമേ. ഞങ്ങളുടെ നേരെയുള്ള നിന്റെ സ്നേഹം എത്ര വലിയതാകുന്നു.

## ബോത്തെദ്ഹാശോ

***(കൂട്ടമായി നമസ്കരിക്കുമ്പോൾ ബോത്തെദ്ഹാശോ മുതൽ ബോവൂസൊ വരെയുള്ള ഭാഗങ്ങൾ ഒന്നോ രണ്ടോ പേർ ചേർന്നു ചൊല്ലുകയും, മറ്റുള്ളവർ കേട്ട് ധ്യാനിച്ച് കുമ്പിടുകയും ചെയ്യണം. ബോവൂസൊയിൽ അലോഹൻ റാഹേമേലൈൻ .. എന്നുള്ളത് എല്ലവരും കൂടി ചൊല്ലണം)***

*കർത്താവേ! ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ കഷ്ടാനുഭവം വാഴ്ത്തപ്പെട്ടതാകുന്നു. ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ താഴ്മയും വാഴ്ത്തപ്പെട്ടതാകുന്നു.

സൃഷ്ടികളുടെ ഉടമസ്ഥൻ ഹവ്വായുടെ ശാപം നീക്കുവാനായിട്ട് തന്റെ സ്ഥാനത്തു നിന്നിറങ്ങി വന്ന് മനുഷ്യനായിത്തീരുകയും നമ്മുടെ അടിമത്തം വിടർത്തുവാനായിട്ട് അവന്റെ കൈകളിലും കാലുകളിലും ആണി തറയ്ക്കപ്പെടുകയും വിലാവിൽ കുന്തംകൊണ്ട് കുത്തുകൊള്ളുകയും കവിളത്ത് അടി കൊള്ളുകയും ചെയ്തു. അല്പമായ അപ്പംകൊണ്ട് വലിയ കൂട്ടത്തെ തൃപ്തിപ്പെടുത്തിയതായ അത്ഭുതതത്തേയും അവൻ ചെയ്തിട്ടുള്ള മറ്റനേക അത്ഭുതങ്ങളേയും നന്മകളേയും ത്യജിച്ചുകൊണ്ട് അവൻ മരണത്തിനു യോഗ്യനാകുന്നു എന്ന് സ്വജനങ്ങൾ അട്ടഹസിച്ചു. അവന്റെ ദാഹത്തിനു അവർ ചൊറുക്കാ കൊടുത്തു. ദീർഘകാലം രക്ഷകനില്ലാതെ കിടന്നിരുന്ന അടിമയെ അവൻ വിടർത്തി എന്നുള്ളത് അവർ തിരിച്ചറിഞ്ഞില്ല.

കർത്താവേ! നിന്നെ ന്യായം വിസ്തരിച്ച ജനങ്ങളെ നീ വിസ്തരിക്കുമ്പോൾ ഞങ്ങളോടുള്ള ന്യായവിസ്താരത്തിനു നീ പ്രവേശിക്കുരുതേ.

*മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ*

***(ഈ ബോത്തെദ്ഹാശോയുടെ ആദ്യത്തെ നിറുത്ത് അറിയിപ്പിന്റെ ശനിയാഴ്ച മാത്രം താഴെ വരുന്ന പ്രകാരം ചൊല്ലുക)***

*(മരണം ആസ്വദിച്ചവനായി ജീവനുള്ളവന്റെ പുത്രനായവൻ വാഴ്ത്തപ്പെട്ടവനാകുന്നു. കബറിൽ നാശം കാണാതിരുന്നിട്ടുള്ള പുണ്യവാൻ വാഴ്ത്തപ്പെട്ടവനാകുന്നു)

## ബോവൂസൊ

ഞങ്ങളുടെ കർത്താവേ! ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ വലിയ കഷ്ടാനുഭവത്തെ ഓർത്ത് ഞങ്ങളോട് കരുണ ചെയ്യണമേ. ഞങ്ങൾ നിന്റെ കഷ്ടാനുഭവത്തിൽ കഷ്ടപ്പെടുന്നവരും നിന്റെ രാജ്യത്തിൽ അവകാശികളും ആയിത്തീരുമാറാകണമേ.

*ആലോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ*

രക്ഷിതാവായ മിശിഹാ ആദാമിനു വേണ്ടി കഷ്ടതകളും മരണവും അനുഭവിക്കതക്കവണ്ണം അവനെ സ്നേഹച്ചതിനാൽ അവനുവേണ്ടി അഹങ്കാരികളിൽനിന്ന് അവൻ അനുഭവിച്ച ഞെരുക്കങ്ങൾക്ക് എണ്ണമില്ല. അവൻ കുഷ്ടരോഗികളെ ശുദ്ധീകരിക്കുകയും ചെകിടരെ കേൾക്കുമാറാക്കുകയും ഊമന്മാരെ സംസാരിക്കുമാറാക്കുകയും കുരുടന്മാർക്കു കാഴ്ച കൊടുക്കുയും അത്രെ ചെയ്തത്.

*ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ*

യഹൂദന്മാർ അവന്റെ സ്നേഹത്തിനു പകരം ആക്ഷേപവും പരിഹാസവും അടികളും പീഡകളും മുൾക്കിരീടവും അത്രെ കൊടുത്തത്. സ്വർഗ്ഗത്തിൽ മാലാഖമാർ ഇടവിടാതെ സ്തുതിക്കയും അവന്റെ

നേരെ നോക്കുവാൻ ഭയപ്പെടുകയും ചെയ്യുന്ന ദൈവപുത്രനെ ആചാര്യന്മാർ ദുഷിക്കുന്നു. സൊപ്രേന്മാർ ആക്ഷേപിക്കുന്നു.

*ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ*

ഞങ്ങളുടെ കർത്താവേ! ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ മഹാകഷ്ടാനുഭവത്തെ ഓർത്ത് ഞങ്ങളോടു കരുണ ചെയ്യണമേ. ഞങ്ങൾ നിന്റെ കഷ്ടാനുഭവത്തിൽ കഷ്ടപ്പെടുന്നവരും നിന്റെ രാജ്യത്തിൽ അവകാശികളും ആയിത്തീരുമാറാകണമേ.

*ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ*

***(ഈ ബോവൂസായുടെ ആദ്യത്തെ നിറുത്തും അവസാനത്തെ നിറുത്തും അറിയിപ്പിന്റെ ശനിയാഴ്ച മാത്രം താഴെ വരുന്ന പ്രകാരം ചൊല്ലുക)***

ആദ്യത്തെ നിറുത്ത്

തന്റെ ശബ്ദം മൂലം മരിച്ചവരെ കബറുകളിൽ നിന്ന് ഉയിർപ്പിക്കുന്ന പുത്രൻ ഉയിർപ്പു ദിവസത്തിൽ അവരെ മഹത്ത്വത്തിന്റെ അങ്കി ധരിപ്പിക്കുന്നു.

*ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ*

അവസാനത്തെ നിറുത്ത്

മരിച്ചവരെ കബറുകളിൽനിന്നുയർപ്പിക്കുകയും ഉയിർപ്പു ദിവസത്തിൽ അവരെ മഹത്ത്വത്തിന്റെ അങ്കി ധരിപ്പിക്കുകയും ചെയ്യുന്നവനേ! നിനക്ക് സ്തുതി.

*ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ*

## രണ്ടാം കൗമ

**ഹാശാ കൗമാ**

### എക്ബോ

ഞങ്ങൾക്കുവേണ്ടി കഷ്ടതകളും മരണവും അനുഭവിക്കയും മരണത്താലും കുരിശാലും ഞങ്ങളെ രക്ഷിക്കയും ചെയ്തവൻ വാഴ്ത്തപ്പെട്ടവനാകുന്നു. കർത്താവേ! നീ ഞങ്ങളുടെ സങ്കേതസ്ഥലവും ആശാബന്ധവും ബലമുള്ള കോട്ടയും ആകുന്നു. നിന്നിൽ ശരണം പ്രാപിക്കുന്നവൻ ഒരിക്കലും ലജ്ജിക്കുകയില്ല.

*സ്തൗമെൻകാലോസ് കുറിയേലായിസ്സോൻ*

### കോലോകൾ

സകലത്തേയും വിധിക്കുന്നവനായ നീ ദുഷ്ടന്മാരുടെ മുമ്പാകെ വിധിക്കപ്പെട്ടതും കുറ്റമില്ലാത്ത നീ മരണശിക്ഷയ്ക്ക് ഏൽപ്പിക്കപ്പെട്ടതും നീ കുരിശുമരത്തിൽ തൂങ്ങിക്കിടന്നതും ഓർക്കുകയോ കാണുകയോ ചെയ്താൽ കണ്ണുനീരൊഴുക്കാത്തവൻ ആരാകുന്നു. മിശിഹാ തമ്പുരാനേ! നിനക്കും നിന്റെ പിതാവിനും പരിശുദ്ധ റൂഹായ്ക്കും സ്തുതി.

ബാറക്മോർ

നിങ്ങളിലൊരുവൻ സാത്താനാകുന്നുവെന്നും അവൻ എന്നെ യഹൂദന്മാരുടെ കൈയ്യിൽ ഏൽപ്പിക്കുമെന്നും മൂന്നാം ദിവസം ഞാൻ ഉയിർക്കുമെന്നും തന്റെ ശിഷ്യന്മാരോട് പറഞ്ഞവനായ കർത്താവേ! നിന്റെ ശിഷ്യസ്ഥാനത്തു നിന്ന് ഞങ്ങൾ വേർപിരിഞ്ഞ് സാത്താന് കൂട്ടാളികളാകാതിരിപ്പാൻ ഞങ്ങളെ കാത്തുകൊള്ളണമേ.

*മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ*

### ബോത്തെദ്ഹാശോ

***(കൂട്ടമായി നമസ്ക്കരിക്കുമ്പോൾ ബോത്തെദ്ഹാശോ മുതൽ ബോവൂസൊ വരെയുള്ള ഭാഗങ്ങൾ ഒന്നോ രണ്ടോ പേർ ചേർന്നു ചൊല്ലുകയും, മറ്റുള്ളവർ കേട്ട് ധ്യാനിച്ച് കുമ്പിടുകയും ചെയ്യണം. ബോവൂസൊയിൽ അലോഹൻ റാഹേമേലൈൻ .. എന്നുള്ളത് എല്ലവരും കൂടി ചൊല്ലണം)***

*കർത്താവേ! ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ കഷ്ടാനുഭവം വാഴ്ത്തപ്പെട്ടതാകുന്നു. ഞങ്ങളുടെ നിമിത്തമുള്ള നിന്റെ താഴ്മയും വാഴ്ത്തപ്പെട്ടതാകുന്നു.

കർത്താവേ! എത്ര വായ്കളും എത്ര നാവുകളും കൂടിയാലും നിന്റെ താഴ്മയെക്കുറിച്ച് വിവരിപ്പാൻ കഴിയുന്നതല്ല. പാപികൾക്കുവേണ്ടി കുരിശിക്കപ്പെട്ടവനായിട്ട് നിന്റെ പിതാവ് നിന്നെ അയച്ചതിനെ ഉപമിച്ചുകൊണ്ട് അബ്രഹാം തന്റെ പുത്രനെ ബലികഴിപ്പാൻ പോയതിനെ ഓർത്താൽ വിസ്മയിക്കാത്തവൻ ആരുണ്ട്.

തന്റെ സാദൃശ്യം നശിച്ചുപോകാതിരിപ്പാൻ വേണ്ടി തന്നെത്തന്നെ താഴ്ത്തിയ അത്യുന്നതന് സ്തുതി. ആയിരമായിരങ്ങളായിട്ടും പതിനായിരം പതിനായിരങ്ങളായിട്ടും അവന് സ്തുതി. അവനും അവന്റെ പിതാവിനും അവന്റെ പരിശുദ്ധ റൂഹായ്ക്കും സ്തുതി. സകലത്തിന്റെയും ഉടമയായിരിക്കുന്നവൻ വിസ്തരിക്കപ്പെടുവാൻ മൺകട്ടയുടെ മുമ്പാകെ നിൽക്കുന്നതിന് തിരുമനസ്സായതിനാൽ അവന് സ്തുതി.

കർത്താവേ! നിന്നെ ന്യായം വിസ്തരിച്ച ജനങ്ങളെ നീ വിസ്തരിക്കുമ്പോൾ ഞങ്ങളോടുള്ള ന്യായ വിസ്താരത്തിന് നീ പ്രവേശിക്കരുതേ.

*മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ*

***(ഈ ബോത്തെദ്ഹാശോയുടെ ആദ്യത്തെ നിറുത്ത് അറിയിപ്പിന്റെ ശനിയാഴ്ച മാത്രം താഴെ വരുന്ന പ്രകാരം ചൊല്ലുക)***

*(മരണം ആസ്വദിച്ചവനായി ജീവനുള്ളവന്റെ പുത്രനായവൻ വാഴ്ത്തപ്പെട്ടവനാകുന്നു. കബറിൽ നാശം കാണാതിരുന്നിട്ടുള്ള പുണ്യവാൻ വാഴ്ത്തപ്പെട്ടവനാകുന്നു)

## ബോവൂസൊ

*ഞങ്ങളുടെ കർത്താവേ! ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ വലിയ കഷ്ടാനുഭവത്തെ ഓർത്ത് ഞങ്ങളോട് കരുണ ചെയ്യണമേ. ഞങ്ങൾ നിന്റെ കഷ്ടാനുഭവത്തിൽ കഷ്ടപ്പെടുന്നവരും നിന്റെ രാജ്യത്തിൽ അവകാശികളും ആയിത്തീരുമാറാകണമേ.

*ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ*

തന്റെ ദൈവീക സഹായങ്ങളാൽ ഞങ്ങളെ ദർശിച്ചവനായ രക്ഷകൻ വാഴ്ത്തപ്പെട്ടവനാകുന്നു. തന്റെ കഷ്ടാനുഭവത്താൽ ഞങ്ങളുടെ കഷ്ടതകളെല്ലാം മായിച്ചുകളഞ്ഞവൻ വാഴ്ത്തപ്പെട്ടവനാകുന്നു. കരുണയോടും സ്നേഹത്തോടും കൂടെ ഞങ്ങളെ ദർശിച്ചവനായ ദൈവമേ! ഞങ്ങളോടുള്ള നിന്റെ സ്നേഹം എത്ര വലിയതാകുന്നു.

*ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ*

യൂദാസ്ക്കറിയോത്താ ദ്രവാഗ്രഹം നിമിത്തം പോയി തന്റെ ഗുരുവിന്റെ വൈരികളോട് തനിക്ക് വിരോധമായി ആലോചന ചെയ്തതുപോലെ കർത്താവേ! നിന്നെ വിട്ട് ആകൽക്കറുസായോട് ചേരുവാനും നിന്റെ മുറിവുകളെ വേദനപ്പെടുത്തുവാനും ഇടയാകാതെ ഞങ്ങളെ കാത്തുകൊള്ളണമേ.

ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ

*ഞങ്ങളുടെ കർത്താവേ! ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ മഹാകഷ്ടാനുഭവത്തെ ഓർത്ത് ഞങ്ങളോടു കരുണ ചെയ്യണമേ. ഞങ്ങൾ നിന്റെ കഷ്ടാനുഭവത്തിൽ കഷ്ടപ്പെടുന്നവരും നിന്റെ രാജ്യത്തിൽ അവകാശികളും ആയിത്തീരുമാറാകണമേ.

ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ

***(ഈ ബോവൂസായുടെ ആദ്യത്തെ നിറുത്തും അവസാനത്തെ നിറുത്തും അറിയിപ്പിന്റെ ശനിയാഴ്ച മാത്രം താഴെ വരുന്ന പ്രകാരം ചൊല്ലുക)***

ആദ്യത്തെ നിറുത്ത്

തന്റെ ശബ്ദം മൂലം മരിച്ചവരെ കബറുകളിൽ നിന്ന് ഉയിർപ്പിക്കുന്ന പുത്രൻ ഉയിർപ്പു ദിവസത്തിൽ അവരെ മഹത്ത്വത്തിന്റെ അങ്കി ധരിപ്പിക്കുന്നു.

ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ

അവസാനത്തെ നിറുത്ത്

മരിച്ചവരെ കബറുകളിൽനിന്നുയർപ്പിക്കുകയും ഉയിർപ്പു ദിവസത്തിൽ അവരെ മഹത്ത്വത്തിന്റെ അങ്കി ധരിപ്പിക്കുകയും ചെയ്യുന്നവനേ! നിനക്ക് സ്തുതി.

ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ

## മൂന്നാം കൗമാ

**ഹാശാ കൗമാ**

## എക്ബ്ബൊ

ഞങ്ങൾക്കുവേണ്ടി കഷ്ടത അനുഭവിച്ച കർത്താവേ! ഞങ്ങളുടെ ഉദാസീനതമൂലം ഞങ്ങളിൽ വന്നു കൂടിയിരിക്കുന്ന പാപകഷ്ടതകളെ ഞങ്ങളിൽ നിന്ന് നീക്കിക്കളയണമേ. ഞങ്ങളുടെ ശുശ്രൂഷകളെ കൈക്കൊണ്ട് ഞങ്ങളുടെ യാചനകൾക്ക് മറുപടി നൽകുകയും ചെയ്യണമേ.

സ്തൗമെൻകാലോസ് കുറിയേലായിസ്സോൻ

## കോലോകൾ

പാപിനിയായ സ്ത്രീയുടെ കണ്ണുനീരിനെ കൈക്കൊണ്ട് അവൾക്കു മോചനം കൊടുത്തവനായ കർത്താവേ! നിന്റെ ജനത്തോട് കരുണ ചെയ്യണമേ. പത്രോസ് നിന്നെ ഉപേക്ഷിച്ചു പറഞ്ഞിട്ടും അവന്റെ അനുതാപത്തേയും കണ്ണുനീരുകളേയും നീ കൈക്കൊണ്ടതുപോലെ പാപികളായ ഞങ്ങളുടെ പ്രാർത്ഥനകളെ കൈക്കൊണ്ട് ഞങ്ങൾക്കു പാപമോചനം നൽകുകയും ചെയ്യണമേ.

*ബാറക്മോർ*

മാളികയിൽ വച്ച് ശിഷ്യന്മാർക്ക് തന്റെ ശരീരവും രക്തവും കൊടുത്ത് അവരോടു നിങ്ങൾ ഇതിനെ വാങ്ങി ഭക്ഷിക്കുകയും കുടിക്കുകയും ചെയ്വിൻ എന്ന് കൽപിച്ചവനായ കർത്താവേ! നിന്റെ ശരീരവും രക്തവും ഞങ്ങൾക്കു പാപങ്ങളുടെ പരിഹാരത്തിനും മോചനത്തിനും ആയിത്തീരുമാറാകണമേ. അതു ഞങ്ങൾക്കു ശിക്ഷാവിധിക്കായി ഭവിക്കരുതേ.

മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ

## ബോത്തെദ്ഹാശോ

*(കൂട്ടമായി നമസ്ക്കരിക്കുമ്പോൾ ബോത്തെദ്ഹാശോ മുതൽ ബോവൂസൊ വരെയുള്ള ഭാഗങ്ങൾ ഒന്നോ രണ്ടോ പേർ ചേർന്നു ചൊല്ലുകയും, മറ്റുള്ളവർ കേട്ട് ധ്യാനിച്ച് കുമ്പിടുകയും ചെയ്യണം. ബോവൂസൊയിൽ അലോഹൻ റാഹേമേലൈൻ .. എന്നുള്ളത് എല്ലവരും കൂടി ചൊല്ലണം)*

*കർത്താവേ! ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ കഷ്ടാനുഭവം വാഴ്ത്തപ്പെട്ടതാകുന്നു. ഞങ്ങളുടെ നിമിത്തമുള്ള നിന്റെ താഴ്മയും വാഴ്ത്തപ്പെട്ടതാകുന്നു. വഞ്ചകനും ദ്രവ്യാഗ്രഹിയുമായ യൂദസ്ക്കറിയോത്തോ അന്ധകാരത്തിന്റെ പുത്രന്മാരോട് ചേർന്ന് തന്റെ ഗുരുവിന്റെ വില വാങ്ങുകയും ഞാൻ ചുംബിക്കുന്നവനെ പിടിച്ചുകൊള്ളണമെന്ന് അവർക്ക് ലക്ഷ്യം കൊടുക്കുകയും സർവ്വജ്ഞാനിയായ ഗുരുവിനെ "ശ്ലോം റാബി" (ഗുരോ സമാധാനം) എന്ന് പറഞ്ഞ് വഞ്ചനയോടെ ചുംബിക്കുകയും ചെയ്തിട്ടും തന്റെ മഹാശക്തിയാൽ അവനെ നശിപ്പിക്കാതെ ദീർഘക്ഷമയോടെ ഇരുന്നവനായ മിശിഹാതമ്പുരാന്റെ കരുണയും സ്നേഹവും എത്രവലിയതാകുന്നു.

തന്റെ ഗുരുവിനേയും കൂട്ടുശ്ലീഹന്മാരേയും വിട്ടുപോയവനു ഹ! കഷ്ടം. തന്റെ ഗുരുവിനെ വഞ്ചിക്കാമെന്ന് കരുതിയ ഭോഷന് ഹ! കഷ്ടം. സഹോദരന്മാരേ! ദ്രവ്യാഗ്രഹം ദൈവത്തിൽ നിന്ന് മനുഷ്യനെ അകറ്റുന്നതാകുന്നു എന്ന് ഓർത്തുകൊൾവിൻ. കർത്താവിന്റെ സന്നിധിയിൽ വഞ്ചന പെരുമാറാതെ കരുതിക്കൊൾവിൻ. വിശുദ്ധ മാമൂദീസായുടെ പുത്രന്മാരേ! നമ്മുടെ രക്ഷകന്റെ തിരുവിഷ്ടത്തിനു വിരോധമായി സാത്താനോടും അവന്റെ സൈന്യങ്ങളോടും ചേരാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ.

കർത്താവേ! നിന്നെ ന്യായം വിസ്തരിച്ച ജനങ്ങളെ നീ വിസ്തരിക്കുമ്പോൾ ഞങ്ങളോടുള്ള ന്യായവിസ്തരത്തിനു നീ പ്രവേശിക്കരുതേ.

മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ

*(ഈ ബോത്തെദ്ഹാശോയുടെ ആദ്യത്തെ നിറുത്ത് അറിയിപ്പിന്റെ ശനിയാഴ്ച മാത്രം താഴെ വരുന്ന പ്രകാരം ചൊല്ലുക)*

*(മരണം ആസ്വദിച്ചവനായി ജീവനുള്ളവന്റെ പുത്രനായവൻ വാഴ്ത്തപ്പെട്ടവനാകുന്നു. കബറിൽ നാശം കാണാതിരുന്നിട്ടുള്ള പുണ്യവാൻ വാഴ്ത്തപ്പെട്ടവനാകുന്നു)

## ബോവൂസൊ

*തന്റെ കഷ്ടാനുഭവത്താൽ വഴിതെറ്റിൽനിന്നു ഞങ്ങളെ രക്ഷിച്ചവനായ മിശിഹാ! ഞങ്ങളുടെ ശുശ്രൂഷ കൈക്കൊണ്ട് ഞങ്ങളോടു കരുണ ചെയ്യണമേ.

ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ

*(ബോവൂസായുടെ ആദ്യത്തെ നിറുത്ത്, അറിയപ്പിന്റെ ശനിയാഴ്ച താഴെകാണുന്നപ്രകാരം ചൊല്ലണം.)*

*തന്റെ മരണത്താൽ ഞങ്ങളുടെ മരണത്തെ ജീവിപ്പിച്ചവനായ മശിഹാ! ഞങ്ങളുടെ മരിച്ചുപോയവരെ ആശ്വസിപ്പിക്കുകയും ഞങ്ങളോടു കരുണ ഉണ്ടാകുകയും ചെയ്യണമേ.

ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ

തന്റെ മരണത്തിന്റെ ഓർമ്മയ്ക്കായിട്ട് തന്റെ ശരീരവും രക്തവും ഞങ്ങൾക്കു തന്നവനായ കർത്താവേ! ഞങ്ങളോടു കരുണ ചെയ്യണമേ.

ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ

സ്വർഗ്ഗീയ രാജാവേ! നിന്റെ സഭയോടു കരുണ ചെയ്യണമേ. മഹത്ത്വത്തോടെ അതിന്റെ ശിരസ്സിനെ ഉയർത്തണമേ. തന്റെ ശിഷ്യന്മാരുടെ പാദങ്ങളെ കഴുകിയവനായ കർത്താവേ! ഞങ്ങളുടെ പാപങ്ങളെ കഴുകി ഞങ്ങളെ വെടിപ്പാക്കണമേ.

ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ

മേലുള്ളവരുടെ ഉടയവനും താഴെയുള്ളവരുടെ ആശാബന്ധവും ആയുള്ളവനേ! ഞങ്ങളുടെ ശുശ്രൂഷ കൈക്കൊണ്ട് ഞങ്ങളോട് കരുണ ചെയ്യണമേ.

ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ

ഹാലേലുയ്യാ, ഉഹാലേലുയ്യാ, ഉഹാലേലുയ്യാ, ദൈവമേ നിനക്കു സ്തുതി
ഹാലേലുയ്യാ, ഉഹാലേലുയ്യാ, ഉഹാലേലുയ്യാ, ദൈവമേ നിനക്കു സ്തുതി
ഹാലേലുയ്യാ, ഉഹാലേലുയ്യാ, ഉഹാലേലുയ്യാ, ദൈവമേ നിനക്കു സ്തുതി
കരുണയുള്ള ദൈവമേ! നിന്റെ കരുണയാൽ ഞങ്ങളോടു കരുണ ചെയ്യണമേ

*(താഴെ ബ്രാക്കറ്റികനകത്ത് കൊടുത്തിട്ടുള്ള ഭാഗങ്ങൾ പെസഹാ വ്യാഴാഴ്ചയും, അറിയപ്പിന്റെ ശനിയാഴ്ചയും വി. കുർബാനയിൽ സംബന്ധിക്കുന്ന ദിവസങ്ങളിൽ മാത്രം ചൊല്ലിയാൽ മതി.)*

(നാം ദൈവത്തിന്റെ മക്കളായിത്തീരുവാൻ ജീവിച്ചിരുന്നപ്പോൾ നമ്മെ പഠിപ്പിച്ചവരായ നമ്മുടെ പിതാക്കന്മാരെ കുർബനകളിലും പ്രാർത്ഥനകളിലും നാം ഓർക്കണം.

അഴിവില്ലാത്ത ലോകമായ സ്വർഗ്ഗത്തിൽ നീതിമാൻമാരോടും പുണ്യവാൻമാരോടും കൂടെ ദൈവ പുത്രൻ അവരെ ആശ്വസിപ്പിക്കട്ടെ.

**മൊറിയോ.....**

## മൗർബൊ

(ലൂക്കോസ് 1: 46-55)

മറിയാം പറഞ്ഞു; എന്റെ ദേഹി കർത്താവിനെ പുകഴ്ത്തുന്നു. എന്റെ ആത്മാവു എന്നെ ജീവിപ്പിക്കുന്നവനായ ദൈവത്തിൽ സന്തോഷിച്ചു. എന്തെന്നാൽ താൻ തന്റെ ദാസിയുടെ താഴ്മയെ നോക്കിക്കണ്ടു. ഇതാ ഇപ്പോൾ മുതൽ സർവ്വ തലമുറകളും എന്നെ ഭാഗ്യവതി എന്നു കീർത്തിക്കും.

ശക്തനും തന്റെ നാമം പരിശുദ്ധവുമായിരിക്കുന്നവൻ വലിയ കാര്യങ്ങൾ എന്നിൽ പ്രവർത്തിച്ചിരിക്കുന്നു. അവന്റെ കരുണ അവനോടു ഭക്തിയുള്ളവരുടെമേൽ തലമുറതലമുറയായും വംശങ്ങളായും ഉണ്ടായിരിക്കും.

അവൻ തന്റെ ഭുജത്താൽ ജയം ഉണ്ടാക്കി; ഹൃദയ ചിന്തയിൽ അഹങ്കരിച്ചവരെ അവൻ ചിതറിച്ചു. അവൻ ശക്തരെ സിംഹാസനങ്ങളിൽ നിന്ന് തള്ളിയിടുകയും താഴ്മയുള്ളവരെ ഉയർത്തുകയും ചെയ്തു.

വിശന്നിരുന്നവരെ നന്മകൾകൊണ്ട് സംതൃപ്തരാക്കി. സമ്പന്നരെ വ്യർത്ഥമായി അയച്ചു . നമ്മുടെ പിതാക്കന്മാരായ അബ്രഹാമിനോടും എന്നേയ്ക്കും അവന്റെ സന്തതിയോടും സംസാരിച്ച പ്രകാരം അവൻ തന്റെ ദാസനായ ഇസ്രായേലിനെ സഹായിക്കുകയും തന്റെ കരുണയെ ഓർക്കുകയും ചെയ്തു. ബാറെക്മോർ.

***പൊതു മൗർബൊ***

തന്റെ വിനയം നിമിത്തം രാജാക്കന്മാരുടെ നാഥന് മാതാവായ് തീർന്ന മറിയമേ! നിന്റെ പ്രാർത്ഥനകളാൽ ഞങ്ങളെല്ലാവരുടെയും മേൽ കരുണയുണ്ടാവാൻ മശിഹായോട് അപേക്ഷിച്ച് പ്രാർത്ഥിക്കണമേ.

തന്നോടുള്ള സ്നേഹം നിമിത്തം രാജാക്കന്മാരുടെ നാഥന് ബലിയായിത്തീർന്ന സഹദേന്മാരേ! നിങ്ങളുടെ പ്രാർത്ഥനകളാൽ ഞങ്ങളെല്ലാവരുടേയും മേൽ കരുണയുണ്ടാകുവാൻ മിശിഹായോട് അപേക്ഷിച്ച് പ്രാർത്ഥിക്കണമേ.

സകലത്തിന്റെയും നാഥാ! നിന്റെ ശരണത്തിന്മേൽ നിദ്രപ്രാപിച്ച നിന്റെ ദാസന്മാരുടെ ആത്മാക്കളെ നീതിമാന്മാരുടേയും പുണ്യവാന്മാരുടേയും സംഘങ്ങളിൽ രാജ്യത്തിന്റെ മേശമേൽ വസിപ്പിച്ച് വിശ്രമിപ്പിക്കണമേ. ബാറെക്മോർ.

പരിശുദ്ധ മൂന്ന് ക്നൂമാകളായിരിക്കെ സാരാംശ സമമായിരിക്കുന്ന പിതൃപുത്രപരിശുദ്ധത്മാവായ സത്യേക ദൈവത്തിന്റെ ശക്തിക്ക് ഞങ്ങൾ മഹത്ത്വം പാടുന്നു. ആമ്മീൻ.

### 132-ാം മസ്മൂർ

സഹോദരന്മാർ ഒരുമിച്ചു വസിക്കുന്നത് എത്ര നന്മയും എത്ര സൗന്ദര്യവുമാകുന്നു.
അത് അഹറോന്റെ തലയിലും അവന്റെ അങ്കിയുടെ നെഞ്ചിൽ വീണു കിടക്കുന്ന താടിയിലും
ഒലിക്കുന്ന തൈലം പോലെയും സെഹിയോൻ മലമേൽ പൊഴിയുന്ന ഹെർമ്മോൻ മഞ്ഞുപോലെയും ആകുന്നു.
എന്തെന്നാൽ അവിടെ കർത്താവ് എന്നേക്കും അനുഗ്രഹത്തെയും ജീവനേയും കൽപ്പിച്ചു.

ദൈവമേ സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

എന്നിയോനൊ

ദൈവമാതാവിനു ഓർമ്മയും അവളുടെ പ്രാർത്ഥനയാൽ നമുക്കു സഹായങ്ങളും ഉണ്ടാകട്ടെ.
നീതിമാന്മാർക്കു ഓർമ്മയും അവരുടെ പ്രാർത്ഥനയാൽ അവർക്കു സഹായങ്ങളും ഉണ്ടാകട്ടെ.
ദീർഘദർശിമാരുടേയും, ശ്ലീഹന്മാരുടെയും, സഹദേന്മാരുടേയും പ്രാർത്ഥന നമുക്കു കോട്ടയായിരിക്കട്ടെ.
കർത്താവേ! നിന്റെ സഹദേന്മാരുടെ തുറമുഖത്തിനും നിന്റെ സ്നേഹിതന്മാരുടെ കൂടാരങ്ങൾക്കും ഞങ്ങളെ യോഗ്യരാക്കേണമേ.
ദയവാനും കരുണ നിറഞ്ഞവനുമേ! നിന്റെ ന്യായവിധിയുടെ ദിവസത്തിൽ ഞങ്ങളോടു കരുണ ചെയ്യണമേ.
തന്നെ വിളിക്കുന്ന പാപികൾക്കു തന്റെ കരുണയെ വിരോധിക്കാത്തവൻ വാഴ്ത്തപ്പെട്ടവനാകുന്നു.
കർത്താവേ! വിശ്വസ്ത സഭയുടെ മക്കൾക്കു നല്ല ഓർമ്മയുണ്ടാകുമാറാകണമേ.
നിന്റെ ശ്രേഷ്ഠത ഉദിക്കുന്ന ദിവസത്തിൽ അവർ നിന്റെ വലതു ഭാഗത്ത് നിൽക്കുമാറാകണമേ.

വേറൊരു എന്നിയോനൊ

കന്യകയായ ദൈവമാതാവേ! എല്ലാക്കാലത്തും എല്ലാനേരത്തും നിന്റെ പ്രാർത്ഥന ഞങ്ങൾക്കു കോട്ടയായിരിക്കേണമേ.
കർത്താവേ! എല്ലാ നാഴികയിലും ഞങ്ങൾക്കായി കെണികൾ വയ്ക്കുന്ന ദുഷ്ടനെ നിന്റെ പരിശുദ്ധന്മാരുടെ പ്രാർത്ഥനകളാൽ ഞങ്ങളിൽനിന്ന് മായിച്ചു കളയണമേ.
ഞങ്ങളുടെ കർത്താവായ യേശുമിശിഹാ! നിന്റെ സ്ലീബാ ഞങ്ങൾക്കു കോട്ടയായിരിക്കുകയും അതിനകത്ത് ഞങ്ങൾ മറയ്ക്കപ്പെടുകയും ചെയ്യണമേ.
ദൈവവചനമായ യേശുതമ്പുരാനേ! ജീവനോടിരിക്കുന്നവരെ നിന്റെ സ്ളീബായാൽ കാത്തുകൊള്ളുകയും, മരിച്ചുപോയവരെ നിന്റെ കരുണയാൽ പുണ്യപ്പെടുത്തുകയും ചെയ്യണമേ.
നാം ജീവനോടിരിക്കുന്ന നാളുകളൊക്കെയും പിതാവിനെയും പുത്രനെയും പരിശുദ്ധ റൂഹായെയും സ്തുതിച്ച് വന്ദിച്ച് മഹത്ത്വപ്പെടുത്തണം.
ഏറ്റവും കരുണയുള്ളവനായ ഞങ്ങളുടെ ദൈവമേ! നീ എഴുന്നെള്ളുന്നതായ നിന്റെ വലിയ ദിവസത്തിൽ നിന്റെ വലതുഭാഗത്ത് ഞങ്ങളെ നിറുത്തണമേ.
ഈ സമയത്ത് നിനക്കു സ്തുതിപാടുവാൻ ഞങ്ങളെ നീ യോഗ്യരാക്കിക്കൊണ്ട് നിന്റെ രാജ്യം അനുഭവിപ്പാനും ഞങ്ങളെ യോഗ്യരാക്കണമേ.
ഞങ്ങളുടെ മരണത്തിന്റെയും ജീവന്റെയും നാഥനായ കർത്താവേ! നിന്റെ കൃപ ഞങ്ങളുടെ മേൽ ഉണ്ടായി ഞങ്ങളുടെ ആത്മാക്കളിന്മേൽ കരുണ ചെയ്യണമേ.
ഞങ്ങളുടെ മരണത്തിന്റെയും ജീവന്റയും നാഥനായ കർത്താവേ! നിന്റെ കൃപ ഞങ്ങളുടെ മേൽ ഉണ്ടായി ഞങ്ങളുടെ ആത്മാക്കളിന്മേൽ കരുണചെയ്യണമേ.
കർത്താവേ! ഞങ്ങളോടു കരുണചെയ്ത് ഞങ്ങളെ സഹായിക്കണമെ.)

*(ഇതിന്റെ ശേഷം **ഉറങ്ങിയവരേ! നിങ്ങൾ ഉണർന്നെഴുന്നേറ്റു സ്തുതിപ്പിൻ.** എന്നാദിയായി താഴെയുള്ളതു ചൊല്ലണം. കുർബ്ബാനയിൽ സംബന്ധിക്കാത്ത ദിവസങ്ങളിൽ ഹാലേ.......ഉഹാലേ.......ഉഹാലേ......ദൈവമേ! നിനക്കു സ്തുതി എന്നതിന്റെ ശേഷം താഴെ കാണുന്നതുമുതൽ ചൊല്ലിയാൽ മതി).*

കരുണയുള്ള ദൈവമേ! നിന്റെ കരുണയാൽ ഞങ്ങളോടു കരുണചെയ്യണമെ. *മൊറിയോ...*

ഉറങ്ങിയവരേ! നിങ്ങൾ ഉണർന്നെഴുന്നേറ്റു സ്തുതിപ്പിൻ

148, 149, 150 മസ്മൂർകൾ

(148)ആകാശത്തിൽനിന്നു കർത്താവിനെ സ്തുതിപ്പിൻ; അത്യുന്നതങ്ങളിൽ, തന്നെ സ്തുതിപ്പിൻ.
തന്റെ സകല മാലാഖമാരുമേ! തന്നെ സ്തുതിപ്പിൻ; തന്റെ സകല സൈന്യങ്ങളുമേ തന്നെ സ്തുതിപ്പിൻ;
ആദിത്യ ചന്ദ്രന്മാരെ തന്നെ സുതിപ്പിൻ, പ്രകാശമുള്ള സകല നക്ഷത്രങ്ങളുമെ! തന്നെ സ്തുതിപ്പിൻ.
ആകാശങ്ങളുടെ ആകാശങ്ങളും, ആകാശങ്ങൾക്കു മീതെയുള്ള വെള്ളവുമെ! തന്നെ സ്തുതിപ്പിൻ; അവ കർത്താവിന്റെ നാമം സ്തുതിക്കട്ടെ!
എന്തെന്നാൽ താൻ അരുളിച്ചെയ്തു; അവ ഉണ്ടായി. താൻ കൽപ്പിച്ചു; അവ സൃഷ്ടിക്കപ്പെട്ടു.
താൻ എന്നേക്കുമായി അവയെ സ്ഥിരപ്പെടുത്തി. താൻ ഒരു നിയമം നിശ്ചയിച്ചു. അത് അഴിയുന്നതുമല്ല.
ഭൂമിയിൽനിന്നു മഹാസർപ്പങ്ങളും, എല്ലാ ആഴങ്ങളും, അഗ്നിയും, കൽമഴയും, മഞ്ഞും, ഹിമകണങ്ങളും, തന്റെ വചനപ്രകാരം പ്രവർത്തിക്കുന്ന കാറ്റുകളും, കൊടുങ്കാറ്റുകളും

പർവ്വതങ്ങളും, സകല മലകളും, ഫലവൃക്ഷങ്ങളും, സകല കാരകിലുകളും, മൃഗങ്ങളും, സകല കന്നുകാലികളും, ഇഴജന്തുക്കളും, പക്ഷികളും, പറവകളും!

ഭൂമിയിലെ രാജാക്കന്മാരും, സകല ന്യായിധപതിമാരും; ശിശുക്കളും, കന്യകകളും, വൃദ്ധന്മാരും, യൗവ്വനക്കാരും, ആയുള്ളോരേ! കർത്താവിനെ സ്തുതിപ്പിൻ; ഇവർ കർത്താവിന്റെ നാമം സ്തുതിക്കട്ടെ.

എന്തെന്നാൽ തന്റെ നാമം മാത്രം വലുതാകുന്നു. തന്റെ മഹത്വം ആകാശത്തിലും ഭൂമിയിലും വ്യാപിച്ചിരിക്കുന്നു.

സ്വജനത്തിന്റെ കൊമ്പിനെയും, തന്റെ സകല നീതിമാന്മാർക്കും സ്വജനമായ ഇസ്രായേൽക്കാർക്കും മഹത്വത്തേയും ഉയർത്തുന്നു.

(149) കർത്താവിനു ഒരു പുതിയ പാട്ടും, നീതിമാന്മാരുടെ സഭയിൽ തന്റെ സ്തുതിയും പാടുവിൻ. ഇസ്രായേൽ തന്റെ സ്രഷ്ടാവിൽ സന്തോഷിക്കയും, സെഹിയോൻ പുത്രന്മാർ അവരുടെ രാജാവിൽ ആനന്ദിക്കുകയും ചെയ്യട്ടെ.

അവർ തപ്പുകളാലും, ചതുരതപ്പുകളാലും തന്റെ നാമം സ്തുതിക്കുകയും, വീണകൾ കൊണ്ടു തനിക്കു പാടുകയും ചെയ്യട്ടെ.

എന്തെന്നാൽ കർത്താവു തന്റെ ജനത്തിൽ ഇഷ്ടപ്പെടുന്നു. ദരിദ്രന്മാർക്ക് രക്ഷകൊടുക്കുന്നു.

നീതിമാന്മാർ ബഹുമാനത്തിൽ പ്രബലപ്പെടും. അവർ സ്വന്ത കട്ടിലുകളിന്മേൽ തന്നെ സ്തുതിക്കയും, അവരുടെ കണ്ഠങ്ങൾ കൊണ്ട് ദൈവത്തെ പുകഴ്ത്തുകയും ചെയ്യും.

വിജാതികൾക്കു പ്രതിക്രിയയും, സ്വജനത്തിനു ശിക്ഷയും ചെയ്യാനും, അവരുടെ രാജാക്കന്മാരെ ആലാത്തുകൾ കൊണ്ടും, മാന്യന്മാരെ ഇരുമ്പു ചങ്ങല കൊണ്ടും ബന്ധിപ്പാനും, എഴുതപ്പെട്ടിരിക്കുന്ന ന്യായവിധി അവരുടെമേൽ നടത്തുവാനും, സകല നീതിമാന്മാർക്കും മഹത്ത്വം ഉണ്ടാകുവാനുമായിട്ട് അവരുടെ കൈകളിൽ ഇരുമുനവാൾ ഉണ്ട്.

(150) കർത്താവിനെ വിശുദ്ധസ്ഥലത്ത് സ്തുതിപ്പിൻ; തന്റെ ശക്തിയുടെ ആകാശത്തട്ടിൽ തന്നെ സ്തുതിപ്പിൻ.

തന്റെ വല്ലഭത്വത്തിൽ തന്നെ സ്തുതിപ്പിൻ. തന്റെ ശ്രേഷ്ഠതയുടെ ബഹുത്വത്തിൽ തന്നെ സ്തുതിപ്പിൻ. കാഹള ശബ്ദത്താൽ തന്നെ സ്തുതിപ്പിൻ. തംബുരുകളാലും വീണകളാലും തന്നെ സ്തുതിപ്പിൻ.

തപ്പുകളാലും ചതുരതപ്പുകളാലും തന്നെ സ്തുതിപ്പിൻ. രസമുള്ള കമ്പികളാൽ തന്നെ സ്തുതിപ്പിൻ. നാദമുള്ള കൈത്താളങ്ങളാൽ തന്നെ സ്തുതിപ്പിൻ. ശബ്ദത്താലും ആർപ്പുവിളിയാലും തന്നെ സ്തുതിപ്പിൻ. എല്ലാ ശ്വാസവും കർത്താവിനെ സ്തുതിക്കട്ടെ.

(116) സകലജാതികളുമേ! കർത്താവിനെ സ്തുതിപ്പിൻ. സകല ജനങ്ങളുമെ! തന്നെ മഹത്വപ്പെടുത്തുവിൻ.

എന്തെന്നാൽ തന്റെ കൃപ നമ്മുടെ മേൽ വർദ്ധിച്ചിരിക്കുന്നു. താൻ സത്യമായിട്ട് എന്നേക്കും കർത്താവാകുന്നു.

ദൈവമേ സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ

ത്രിത്വത്തിനു സ്തുതി. ത്രിത്വത്തിനു സ്തുതി. സ്തുതിക്കപ്പെട്ടതും ഉണ്മയായതും ആദിയുമന്തവുമില്ലാത്തതുമായ ത്രിത്വത്തെ ഞങ്ങൾ സ്തുതിക്കുന്നു. ദൈവമേ! എല്ലാ നേരത്തും സ്തുതി നിനക്കു യോഗ്യമാകുന്നു.

## കോലോകൾ

നിന്റെ ശിരീരത്താലും രക്തത്താലും നിന്റെ മരണത്തിന്റെയും ഉയിർത്തെഴുന്നേലിപിന്റെയും ഓർമ്മയെ കഴിപ്പാൻ ശിഷ്യന്മാരോടു കൽപ്പിച്ചവനായ കർത്താവേ! ഇടവിടാതെ നിന്നെ സ്തോത്രം ചെയ്‌വാനും നിന്റെ ഉപദേശത്തെ അനുസരിപ്പാനും ഞങ്ങളുടെ ബോധങ്ങളെ പ്രകാശിപ്പിക്കണമേ.

*ബാറക്മോർ*

ഉണർന്നിരുന്ന് പ്രാർത്ഥിപ്പിൻ എന്നു ശിഷ്യന്മാരോടു കൽപ്പിച്ചവനായ കർത്താവേ! ഞങ്ങൾ ഉണർവ്വോടുകൂടെ നിന്നെ സ്തുതിപ്പാൻ കൃപ നൽകണമേ. ഞങ്ങൾക്കുവേണ്ടി പിതാവിന്റെ മുമ്പിൽ മുട്ടുകുത്തി രക്തം വിയർക്കത്തക്കവിധം മരണവേദനയോടെ പ്രാർത്ഥിച്ചവനേ! ഞങ്ങളുടെ നമസ്കാരങ്ങളെ കൈക്കൊള്ളണമേ.

മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ

## ബോത്തെദ്ഹാശോ

***(കൂട്ടമായി നമസ്ക്കരിക്കുമ്പോൾ ബോത്തെദ്ഹാശോ മുതൽ ബോവൂസൊ വരെയുള്ള ഭാഗങ്ങൾ ഒന്നോ രണ്ടോ പേർ ചേർന്നു ചൊല്ലുകയും, മറ്റുള്ളവർ കേട്ട് ധ്യാനിച്ച് കുമ്പിടുകയും ചെയ്യണം. ബോവൂസൊയിൽ അലോഹൻ റാഹേമേലൈൻ .. എന്നുള്ളത് എല്ലവരും കൂടി ചൊല്ലണം)***

*കർത്താവേ! ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ കഷ്ടാനുഭവം വാഴ്ത്തപ്പെട്ടതാകുന്നു. ഞങ്ങളുടെ നിമിത്തമുള്ള നിന്റെ താഴ്മയും വാഴ്ത്തപ്പെട്ടവനാകുന്നു.

***(ഈ ബോത്തെദ്ഹാശോയുടെ ആദ്യത്തെ നിറുത്ത് അറിയിപ്പിന്റെ ശനിയാഴ്ച മാത്രം താഴെ വരുന്ന***

*പ്രകാരം ചൊല്ലുക)*

*(മരണം ആസ്വദിച്ചവനായി ജീവനുള്ളവന്റെ പുത്രനായവൻ വാഴ്ത്തപ്പെട്ടവനാകുന്നു. കബറിൽ നാശം കാണാതിരുന്നിട്ടുള്ള പുണ്യവാൻ വാഴ്ത്തപ്പെട്ടവനാകുന്നു)

മനുഷ്യർക്കു രക്ഷ നൽകുവാൻ വേണ്ടി ഇറങ്ങിവന്ന രക്ഷിതാവ് മനുഷ്യരുടെ ദുഷ്ടതയെ സഹിച്ചുകൊണ്ട് അവന്റെ കഷ്ടതകളാലും മരണത്താലും മരണത്തിന്റെ അധികാരത്തെ നീക്കിക്കളഞ്ഞതിനാൽ അവനു സ്തുതി. അവൻ വന്ന് ദീർഘദർശിമാരുടെ ദർശനങ്ങളെ നിവർത്തിച്ചതിനാൽ അവനു സ്തുതി. സകലത്തേയും ദഹിപ്പിപ്പാൻ കഴിയുന്ന മഹാ അഗ്നിയായവനെ താളടികളായവർ പിടിച്ചപ്പോൾ അവർ വഴങ്ങിക്കൊടുപ്പാൻ തിരുമനസ്സായതിനാൽ അവനു സ്തുതി.

അവന്റെ കൈകളിൽ ആണി തറച്ചതിനാൽ ഫലത്തിനായിട്ട് നീട്ടിയ കൈകളേയും അവന്റെ കാലുകളിൽ ആണി തറച്ചതിനാൽ വൃക്ഷത്തിങ്കലേയ്ക്കു നടന്ന കാലുകളേയും ശുദ്ധീകരിച്ചതിനാൽ അവനു സ്തുതി. സർവ്വശക്തനായവൻ സൃഷ്ടിച്ചുണ്ടാക്കിയ മനുഷ്യരിൽനിന്ന് അക്രമങ്ങളെ സഹിപ്പാൻ തിരുമനസ്സായതിനാൽ അവന് സ്തുതി. കുരിശുമരത്തിന്മേൽ തൂങ്ങിക്കിടക്കുമ്പോൾ കൂടെയും അവനെ ഉപദ്രവിച്ചവർക്കുവേണ്ടി പ്രാർത്ഥിപ്പാൻ തിരുമനസ്സായവനു സ്തുതി. അവനും അവന്റെ പിതാവിനും പരിശുദ്ധ റൂഹായ്ക്കും എന്നേയ്ക്കും സ്തുതി.

കർത്താവേ! നിന്നെ ന്യായം വിസ്തരിച്ച ജനങ്ങളെ നീ വിസ്തരിക്കുമ്പോൾ ഞങ്ങളോടുള്ള ന്യായവിസ്താരത്തിന് നീ പ്രവേശിക്കരുതേ.

*മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ*

## ബോവൂസൊ

*കഷ്ടാനുഭവത്തിനും കുരിശുമരണത്തിനും വന്നവനായ മ്ശിഹാ! ഞങ്ങളുടെ അപേക്ഷകേട്ട് ഞങ്ങളുടെ ആത്മാക്കളോട് കരുണ ചെയ്യണമേ.

ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ

***(ബോവുസായുടെ ആദ്യത്തെ നിറുത്ത്, അറിയഷിന്റെ ശനിയാഴ്ച താഴെകാണുന്നപ്രകാരം ചൊല്ലണം.)***

*തന്റെ ശബ്ദം മൂലം മരിച്ചവരെ കബറുകളിൽ നിന്ന് ഉയർപ്പിക്കുന്ന പുത്രൻ ഉയിർപ്പു ദിവസത്തിൽ അവരെ മഹത്വത്തിന്റെ അങ്കി ധരിപ്പിക്കുന്നു.

ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ

തന്നെത്തന്നെ ഏൽപ്പിച്ചുകൊടുത്ത് തന്റെ ആടുകളെ രക്ഷിച്ചവനായ നല്ലഇടയാ! നിന്റെ കഷ്ടാനുഭവത്തെക്കുറിച്ചുള്ള നന്ദികൊണ്ട് ഞങ്ങളുടെ ഹൃദയങ്ങളെ നിറയ്ക്കണമേ. നിന്റെ കഷ്ടതകളെക്കുറിച്ച് നിന്നെ സ്തോത്രം ചെയ്വാൻ ഞങ്ങളുടെ നാവുകളെ തുടയ്ക്കുകയും ചെയ്യണമേ.

ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ

ന്യായസ്ഥലത്തുവച്ച് കുറ്റക്കാരനെപ്പോലെ വിസ്തരിക്കപ്പെട്ടവനായ കർത്താവേ! നിന്റെ അവസാനത്തെ ന്യായവിസ്താരത്തിൽ ഞങ്ങളെ കുറ്റക്കാരോടുകൂടെ തള്ളിക്കളയരുതേ. ആക്ഷേപത്തിന്റെ വസ്ത്രം ധരിക്കപ്പെട്ടവനേ! അവസാനനാളിൽ മഹത്വത്തിന്റെ നീലയങ്കി ഞങ്ങളെ ധരിപ്പിക്കയും ചെയ്യണമേ.

ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ

*ഞങ്ങളുടെ കർത്താവേ! നിന്റെ കഷ്ടാനുഭവത്തിൽ ആകാശവും ഭൂമിയും കഷ്ടത ധരിച്ചു. നീ എത്രയും വിനയപ്പെട്ടതിനാൽ മാലാഖമാരും മനുഷ്യരും അത്ഭുതപ്പെടുകയും ചെയ്തു.

ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ

***(അവസാനത്തെ നിറുത്ത്, അറിയിഷിന്റെ ശനിയാഴ്ച താഴെകാണുന്ന പ്രകാരം ചൊല്ലണം)***

*മരിച്ചവരെ കബറുകളിൽനിന്നുയർപ്പിക്കുകയും ഉയിർപ്പു ദിവസത്തിൽ അവരെ മഹത്ത്വത്തിന്റെ അങ്കി ധരിപ്പിക്കയും ചെയ്യുന്നവനേ! നിനക്ക് സ്തുതി.

ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ

## മാലാഖമാരുടെ സ്തുതിപ്പ്

അത്യുന്നതങ്ങളിൽ സ്വർഗ്ഗത്തിലെ മാലാഖമാരും പ്രധാന മാലാഖമാരും സ്തുതിക്കുന്നതുപോലെ ബലഹീനരും മണ്മയരുമായ ഞങ്ങളും സ്തുതിച്ച് പറയുന്നു.

എല്ലാക്കാലവും എല്ലാസമയത്തും ഉയരങ്ങളിൽ ദൈവത്തിനു സ്തുതിയും, ഭൂമിയിൽ സമാധാനവും നിരപ്പും,മനുഷ്യമക്കൾക്കു നല്ല ശരവുമുണ്ടായിരിക്കട്ടെ.

ഞങ്ങൾ നിന്നെ സ്തുതിക്കയും വാഴ്ത്തുകയും വന്ദിക്കുകയും ചെയ്യുന്നു; സ്തുതിയുടെ ശബ്ദം നിനക്കു ഞങ്ങൾ കരേറ്റുന്നു.

സർവ്വശക്തിയുള്ള പിതാവായ ദൈവവും സ്വർഗ്ഗീയ രാജാവും സ്രഷ്ടാവുമായ കർത്താവേ! നിന്നെയും, യേശുമിശിഹായായ ഏകപുത്രനായിരിക്കുന്ന ദൈവമായ കർത്താവേ! പരിശുദ്ധ റൂഹായോടുകൂടെ നിന്നെയും, നിന്റെ സ്തുതിയുടെ വലിപ്പം നിമിത്തം ഞങ്ങൾ സ്തുതിക്കുന്നു.

പിതാവിന്റെ പുത്രനും വചനവും ലോകത്തിന്റെ പാപത്തെ വഹിക്കുന്നവനും വഹിച്ചവനുമായ ദൈവത്തിന്റെ കുഞ്ഞാടായ ദൈവമായ കർത്താവേ! ഞങ്ങളോടു കരുണ ചെയ്യണമേ.

ലോകത്തിന്റെ പാപത്തെ വഹിക്കുന്നവനും വഹിച്ചവനും തന്റെ പിതാവിന്റെ വലതുഭാഗത്തു മഹത്വത്തോടുകൂടി ഇരിക്കുന്നവനായുള്ളോവേ! നിന്റെ ചെവി ചായിച്ച് ഞങ്ങളുടെ അപേക്ഷ കൈകൊണ്ട് ദയതോന്നി ഞങ്ങളോടു കരുണ ചെയ്യണമേ.

എന്തെന്നാൽ നീ മാത്രം പരിശുദ്ധനാകുന്നു. പിതാവായ ദൈവത്തിന്റെ മഹത്വത്തിനു പരിശുദ്ധ റൂഹായോടുകൂടെ യേശുമിശിഹായായ നീ മാത്രം കർത്താവുമാകുന്നു. ആമ്മീൻ.

എല്ലാക്കാലത്തും ഞങ്ങൾ ജീവനോടിരിക്കുന്ന ദിവസങ്ങളൊക്കെയും നിന്നെ വാഴ്ത്തുകയും എന്നേക്കും വാഴ്ത്തപ്പെട്ടതും നിത്യത്വമുള്ളതുമായ നിന്റെ പരിശുദ്ധ നാമത്തെ സ്തുതിക്കയും ചെയ്യും.

ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ സർവ്വശക്തിയുള്ള കർത്താവേ! നീ വാഴ്ത്തപ്പെട്ടവനാകുന്നു. നിന്റെ നാമം മഹത്ത്വമുള്ളതും നീ എന്നേക്കും മഹത്ത്വങ്ങളിൽ പ്രഭാവമുള്ളവനുമാകുന്നു.

സ്തുതി നിനക്കു യോഗ്യമാകുന്നു; മഹത്ത്വം നിനക്കു യുക്തമാകുന്നു. സകലത്തിന്റെയും ദൈവവും, സത്യത്തിന്റെ പിതാവുമായവനേ! നിനക്കും ഏകപുത്രനും ജീവനുള്ള പരിശുദ്ധ റൂഹായ്ക്കും പുകഴ്ച ചേർച്ചയാകുന്നു. അതു ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും ഉണ്ടായിരിക്കട്ടെ. ആമ്മീൻ.

**ഞങ്ങളുടെ കർത്താവായ യേശുമിശിഹാ!** നിന്റെ കരുണയുടെ വാതിൽ ഞങ്ങളുടെ നേരെ നീ അടയ്ക്കരുതേ. കർത്താവേ! ഞങ്ങൾ പാപികളാകുന്നു; എന്നു ഞങ്ങൾ ഏറ്റുപറയുന്നു; ഞങ്ങളോടു കരുണയുണ്ടാകണമേ.

കർത്താവേ! നിന്റെ മരണത്താൽ ഞങ്ങളുടെ മരണം മാഞ്ഞുപോകുവാനായിട്ട് നിന്റെ സ്നേഹം നിന്റെ സ്ഥാനത്തുനിന്ന് ഞങ്ങളുടെ അടുക്കലേക്ക് നിന്നെ ഇറക്കികൊണ്ട് വന്നു; ഞങ്ങളോടു കരുണചെയ്യണമേ.

**ഹാശായുടെ** .... കൗമാ

**വിശ്വാസപ്രമാണം** .....ഇത്യാദി

***(പ്രഭാത നമസ്കാരം തുടരുകയാണങ്കിൽ വിശ്വാസ പ്രമാണം ഇവിടെ ചൊല്ലേണ്ട)***

## പ്രഭാത നമസ്കാരം

പ്രാരംഭ സുതുതി : പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ... ഇത്യാദി

***(പാതിരാ നമസ്കാരത്തിനു തുടർച്ചയാണങ്കിൽ ഹാശായുടെ .... കൗമാ മുതൽ മതി)***

### 51-ാം മസ്മൂർ

ദൈവമേ! നിന്റെ കൃപയിൻ പ്രകാരം എന്നോടു കരുണ ചെയ്യണമെ. നിന്റെ കരുണയുടെ ബഹുത്വത്തിൻ പ്രകാരം എന്റെ പാപങ്ങളെ മായിച്ചു കളയണമെ.

എന്റെ അനീതിയിൽനിന്ന് എന്നെ നന്നായി കഴുകി എന്റെ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമേ. എന്തെന്നാൽ ഞാൻ എന്റെ കുറ്റങ്ങളെ അറിയുന്നു. എന്റെ പാപങ്ങളും എപ്പോഴും എന്റെ നേരെ ഇരിക്കുന്നു.

നിനക്കു വിരോധമായിത്തന്നെ ഞാൻ പാപം ചെയ്തു. സന്നിധിയിൽ തിന്മകളേയും ചെയ്തു. അതിനാൽ നിന്റെ വചനത്തിൽ നീ നീതികരിക്കപ്പെടും നിന്റെ വിധികളിൽ നീ ജയിക്കും. എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എന്റെ മാതാവ് എന്നെ ഗർഭം ധരിക്കയും ചെയ്തു.

എങ്കിലും നീതിയിൽ നിനക്ക് തിരുവിഷ്ടമായി . നിന്റെ ജ്ഞാന രഹസ്യങ്ങൾ നീ എന്നോടറിയിച്ചു.

സോപ്പാകൊണ്ട് എന്റെ മേൽ നീ തളിക്കണമെ. ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ നീ വെൺമയാക്കണമെ; ഹിമത്തേക്കാൾ ഞാൻ വെണ്മയാകും.

നിന്റെ ആനന്ദവും സന്തോഷവും കൊണ്ട് എന്നെ തൃപ്തനാക്കണമെ. ക്ഷീണിച്ചിരിക്കുന്ന എന്റെ അസ്ഥികൾ സന്തോഷിക്കും. എന്റെ പാപങ്ങളിൽ നിന്ന് തിരുമുഖം തിരിച്ച് എന്റെ കുറ്റങ്ങളെല്ലാം മായിച്ചു കളയണമെ.

ദൈവമേ! വെടിപ്പുള്ള ഹൃദയത്തെ എന്നിൽ സൃഷ്ടിക്കണമെ. സ്ഥിരതയുള്ള നിന്റെ ആത്മാവിനെ എന്റെ ഉള്ളിൽ പുതുതാക്കണമെ. തിരുസന്നിധിയിൽ നിന്ന് എന്നെ തള്ളിക്കളയരുതേ. നിന്റെ വിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കയും അരുതേ.

എന്നാലോ നിന്റെ ആനന്ദവും രക്ഷയും എനിക്കു തിരിച്ചുതരണമേ. മഹത്വമുള്ള നിന്റെ ആത്മാവ് എന്നെ താങ്ങുമാറാകണമേ. അപ്പോൾ ഞാൻ അതിക്രമക്കാരെ നിന്റെ വഴി പഠിപ്പിക്കും. പാപികൾ നിങ്കലേക്കു തിരികയും ചെയ്യും.

എന്റെ രക്ഷയുടെ ദൈവമായ ദൈവമേ! രക്തത്തിൽ നിന്ന് എന്നെ രക്ഷിക്കണമേ. എന്റെ നാവു നിന്റെ നീതിയെ സ്തുതിക്കും. കർത്താവേ! എന്റെ അധരങ്ങൾ എനിക്കു തുറക്കണമെ. എന്റെ വായ് നിന്റെ സ്തുതികളെ പാടും.

എന്തെന്നാൽ ബലികളിൽ നീ ഇഷ്ടപ്പെട്ടില്ല; സമാധാനഹോമങ്ങളിൽ നീ നിരപ്പായതുമില്ല. ദൈവത്തിന്റെ ബലികൾ താഴ്മയുള്ള ആത്മാവാകുന്നു. ദൈവം തകർന്ന ഹൃദയത്തെ നിരസിക്കയില്ല.

തിരുവുള്ളമുണ്ടായി സെഹിയോനോടു നന്മ ചെയ്യണമെ. യറുശലേമിന്റെ മതിലുകളെ പണിയണമെ. അപ്പോൾ നീതിയോടുകൂടിയ ബലികളിലും സമാധാന ഹോമങ്ങളിലും നീ ഇഷ്ടപ്പെടും. അപ്പോൾ നിന്റെ ബലിപീഠത്തിൻമേൽ അവർ കാളകളെ ബലി കഴിക്കും.

ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ

കരുണയുള്ള ദൈവമേ! നിന്റെ കരുണയാൽ ഞങ്ങളോട്

കരുണചെയ്യണമെ... മൊറിയോ..

## എനിയോനൊ

നായസ്ഥലത്തുവച്ച് കവിളത്ത് അടികൊണ്ടവനായ കർത്താവേ! പിശാചുക്കളുടെ ഉപദ്രവങ്ങളിൽ നിന്ന് ഞങ്ങളെ സ്വാതന്ത്രപ്പെടുത്തി രക്ഷിക്കണമേ.

ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി കുരിശുമരത്തിൽ തൂങ്ങിക്കിടന്നു കൊണ്ട് മരണം അനുഭവിച്ചവനായ കർത്താവേ! ഞങ്ങൾക്ക് പാപമോചനവും നിത്യജീവനും നൽകണമേ.

തലയിൽ മുൾക്കിരീടം ധരിച്ചവനായ കർത്താവേ! നിന്റെ ഇഷ്ടം പ്രവർത്തിച്ചവർക്ക് നീ മഹത്ത്വത്തിന്റെ കിരീടം കൊടുക്കുന്ന നാളൽ ഞങ്ങൾക്കും മഹത്ത്വത്തിന്റെ കിരീടം നൽകണമേ.

*ബാറക്മോർ*

കുറ്റമില്ലാത്തവൻ താൻ ഏകനൊരുനവൻ മാത്രമായിരിക്കുന്ന കർത്താവേ! ഞങ്ങളുടെ കടച്ചീട്ടിനെ കീറിക്കളഞ്ഞ് ഞങ്ങൾക്ക് നിത്യാനന്ദം നൽകണമേ.

*കുറിയേലായിസ്സോൻ*

കരുണയുള്ള ദൈവമേ! നിന്റെ കരുണയാൽ ഞങ്ങളോട് കരുണചെയ്യണമേ.

*മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ*

## 63-ാം മസ്മൂർ

എന്റെ ദൈവമേ! നീ എന്റെ ദൈവമാകുന്നു. ഞാൻ നിനക്കായി കാത്തിരിക്കും.

ദാഹിച്ച് വരണ്ട് വെള്ളത്തിന്നായി ആഗ്രഹിച്ചിരിക്കുന്ന ഭൂമിയെപ്പോലെ എന്റെ ആത്മാവു നിനക്കായി ദാഹിച്ചിരിക്കുന്നു. എന്റെ ജഡവും നിനക്കായി കാത്തിരിക്കുന്നു.

നിന്റെ ബലവും ബഹുമാനവും കാണ്മാൻ ഇപ്രകാരം സത്യമായി ഞാൻ നിന്നെ നോക്കി.

എന്തെന്നാൽ നിന്റെ കരുണ ജീവനേക്കാൾ നല്ലതാകുന്നു. എന്റെ അധരങ്ങൾ നിന്നെ സ്തുതിക്കും.

ഞാൻ ജീവനോടിരിക്കുമ്പോൾ ഇപ്രകാരം നിന്നെ പുകഴ്ത്തുകയും നിന്റെ നാമത്തിൽ എന്റെ കൈകൾ ഉയർത്തുകയും ചെയ്യും.

എന്റെ ആത്മാവ് കൊഴുപ്പും മേദസും കൊണ്ടെന്നപോലെ പുഷ്ടിയാകും. എന്റെ വായ് മഹത്വമുള്ള അധരങ്ങൾ കൊണ്ട് നിന്നെ സ്തുതിക്കുകയും ചെയ്യും.

എന്റെ ശയ്യമേൽ ഞാൻ നിന്നെ ഓർത്തു; രാത്രികളിൽ ഞാൻ നിന്നെ ധ്യാനിക്കയും ചെയ്തു.

എന്തെന്നാൽ നീ എനിക്കു സഹായകനായിത്തീർന്നു. നിന്റെ ചിറകുകളുടെ നിഴലിൽ ഞാൻ മറയ്ക്കപ്പെടും

എന്റെ ആത്മാവു നിന്നെ പിൻതുടർന്നു. നിന്റെ വലതുകൈ എന്നെ താങ്ങുകയും ചെയ്തു.

അവർ എന്റെ ആത്മാവിനെ നശിപ്പിപ്പാൻ അന്വേഷിച്ചു. അവർ ഭൂമിയുടെ ആഴത്തിലേക്കു പ്രവേശിക്കും.

അവർ വാളിനു ഏൽപ്പിക്കപ്പെടും കുറുനരികൾക്കു ഭക്ഷണമായിത്തീരുകയും ചെയ്യും;

രാജാവു ദൈവത്തിൽ സന്തോഷിക്കും. അവനെക്കൊണ്ട് സത്യം ചെയ്യുന്ന ഏവനും പുകഴ്ചയുണ്ടാകും. എന്തെന്നാൽ അസത്യവാദികളുടെ വായ് അടയ്ക്കപ്പെടും.

ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

## എനിയോനൊ

ഞങ്ങൾക്കുവേണ്ടി കൈകളിലും കാലുകളിലും ആണി തറയ്ക്കപ്പെട്ടവനായ കർത്താവേ! നിന്റെ മഹാകരുണകൾക്ക് സ്തുതി.

തന്റെ തിരുമനസ്സോടെ കുരിശു ചുമന്നവനായ കർത്താവേ! നിന്റെ കുരിശെടുത്തുകൊണ്ട് നിന്റെ പിന്നാലെ വരുവാൻ ഞങ്ങളെ യോഗ്യരാക്കണമേ.

നിന്റെ സ്ലീബാ ഞങ്ങളെ ദുഃഷ്ടനിൽ നിന്നും സൈന്യങ്ങളിൽ നിന്നും മറച്ചുകൊള്ളുന്ന കോട്ടയായിരിക്കണമേ.

*ബാറക്മോർ*

നിന്റെ സ്ലീബാ ഞങ്ങളുടെ മരിച്ചുപോയവർക്കു വഴിയും പാലവുമായിരിക്കയം അതിൽകൂടി അവർ സന്തോഷങ്ങളുടെ മണവറയിലേയ്ക്ക് പ്രവേശിക്കുകയും ചെയ്യുമാറാകണമേ.

*കുറിയേലായിസ്സോൻ*

## മസ്മൂർ 19 (വിശുദ്ധ ഗ്രന്ഥം)

ആകാശങ്ങൾ ദൈവത്തിന്റെ മഹത്വം അറിയിക്കുന്നു; ആകാശ വിതാനം തന്റെ കൈപ്പണിയെ കാണിക്കുന്നു.

പകൽ പകലിന്നു വാക്കിനെ ഉച്ചരിക്കുന്നു. രാത്രി രാത്രിക്ക് അറിവിനെ അറിയിക്കുകയും ചെയ്യുന്നു.

അവയുടെ ശബ്ദം കേൾക്കപ്പെടാത്ത ഭാഷയുമില്ല, വാക്കുകളുമില്ല. ഭൂമിയിൽ എല്ലായിടവും അവയുടെ അറിയിപ്പും ഭൂതലത്തിന്റെ അതിർത്തികളോളം അവയുടെ വചനങ്ങളും പുറപ്പെട്ടിരിക്കുന്നു; സൂര്യന്നായിട്ട് അവയുടെ മേൽ തന്റെ കൂടാരമടിച്ചു.

അതു തന്റെ മണവറയിൽ നിന്നു പൂറപ്പെടുന്ന മണവാളൻ എന്ന പോലെ ആകുന്നു. ശക്തൻ എന്നപോലെ തന്റെ വഴി ഓടുവാൻ സന്തോഷിക്കും.

ആകാശത്തിന്റെ ഒരറ്റത്തു നിന്നു അതിന്റെ ഉദയവും ആകാശത്തിന്റെ അറുതിയിൽ അതിന്റെ അസ്തമനവും ആകുന്നു. അതിന്റെ ആവിയിൽനിന്നു മറവായിരിക്കുന്നത് ഒന്നുമില്ല.

കർത്താവിന്റെ വേദപ്രമാണം കറയറ്റതും ആത്മാവിനെ തിരിക്കുന്നതുമാകുന്നു. കർത്താവിന്റെ സാക്ഷ്യം വിശ്വാസയോഗ്യവും ശിശുക്കളെ വിജ്ഞാനികളാക്കുന്നതുമാകുന്നു.

കർത്താവിന്റെ പ്രമാണങ്ങൾ ചൊവ്വുള്ളവയും ഹൃദയത്തെ സന്തോഷിപ്പിക്കുന്നവയും ആകുന്നു. കർത്താവിന്റെ കല്പന തിരഞ്ഞെടുക്കപ്പെട്ടതും കണ്ണുകളെ പ്രകാശിപ്പിക്കുന്നതും ആകുന്നു.

കർത്താവിനെക്കുറിച്ചുള്ള ഭക്തി നിർമലവും എന്നേക്കും നിലനില്ക്കുന്നതും ആകുന്നു; കർത്താവിന്റെ ന്യായവിധികൾ സത്യമായുള്ളവയും സകലത്തിലും നീതിയുള്ളവയും ആകുന്നു.

അവ തങ്കത്തേക്കാളും നല്ല രത്നങ്ങളെക്കാളും ആഗ്രഹിക്കത്തക്കവയും തേനിനേക്കാളും തേൻകട്ടയെക്കാളും മാധുര്യമുള്ളവയുമാകുന്നു;

അത്രയുമല്ല: നിന്റെ ദാസനു അവയാൽ പ്രബോധനം ലഭിക്കും; അവൻ അവയെ ആചരിച്ചാൽ വളരെ പ്രതിഫലം കിട്ടും;

പിഴകളെ തിരിച്ചറിയുവുന്നവൻ ആര്? രഹസ്യകാര്യങ്ങളിൽ നീ എന്നെ കുറ്റമില്ലാത്തവനാക്കിത്തീർക്കണമേ!

ദുഷ്ടന്മാർ എന്നിൽ അധികാരപ്പെടാതിരിപ്പാനും പാപങ്ങളിൽനിന്ന് ഞാൻ ഒഴിഞ്ഞിരിപ്പാനും വേണ്ടി അന്യായത്തിൽ നിന്നു നിന്റെ ദാസനെ തടുക്കണമേ.

എന്റെ സഹായകനും, എന്റെ രക്ഷകനുമായ കർത്താവേ! എന്റെ വായിലെ വചനങ്ങൾ തിരുവിഷ്ട പ്രകാരവും എന്റെ ഹൃദയത്തിലെ ധ്യാനം തിരുമുമ്പാകെയും ഇരിക്കണമേ!

*ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ*

## എനിയോനൊ

പാതാളത്തിൽ ബന്ധിക്കപ്പെട്ടിരുന്ന ആത്മാക്കളോട് പുതിയ ജീവനെ അറിയിച്ചവനായ മ്ശിഹാ! പാപബന്ധനങ്ങളിൽ നിന്ന് ഞങ്ങളെ നീ അഴിച്ചു വിടണമേ.

നിന്ദയുടെ സ്ലീബാമേൽ തൂങ്ങിക്കിടക്കുന്നവനായ സൃഷ്ടികളുടെ ഉടയവനെ ഞങ്ങൾ വന്ദിച്ചു കൂമ്പിടുന്നു. ഞങ്ങളെ കൈക്കൊള്ളണമേ. മരിച്ചവർ ഉയർത്തെഴുന്നേറ്റ് നിന്റെ എതിരേൽപ്പിന്ന് പുറപ്പെട്ടതുപോലെ പാപക്കറകളിൽനിന്ന് എഴുന്നേറ്റ് നിന്നെ വന്ദിപ്പാൻ ഞങ്ങളെ യോഗ്യരാക്കണമേ.

*ബാറക്മോർ*

ഭൂമി കുലുങ്ങുകയും ഇരുട്ടുണ്ടാവുകയും പാറകൾ പൊളിയുകയും ചെയ്തതു നിമിത്തം നീ ദൈവവും ദൈവപുത്രനുമാകുന്നു എന്ന് വെളിപ്പെടുത്തിയതിനാൽ നിനക്ക് സ്തുതി.

*കുറിയേലായിസ്സോൻ*

## ഏശായാ 42:10 - 13; 45:8 (വിശുദ്ധ ഗ്രന്ഥം)

(42:10-13) സമുദ്ര മാർഗ്ഗത്തിൽ സഞ്ചരിക്കുന്നവരും അതിലെ സകല ദ്വീപുകളും അവയിലെ നിവാസികളുമേ, കർത്താവിന് ഒരു പുതിയ പാട്ടും ഭൂമിസീമയിൽ നിന്ന് അവന് സുതുതിയും പാടുവീൻ.

മരുഭൂമിയും അതിലെ പട്ടണങ്ങളും സന്തോഷിക്കട്ടെ. കേദാർ മേച്ചിൽപുറങ്ങളായിരിക്കട്ടെ. പാറകളിലെ നിവാസികൾ ഘോഷിച്ചുല്ലസിക്കുകയും മലമുകളിൽനിന്ന് ആർക്കുകയും ചെയ്യട്ടെ.
അവർ കർത്താവിന് മഹത്വം കൊടുത്തു. അവന്റെ സ്തുതിയെ ദ്വീപുകളിൽ പ്രസ്താവിക്കട്ടെ.
കർത്താവ് ഒരു വീരനെപ്പോലെ തീക്ഷ്ണതയെ ജ്വലിപ്പിക്കും അവൻ ആർത്തു വിളിക്കും, അവൻ ഉച്ചത്തിൽ ആർക്കും. തന്റെ ശത്രുക്കളെ സംഹരിക്കും.
(45:8) ആകാശമേ, മേലിൽനിന്നു ജലം പൊഴിക്കുക. മേഘങ്ങൾ നീതി വർഷിക്കട്ടെ. രക്ഷ വിളയുവാൻ ഭൂമി തുറന്നുവരട്ടെ. അത് നീതിയെ മുളപ്പിക്കട്ടെ. ദൈവമായ ഞാൻ അത് സൃഷ്ടിച്ചിരിക്കുന്നു.
ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ

## എനിയോനൊ

യൂദന്മാരെ! നിങ്ങൾ മരത്തിന്മേൽ തൂക്കിയവൻ സത്യമായിട്ടും ദൈവമാകുന്നു എന്നുള്ളത് നിങ്ങൾ അറിയാഞ്ഞതിനാൽ നിങ്ങൾക്കു കഷ്ടം.

നിങ്ങളുടെ സ്രഷ്ടാവിന്റെ നേരെ നിങ്ങൾ അഹങ്കാരപ്പെട്ടതിനാൽ നിങ്ങൾക്കു കഷ്ടം.

അവനെ പിടിച്ചുകെട്ടുകയും ആണി തറയ്ക്കുകയും ചെയ്ത കൈകൾക്കു കഷ്ടം.

*ബാറക്മോർ*

ദൈവാലയത്തിന്റെ വാതിൽമറ കീറപ്പെട്ടതിനാൽ പരിശുദ്ധാത്മാവ് നിങ്ങളിൽനിന്ന് മാറിപ്പോയി എന്ന് കാണിച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

*ആമ്മീൻ.*

## 113-ാം മസ്മൂർ (വിശുദ്ധ ഗ്രന്ഥം)

## പ്രകാശത്തിന്റെ സൃഷ്ടാവിനു സ്തുതി

കർത്താവിന്റെ ഭൃത്യന്മാരേ! സ്തുതിപാടുവിൻ. കർത്താവിന്റെ തിരുനാമം സ്തുതിപ്പിൻ.
കർത്താവിന്റെ തിരുനാമം ആദിമുതൽ എന്നെന്നേക്കും വാഴ്ത്തപ്പെട്ടതായിരിക്കട്ടെ.
സൂര്യോദയം മുതൽ അതിന്റ അസ്തമനംവരെയും കർത്താവിന്റെ തിരുനാമം വലിയതാകുന്നു.
കർത്താവ് സകല ജാതികൾക്കും മേലായി ഉന്നതനും അവന്റെ ബഹുമാനം സ്വർഗ്ഗങ്ങൾക്കു മീതെയും ആകുന്നു.
ആകാശത്തിലും ഭൂമിയിലും നമ്മുടെ ദൈവമായ കർത്താവിനോട് സദൃശ്യൻ ആരുള്ളു
താൻ ഉയരത്തിൽ വസിക്കുകയും; അഗാധത്തിൽ നോക്കുകയും ചെയ്യുന്നു;
ജനത്തന്റെ പ്രഭുക്കന്മാരോടുകൂടെ ഇരുത്തേണ്ടതിനു എളിയവനെ കുപ്പയിൽ നിന്നു ഉയർത്തുന്നു.
താൻ വന്ധ്യയെ മക്കളുടെ മാതാവായി സസന്തോഷം വസിപ്പിക്കുന്നു.

*ദൈവമേ സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ*

## എക്ബൊ

വെള്ളിയാഴ്ച ദിവസത്തിൽ ദൈവപുത്രനെ സത്യത്തിന്റെ വൈരികൾ കുരിശിൽ തൂക്കി. ആദിഭൂതങ്ങൾ ഇളകി. പാറകൾ പൊളിഞ്ഞു. കുന്നുകൾ വിലപിച്ചു. ദൈവാലയത്തിന്റെ വാതിൽമറ കീറപ്പെട്ടു. കബറുകൾ തുറക്കപ്പെട്ടു. മരിച്ചവർ ഉയർത്തെഴുന്നേറ്റു. തങ്ങളുടെ കർത്താവിനെ കുരിശിൽ തൂക്കുവാൻ ധൈര്യം തോന്നിയ ശപിക്കപ്പെട്ട ജനങ്ങൾക്കു ഹാ! കഷ്ടം.

*സ്തൗമെൻകാലോസ് കുറിയേലായിസ്സോൻ*

## കോലോകൾ

കർത്താവേ! അവസാന നാളിൽ നീ എഴുന്നെള്ളുമ്പോൾ നിന്നെ ഉപേക്ഷിക്കുകയും ആക്ഷേപിക്കുകയും ചെയ്തവരോടു കൂടെ ഞങ്ങൾ ലജ്ജ പ്രാപിക്കുമാറാകരുതേ. അഹങ്കാരത്താൽ നിന്നെ കുരിശിൽ തൂക്കിയവരോടുകൂടെ ഞങ്ങൾ അതിവേദനപ്പെടുമാറാകരുതേ. നീ ദൈവപുത്രനാണെങ്കിൽ കുരിശിൽനിന്നിറങ്ങി വരിക എന്നാൽ ഞങ്ങൾ വിശ്വസിക്കാം എന്നു പറഞ്ഞുകൊണ്ട് നിന്നെ ദുഷിച്ചവരോടുകൂടെ കരച്ചിലിനും പല്ലുകടിക്കും ഞങ്ങൾ ഏൽപ്പിക്കപ്പെടുകയും അരുതേ.

*ബാറക്മോർ*

ഞങ്ങൾ നിന്റെ സ്ലീബായാൽ പ്രശംസിക്കുന്നു. നിന്റെ മുറിവുകളെ തഴുകുകയും ചുംബിക്കുകയും ചെയ്യുന്നു. നീ നടത്തിയ രക്ഷയിൽ ഞങ്ങൾ ആനന്ദിക്കുന്നു. കർത്താവേ! ഞങ്ങളുടെ അനീതികളെയെല്ലാം മായിച്ചു കളയണമേ. നിന്റെ സ്ലീബായുടെ ചിറകിൻകീഴെ ഞങ്ങളെ മറച്ചു കൊള്ളണമേ. ഞങ്ങളെ നിനക്കു വസിപ്പാൻ തക്കതായ വെടിപ്പുള്ള ആലയങ്ങളാക്കിത്തീർക്കണമേ. സത്യജീവനാകുന്ന നിന്നിൽ ഞങ്ങൾ ജീവിക്കുകയും ചെയ്യുമാറാകണമേ.

മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ

## വീണ്ടും കോലോകൾ

ജീവനുണ്ടാക്കുന്നതും രക്ഷയുണ്ടാക്കുന്നതുമായ നിന്റെ കഷ്ടാനുഭവം മൂലം ഞങ്ങൾക്കു ആത്മശരീരങ്ങളുടെ വെടിപ്പും വിശുദ്ധിയും നൽകണമേ. സകല തിന്മകളുടെയും മാതാവാകുന്ന ദ്രവ്യാഗ്രഹത്തിൽ നിന്ന് ഞങ്ങളെ അകറ്റണമേ. എന്തെന്നാൽ യൂദാസ്ക്കറിയോത്താ അതിനെ സ്നേഹിക്കുകയും ശ്ലീഹാസ്ഥാനത്തുനിന്ന് തള്ളപ്പെടുകയും കേൾവിക്കാരും കാഴ്ചക്കാരും ഭ്രമിക്കത്തക്കതായ ലജ്ജയും ദുരിതവും അവൻ അനുഭവിക്കുകയും ചെയ്തുവല്ലോ.

*ബാറക്മോർ*

കർത്താവേ! വെറുപ്പുണ്ടാക്കുന്നവരായ ആ ദുഷ്ടജനങ്ങളെപ്പോലെ അഗ്നിനരകത്തെ അവകാശപ്പെടുത്തുവാൻ പാപങ്ങൾ നിമിത്തം ഞങ്ങൾ യോഗ്യരാകുന്നുവെങ്കിലും നിന്റെ മഹാകരുണ ഞങ്ങളുടെ മേൽ ചൊരിഞ്ഞു ഞങ്ങളെ നിന്റെ വാത്സല്യമക്കളാക്കിത്തീർക്കണമേ. യൂദസ്ക്കറിയോത്തായെപ്പോലെ ഞങ്ങൾ ആകെൽക്കറുസായുടെ ഇഷ്ടന്മാരും അവന്റെ ഗുണദോഷത്തിൽ അകപ്പെടുന്നവരും ആയിത്തീരുമാറാകരുതേ. അവൻ വഞ്ചനയുടെ ചുംബനത്താൽ നിന്നെ ഏൽപ്പിച്ചുകൊടുത്തതുപോലെ ഞങ്ങൾ നിന്റെ സന്നിധിയിൽ വഞ്ചന നിറഞ്ഞവരായിത്തീരാതെ പരമാർത്ഥവും സത്യവും ഉള്ളവരായിരിക്കുമാറാകണമേ.

മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ

## ബോത്തെദ്ഹാശോ

***(കൂട്ടമായി നമസ്ക്കരിക്കുമ്പോൾ ബോത്തെദ്ഹാശോ മുതൽ ബോവൂസൊ വരെയുള്ള ഭാഗങ്ങൾ ഒന്നോ രണ്ടോ പേർ ചേർന്നു ചൊല്ലുകയും, മറ്റുള്ളവർ കേട്ട് ധ്യാനിച്ച് കുമ്പിടുകയും ചെയ്യണം. ബോവൂസൊയിൽ അലോഹൻ റാഹേമേലൈൻ .. എന്നുള്ളത് എല്ലവരും കൂടി ചൊല്ലണം)***

*കർത്താവേ! ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ കഷ്ടാനുഭവം വാഴ്ത്തപ്പെട്ടതാകുന്നു. ഞങ്ങളുടെ നിമിത്തമുള്ള നിന്റെ താഴ്മയും വാഴ്ത്തപ്പെട്ടതാകുന്നു. കാരാഗ്രഹത്തിലാക്കപ്പെടുകയും കുരിശിൽ തറയ്ക്കപ്പെടുകയും ചെയ്തവനായി സർവ്വശക്തനും ജീവനുള്ളവനും ആയവനു സ്തുതി.

***(ഈ ബോത്തെദ്ഹാശോയുടെ ആദ്യത്തെ നിറുത്ത് അറിയിപ്പിന്റെ ശനിയാഴ്ച മാത്രം താഴെ വരുന്ന പ്രകാരം ചൊല്ലുക)***

*(മരണം ആസ്വദിച്ചവനായി ജീവനുള്ളവന്റെ പുത്രനായവൻ വാഴ്ത്തപ്പെട്ടവനാകുന്നു. കബറിൽ നാശം കാണാതിരുന്നിട്ടുള്ള പുണ്യവാൻ വാഴ്ത്തപ്പെട്ടവനാകുന്നു)

ദുഷ്ടന്മാർ അവനെ വിധിക്കുകയും കുറ്റപ്പെടുത്തുകയും കാരാഗ്രഹത്തിലിടുകയും കിഴുക്കുകയും ചമ്മട്ടി കൊണ്ടടിക്കുകയും ചെയ്തു. ഇവകളെ ഓർത്താൽ ഹൃദയം പൊടിയാത്തവൻ ആരുണ്ട്.

ദുഷ്ടന്മാരായ യൂദന്മാർ സിംഹമാകുന്നവനെ കൊല്ലുവാൻ ചാടിപ്പുറപ്പെട്ടു. അവൻ അശക്തനെപ്പോലെ മൗനമായിരുന്നു. ഇതിനെ ഓർത്താൽ ഹൃദയം തകരാത്തവനാരുണ്ട്.

സകലത്തേയും പ്രകാശിപ്പിക്കുന്ന സൂര്യനായവനെ കാരാഗ്രഹത്തിൽ കയറ്റി വാതിലടച്ചു. ഇതിനെ ഓർത്താൽ ഹൃദയം തകരാത്തവനാരുണ്ട്.

രക്ഷിതാവു ശിക്ഷയ്ക്കു വിധിക്കപ്പെടുകയും പൈശൂന്യത്താൽ കുരിശിൽ തറയ്ക്കപ്പെടുകയും ചെയ്തു. യഹൂദജനങ്ങൾ തങ്ങളുടെ കർത്താവും രാജാവുമായവനെ കൊന്നു. ഇതിനെ സഹിപ്പാൻ കഴിയുന്നവനാരുണ്ട്.

കണ്ടാലും ഇടയൻ അടുകൊള്ളുകയും അവന്റെ ആടുകൾ ചിതറപ്പെടുകയും സ്നേഹിതന്മാർ ഒളിച്ചുമാറുകയും ചെയ്തു. ഇതിൽ ദുഃഖിക്കാതിരിക്കുന്നതെങ്ങനെ!

നിന്ദ്യമായ താളടിയായിരിക്കുന്നവൻ സിംഹാസനത്തിന്മേൽ ഇരുന്നു. സകലത്തേയും ദഹിപ്പിപ്പാൻ കഴിയുന്ന മഹാ അഗ്നിയായിരിക്കുന്നവൻ അവന്റെ മുമ്പിൽ കുറ്റക്കാരനെപ്പോലെ നിന്നു. ഇതിനെ സഹിക്കുന്നതെങ്ങനെ!

അവന്റെ വൈരികൾ അവനെ വളഞ്ഞു. സ്നേഹിതന്മാർ ചിതറപ്പെട്ടു. അവൻ മാത്രം പിടിക്കപ്പെട്ടു. ഇവകളെക്കുറിച്ച് ഹൃദയം തകരാത്തവൻ ആരുണ്ട്.

ബലവാനായവൻ അകത്തു വിലങ്ങിൽ കിടക്കുന്നു. ബലഹീനർ ആരവം ഉണ്ടാക്കുന്നു. ലോകങ്ങളുടെ ഉടയവനെ അവർ കുരിശിൽ തറയ്ക്കുന്നു. ഇവകളെക്കുറിച്ച് കരയാത്തവൻ ആരുണ്ട്.

രോഗികൾ തങ്ങളുടെ രോഗങ്ങളെ സുഖപ്പെടുത്തിയ വൈദ്യനെ പിടിച്ചു വിസ്താരത്തിന് ഏൽപ്പിച്ചു. ഇതിനെക്കുറിച്ച് അലറിക്കരയാത്തവൻ ആരുണ്ട്.

ഉണക്കച്ചുള്ളികളാകുന്ന യഹൂദന്മാർ ജ്വലിക്കുന്ന അഗ്നിയായവനെ പിടിച്ചുകെട്ടി. വാറുകൾ കൊണ്ടു അടിച്ചു. ഇതിനെക്കുറിച്ച് കരയാത്തവൻ ആരുണ്ട്.

ദുഷ്ടജനം ദൈവപുത്രനെ ദ്വേഷിച്ചു. കള്ളനെ വിട്ടുകിട്ടുവാൻ യാചിച്ചു. അയ്യോ! എത്ര കഷ്ടം.

അവൻ ചെയ്ത നന്മകൾക്കു പകരമായി അവർ അവന് കഷ്ടത നൽകി. അയ്യോ ഇത് സഹിക്കുന്ന

തെങ്ങനെ!

യാതോരു കുറ്റവും ഇല്ലാത്തവനെ തൂക്കുക, തൂക്കുക എന്നു വിളിച്ചു പറഞ്ഞുകൊണ്ട് അവർ പൈശൂന്യത്താൽ കുറ്റം ചുമത്തി. ഇതു സഹിക്കുന്നതെങ്ങനെ!

കർത്താവേ! നിന്നെ ന്യായം വിസ്തരിച്ച ജനങ്ങളെ നീ വിസ്തരിക്കുമ്പോൾ ഞങ്ങളോടുള്ള ന്യായവിസ്താരത്തിനു നീ പ്രവേശിക്കരുതേ.

*മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ*

## ബോവൂസൊ

*കഷ്ടാനുഭവത്തിനും കുരിശുമരണത്തിനും വന്നവനായ മ്ശിഹാ! ഞങ്ങളുടെ അപേക്ഷ കേട്ട് ഞങ്ങളുടെ ആത്മാക്കളോടു കരുണ ചെയ്യണമേ.

ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ

***(ബോവുസായുടെ ആദ്യത്തെ നിറുത്ത്, അറിയപ്പിന്റെ ശനിയാഴ്ച താഴെകാണുന്നപ്രകാരം ചൊല്ലണം.)***

*തന്റെ ശബ്ദം മൂലം മരിച്ചവരെ കബറുകളിൽ നിന്ന് ഉയർപ്പിക്കുന്ന പുത്രൻ ഉയിർപ്പു ദിവസത്തിൽ അവരെ മഹത്വത്തിന്റെ അങ്കി ധരിപ്പിക്കുന്നു.

ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ

മരത്തിന്മേൽ തൂങ്ങി നമുക്കുവേണ്ടി മരിച്ചവനെ നാം വന്ദിക്കണം. അവന്റെ പാദപീഠത്തെ നാം കുമ്പിടണം. അവന്റെ കഷ്ടാനുഭവത്തെ ഓർത്ത് സ്തോത്രം ചെയ്യണം. മണ്ണായ ആദാമിന്റെ മക്കളെ ദൈവമക്കളാക്കിത്തീർത്തവനെ നാം വന്ദിക്കണം. നമുക്കു പാപമോചനത്തിനായിട്ട് അവന്റെ ശരീരത്തേയും രക്തത്തേയും നൽകിയവനെ നാം കുമ്പിടണം.

ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ

ദൈവമേ നീ പരിശുദ്ധനാകുന്നു. നീ പരിശുദ്ധനാകുന്നു. നീ പരിശുദ്ധനാകുന്നു. ഞങ്ങൾക്കു വേണ്ടി കുരിശിയ്ക്കപ്പെട്ട് ഞങ്ങളെ രക്ഷിച്ചവനേ! നിനക്കു സ്തുതി. ജയത്തിന്റെ അടയാളമാകുന്ന സ്ലീബായോടുകൂടെ നീ എഴുന്നെള്ളുമ്പോൾ നിന്റെ വലത്തുഭാഗത്തു ഞങ്ങളെ നിറുത്തണമേ. ഏദൻതോട്ടത്തിൽവച്ച് തോൽപ്പിക്കപ്പെട്ട ഞങ്ങളുടെ വർഗ്ഗത്തിനു ജയവും രക്ഷയും നൽകിയവനേ! നിനക്കു സ്തുതി.

ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ

*ഞങ്ങളുടെ കർത്താവേ! നിന്റെ കഷ്ടാനുഭവത്താൽ ആകാശവും ഭൂമിയും കഷ്ടത ധരിച്ചു. മാലാഖമാരും മനുഷ്യരും നിന്റെ താഴ്മയുടെ ആധിക്യത്തെക്കുറിച്ച് വിസ്മയിച്ച് അത്ഭുതപ്പെട്ടു.

ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ

***(അവസാനത്തെ നിറുത്ത്, അറിയപ്പിന്റെ ശനിയാഴ്ച താഴെകാണുന്നപ്രകാരം ചൊല്ലണം.)***

*മരിച്ചവരെ കബറുകളിൽനിന്നുയർപ്പിക്കുകയും ഉയിർപ്പു ദിവസത്തിൽ അവരെ മഹത്ത്വത്തിന്റെ അങ്കി ധരിപ്പിക്കുകയും ചെയ്യുന്നവനേ! നിനക്ക് സ്തുതി.

ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ

***(പെസഹാ വ്യാഴം, ദുഃഖ വെള്ളി, അറിയിപ്പിന്റെ ശനി എന്നീ ദിവസങ്ങളിലേക്കുള്ള പ്രത്യേക പ്രാർത്ഥനകൾ ഇതിന്റെ അവസാന പേജുകളിൽ കൊടുത്തിട്ടുണ്ട്)***

## പ്രഭാത സ്തുതി

കർത്താവേ! നിനക്ക് സ്തോത്രം ചെയ്യുന്നതും ഉന്നതമായ നിന്റെ നാമത്തിനു പാടുന്നതും പ്രഭാതകാലത്ത് നിന്റെ കൃപയേയും രാത്രികാലങ്ങളിൽ നിന്റെ വിശ്വാസത്തേയും അറിയിക്കുന്നതും എത്ര നല്ലതാകുന്നു. കർത്താവേ! പ്രഭാതസമയത്ത് എന്റെ ശബ്ദം നീ കേൾക്കണമേ. കർത്താവേ! പ്രഭാതസമയത്ത് ഞാൻ ഒരുങ്ങി നിനക്ക് കാണപ്പെടുമാറാകണമേ.

കർത്താവേ! നിന്റെ ജനത്തോടു കരുണ ചെയ്യണമേ. കർത്താവേ! ഞങ്ങളെല്ലാവരുടേയും പാപങ്ങളെ പരിഹരിച്ച് ക്ഷമിക്കണമേ. പരിശുദ്ധനായുള്ളോവേ! നിന്റെ വലതുകൈ ഞങ്ങളുടെ മേൽ ആവസിപ്പിച്ച് നിന്റെ തിരുനാമം നിമിത്തം ഞങ്ങളുടെ രോഗങ്ങളിൽനിന്ന് ഞങ്ങളെ സുഖപ്പെടുത്തണമേ.

**(ഹാശായുടെ കൗമ**......ഇത്യാദി)

**വിശ്വാസപ്രമാണം** .....ഇത്യാദി

ആമ്മീൻ- കുറിയേ....കുറിയേ.......കുറിയേ.........ഞങ്ങളുടെ കർത്താവേ ഞങ്ങളോട് കരുണചെയ്യണമേ. ഞങ്ങളുടെ കർത്താവേ കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമേ. ഞങ്ങളുടെ കർത്താവേ ഉത്തരമരുളിച്ചെയ്തു ഞങ്ങളോടു കരുണചെയ്യണമേ. ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി. ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി. എന്നേക്കും ഞങ്ങളുടെ ശരണവുമേ നിനക്കു സ്തുതി.

ബാറെക്മോർ.

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ......

*(നോമ്പു കാലമായതിനാൽ*
*മൂന്നാംമണി, ആറാംമണി, ഒമ്പതാംമണി നമസ്കാരങ്ങൾ ഉച്ചയ്ക്ക് നടത്തണം)*

## മൂന്നാം മണി നേരത്തെ നമസ്കാരം

**(ഹാശായുടെ കൗമ......ഇത്യാദി)**

**51-ാം മസ്മൂർ**

ദൈവമേ! നിന്റെ കൃപയിൻ പ്രകാരം എന്നോടു കരുണ ചെയ്യണമെ. നിന്റെ കരുണയുടെ ബഹുത്വത്തിൻ പ്രകാരം എന്റെ പാപങ്ങളെ മായിച്ചു കളയണമെ.

എന്റെ അനീതിയിൽനിന്ന് എന്നെ നന്നായി കഴുകി എന്റെ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമേ. എന്തെന്നാൽ ഞാൻ എന്റെ കുറ്റങ്ങളെ അറിയുന്നു. എന്റെ പാപങ്ങളും എപ്പോഴും എന്റെ നേരെ ഇരിക്കുന്നു.

നിനക്കു വിരോധമായിത്തന്നെ ഞാൻ പാപം ചെയ്തു. സന്നിധിയിൽ തിന്മകളേയും ചെയ്തു. അതിനാൽ നിന്റെ വചനത്തിൽ നീ നീതികരിക്കപ്പെടും നിന്റെ വിധികളിൽ നീ ജയിക്കും. എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എന്റെ മാതാവ് എന്നെ ഗർഭം ധരിക്കയും ചെയ്തു.

എങ്കിലും നീതിയിൽ നിനക്ക് തിരുവിഷ്ടമായി . നിന്റെ ജ്ഞാന രഹസ്യങ്ങൾ നീ എന്നോടറിയിച്ചു.

സോപ്പാകൊണ്ട് എന്റെ മേൽ നീ തളിക്കണമെ. ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ നീ വെൺമയാക്കണമെ; ഹിമത്തേക്കാൾ ഞാൻ വെണ്മയാകും.

നിന്റെ ആനന്ദവും സന്തോഷവും കൊണ്ട് എന്നെ തൃപ്തനാക്കണമെ. ക്ഷീണിച്ചിരിക്കുന്ന എന്റെ അസ്ഥികൾ സന്തോഷിക്കും. എന്റെ പാപങ്ങളിൽ നിന്ന് തിരുമുഖം തിരിച്ച് എന്റെ കുറ്റങ്ങളെല്ലാം മായിച്ചു കളയണമെ.

ദൈവമേ! വെടിപ്പുള്ള ഹൃദയത്തെ എന്നിൽ സൃഷ്ടിക്കണമെ. സ്ഥിരതയുള്ള നിന്റെ ആത്മാവിനെ എന്റെ ഉള്ളിൽ പുതുതാക്കണമെ. തിരുസന്നിധിയിൽ നിന്ന് എന്നെ തള്ളിക്കളയരുതേ. നിന്റെ വിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കയും അരുതേ.

എന്നാലോ നിന്റെ ആനന്ദവും രക്ഷയും എനിക്കു തിരിച്ചുതരണമേ. മഹത്വമുള്ള നിന്റെ ആത്മാവ് എന്നെ താങ്ങുമാറാകണമേ. അപ്പോൾ ഞാൻ അതിക്രമക്കാരെ നിന്റെ വഴി പഠിപ്പിക്കും. പാപികൾ നിങ്കലേക്കു തിരികയും ചെയ്യും.

എന്റെ രക്ഷയുടെ ദൈവമായ ദൈവമേ! രക്തത്തിൽ നിന്ന് എന്നെ രക്ഷിക്കണമേ. എന്റെ നാവു നിന്റെ നീതിയെ സ്തുതിക്കും. കർത്താവേ! എന്റെ അധരങ്ങൾ എനിക്കു തുറക്കണമെ. എന്റെ വായ് നിന്റെ സ്തുതികളെ പാടും.

എന്തെന്നാൽ ബലികളിൽ നീ ഇഷ്ടപ്പെട്ടില്ല; സമാധാനഹോമങ്ങളിൽ നീ നിരപ്പായതുമില്ല. ദൈവത്തിന്റെ ബലികൾ താഴ്മയുള്ള ആത്മാവാകുന്നു. ദൈവം തകർന്ന ഹൃദയത്തെ നിരസിക്കയില്ല.

തിരുവുള്ളമുണ്ടായി സെഹിയോനോടു നന്മ ചെയ്യണമെ. യറുശലേമിന്റെ മതിലുകളെ പണിയണമെ. അപ്പോൾ നീതിയോടുകൂടിയ ബലികളിലും സമാധാന ഹോമങ്ങളിലും നീ ഇഷ്ടപ്പെടും. അപ്പോൾ നിന്റെ ബലിപീഠത്തിൻമേൽ അവർ കാളകളെ ബലി കഴിക്കും.

ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ

**എന് യോനൊ**

കർത്താവേ! നീ മരത്തിൽ തൂങ്ങിക്കിടക്കുന്നത് സ്വർഗ്ഗീയ സൈന്യങ്ങൾ കണ്ടിട്ട് അവർ വിസ്മയത്തോടെ നിന്നു. ശപിക്കപ്പെട്ട കൂട്ടം സിംഹങ്ങളെപ്പോലെ നിന്റെ നേരെ അലറി. ആ ദുഷ്ടജനത്തിന് ഹാ! കഷ്ടം.

ഗോഗുൽത്തായിൽ നിന്നെ കണ്ടിട്ട് ഭൂമി ഭ്രമിച്ചു, കുലുങ്ങി. നിന്റെ നേരെ അഹങ്കാരപ്പെട്ടവരായ ശപിക്കപ്പെട്ട ജനത്തിന് ഹാ! കഷ്ടം.

*ബാറക്മോർ*

സകല വായ്കളിൽ നിന്നും സകല നാവുകളിൽനിന്നും സകല സൃഷ്ടികളിൽ നിന്നും നിനക്ക് സുതുതി ഉണ്ടായിരിക്കട്ടെ.

*സ്തൗമെൻകാലോസ് കുറിയേലായിസ്സോൻ*

**കോലാകൾ**

സ്വർഗ്ഗീയ രാജാവിന്റെ വചനമായ ഏകപുത്രാ! നീ ചെയ്ത രക്ഷയെ ഞങ്ങൾ മഹത്ത്വപ്പെടുത്തു

ന്നു. നീ ഞങ്ങളെ പാപത്തിന്റെ വീഴ്ചയിൽനിന്ന് നിന്റെ കരുണമൂലം എഴുന്നേല്പ്പിക്കയും പറുദീസായുടെ അടയ്ക്കപ്പെട്ട വാതിൽ ഞങ്ങൾക്ക് തുറന്നു തരികയും ചെയ്തുവല്ലോ. ദൈവമേ! നിന്റെ ജീവനുള്ള സ്ലീബായെ വന്ദിപ്പാനും അതിന്റെ ചിറകിൻകീഴെ മറഞ്ഞുകൊള്ളുവാനും ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമേ.

*ബാറക്മോർ*

കർത്താവേ! നിന്റെ സ്ലീബായാൽ ഞങ്ങളുടെ ബലഹീനതയെ താങ്ങണമേ. ക്രോധത്തിന്റെ വടികളെ ഞങ്ങളിൽ നിന്ന് നീക്കണമേ. നിന്റെ വൈരികളെ ലജ്ജിപ്പിക്കണമേ. നിന്റെ ആട്ടിൻകൂട്ടമെല്ലാം അനുഗ്രഹിക്കപ്പെടുമാറാകണമേ. ഞങ്ങളുടെ മരിച്ചുപോയവരെ ഭാഗ്യമേറിയ ഭവനങ്ങളിൽ ആശ്വസിപ്പിക്കണമേ. വലതുഭാഗത്തെ മക്കളോട് കൽപ്പിക്കുന്നതായ സന്തോഷവാക്ക് കേൾപ്പാൻ ഞങ്ങളെയും അവരെയും യോഗ്യരാക്കിത്തീർക്കുകയും ചെയ്യണമേ.

## ബോത്തെദ്ഹാശോ

***(കൂട്ടമായി നമസ്ക്കരിക്കുമ്പോൾ ബോത്തെദ്ഹാശോ മുതൽ ബോവൂസൊ വരെയുള്ള ഭാഗങ്ങൾ ഒന്നോ രണ്ടോ പേർ ചേർന്നു ചൊല്ലുകയും, മറ്റുള്ളവർ കേട്ട് ധ്യാനിച്ച് കുമ്പിടുകയും ചെയ്യണം. ബോവൂസൊയിൽ അലോഹൻ റാഹേമേലൈൻ .. എന്നുള്ളത് എല്ലവരും കൂടി ചൊല്ലണം)***

*കർത്താവേ! ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ കഷ്ടാനുഭവം വാഴ്ത്തപ്പെട്ടതാകുന്നു. ഞങ്ങളുടെ നിമിത്തമുള്ള നിന്റെ താഴ്മയും വാഴ്ത്തപ്പെട്ടതാകുന്നു.

***(ഈ ബോത്തെദ്ഹാശോയുടെ ആദ്യത്തെ നിറുത്ത് അറിയിപ്പിന്റെ ശനിയാഴ്ച മാത്രം താഴെ വരുന്ന പ്രകാരം ചൊല്ലുക)***

*(മരണം ആസ്വദിച്ചവനായി ജീവനുള്ളവന്റെ പുത്രനായവൻ വാഴ്ത്തപ്പെട്ടവനാകുന്നു. കബറിൽ നാശം കാണാതിരുന്നിട്ടുള്ള പുണ്യവാൻ വാഴ്ത്തപ്പെട്ടവനാകുന്നു)

വഞ്ചകനായ ശിഷ്യൻ അന്ധകാരത്തിന്റെ മക്കളോട് തന്റെ ഗുരുവിന്റെ വില വാങ്ങി. ഞാൻ മുത്തുന്നവനെ പിടിച്ചുകൊള്ളണമെന്നുള്ള അടയാളവും അവർക്കു കൊടുത്തു. ആ വഞ്ചകൻ തന്റെ കൂട്ടുശിഷ്യന്മാരിൽ നിന്നും വേർപിരിഞ്ഞ് അന്ധകാരത്തിന്റെ പുത്രന്മാരോട് ചേരുകയും അങ്ങനെ നരകത്തിന്റെ അവകാശിയായിത്തീരുകയും ചെയ്തു. ശെമഓൻ, ഞാനിവനെ അറിയുന്നില്ല എന്നു പറഞ്ഞ് ഉപേക്ഷിച്ചു. ആചാര്യന്മാർ ദൈവപുത്രനെ ദുഷി പറയുകയും അവന്റെ തലയിൽ കിഴുക്കുകയും മുഖത്ത് തുപ്പുകയും ചെയ്തു.

അവർ രാത്രിയിൽ വിളക്കു കത്തിച്ചുകൊണ്ട് പ്രകാശത്തിൽ വസിക്കുന്നവനായ പ്രകാശത്തിന്റെ രാജാവിനെ വിസ്തരിച്ചു. ആദാമിനു കുപ്പായമുണ്ടാക്കിക്കൊടുത്തവനെ അവർ ആക്ഷേപത്തിന്റെ കുപ്പായം ധരിപ്പിക്കുകയും മുള്ളുകൊണ്ട് മെടഞ്ഞുണ്ടാക്കിയ കിരീടം അവന്റെ തലയിൽ വയ്ക്കുകയും ശപിക്കപ്പെട്ട ദാസൻ തന്റെ കവിളത്ത് അടിക്കുകയും ചെയ്തു. സ്നേഹംമൂലം ഞങ്ങൾക്കുവേണ്ടി വിലങ്ങും അടികളും അക്രമങ്ങളും ആക്ഷേപങ്ങളും വിസ്താരവും അനുഭവിപ്പാൻ തിരുമനസ്സായ കർത്താവേ! നിനക്കും നിന്റെ പിതാവിനും പരിശുദ്ധ റൂഹായ്ക്കും ഞങ്ങൾ സ്തുതിയും സ്തോത്രവും പാടുന്നു.

കർത്താവേ! നിന്നെ ന്യായം വിസ്തരിച്ച ജനങ്ങളെ നീ വിസ്തരിക്കുമ്പോൾ ഞങ്ങളോടുള്ള ന്യായവിസ്തരത്തിന് നീ പ്രവേശിക്കരുതേ.

*മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ*

## ബോവൂസൊ

*ഞങ്ങളുടെ കർത്താവേ! ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ മഹാകഷ്ടാനുഭവത്തെ ഓർത്ത് ഞങ്ങളോട് കരുണ ചെയ്യണമേ. ഞങ്ങൾ നിന്റെ കഷ്ടാനുഭവത്തിൽ കഷ്ടപ്പെടുന്നവരും നിന്റെ രാജ്യത്തിൽ അവകാശികളും ആയിത്തിരുമാറാകണമേ.

ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ

***(ബോവുസായുടെ ആദ്യത്തെ നിറുത്ത്, അറിയപ്പിന്റെ ശനിയാഴ്ച താഴെകാണുന്നപ്രകാരം ചൊല്ലണം.)***

*തന്റെ ശബ്ദം മൂലം മരിച്ചവരെ കബറുകളിൽ നിന്ന് ഉയർപ്പിക്കുന്ന പുത്രൻ ഉയിർപ്പു ദിവസത്തിൽ അവരെ മഹത്വത്തിന്റെ അങ്കി ധരിപ്പിക്കുന്നു.

ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ

കർത്താവേ! നിന്റെ മരണത്താൽ ഞങ്ങളുടെ മരണത്തെ നീ കൊന്ന് ഞങ്ങൾക്ക് മരണമില്ലായ്മയെ നൽകി ഞങ്ങളെ കഷ്ടപ്പെടുത്തുന്നവനായ ദുഷ്ടനെ നിന്റെ കഷ്ടാനുഭവത്താൽ നീ കഷ്ടപ്പെടുത്തി. സകലത്തേയും വഹിച്ചുകൊണ്ടിരിക്കുന്നവനായ നിന്നെ യൗസേഫും നിക്കോദീമോസും കൂടി വഹിച്ചു.

ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ

ജീവനുള്ളവനായ നീ മരിച്ചവനെപ്പോലെ കബറടക്കപ്പെട്ടു. ആദ്യന്തമില്ലാത്തവനായ നീ ശവക്കല്ലറ

യുടെ അതിരുകളിൽ അടയ്ക്കപ്പെട്ടു. സത്യവാനും നീതിമാനും ആയ നീ കള്ളന്മാരുടെ മദ്ധ്യേ തൂങ്ങിക്കിടന്നു. സകലത്തേയും പോറ്റുന്നവനായ നീ ദാഹിക്കുന്നുവെന്ന് വിളിച്ചു പറഞ്ഞു. മനുഷ്യരായ ഞങ്ങളെ ദൈവീകരാക്കിത്തീർക്കുവാനായിട്ട് കഷ്ടതയിലേക്കും മരണത്തിലേയ്ക്കും തിരുവിഷ്ടത്തോടെ ഇറങ്ങിവന്നവനായ നിനക്ക് സ്തുതി.

ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ

*ഞങ്ങളുടെ കർത്താവേ! ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ മഹാകഷ്ടാനുഭവത്തെ ഓർത്ത് ഞങ്ങളോട് കരുണ ചെയ്യണമേ. ഞങ്ങൾ നിന്റെ കഷ്ടാനുഭവത്തിൽ കഷ്ടപ്പെടുന്നവരും നിന്റെ രാജ്യത്തിൽ അവകാശികളും ആയിത്തിരുമാറാകണമേ.

ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ

***(അവസാനത്തെ നിറുത്ത്, അറിയപ്പിന്റെ ശനിയാഴ്ച താഴെകാണുന്നപ്രകാരം ചൊല്ലണം.)***

*മരിച്ചവരെ കബറുകളിൽനിന്നുയർപ്പിക്കുകയും ഉയിർപ്പു ദിവസത്തിൽ അവരെ മഹത്ത്വത്തിന്റെ അങ്കി ധരിപ്പിക്കുകയും ചെയ്യുന്നവനേ! നിനക്ക് സ്തുതി.

ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ

**(ഹാശായുടെ കൗമ......ഇത്യാദി)**

## മദ്ധ്യാഹ്ന നമസ്കാരം - 6-ാം മണി

**(ഹാശായുടെ കൗമ......ഇത്യാദി)**

### എന് യോനൊ

മ്ശിഹാ തമ്പുരാനേ! നീ സകലത്തിന്റെയും ജീവനും ആശാബന്ധവുമാകയാൽ നീ ഞങ്ങളോടു കൃപചെയ്യണമേ.

നീ മരണനുകത്തെ തകർക്കുകയും മനുഷ്യവർഗ്ഗത്തെ രക്ഷിക്കുകയും ചെയ്തുവല്ലോ. നിന്റെ ഇമ്പമുള്ള നുകം ഞങ്ങളുടെ മേൽ വയ്ക്കണമേ.

നിന്റെ ശരീരത്തിൽനിന്നു ലോകനടപടിപ്രകാരം ആത്മാവു വേർപിരിഞ്ഞെങ്കിലും നിന്റെ ദൈവത്വം ആത്മാവിൽനിന്നാകട്ടെ ശരീരത്തിൽ നിന്നാകട്ടെ വേർപിരിഞ്ഞിട്ടില്ല. കർത്താവേ! നീ ഞങ്ങളിൽ നിന്ന് വേർപിരിഞ്ഞുപോകരുതേ.

നീ വാഗ്ദത്തം ചെയ്തപ്രകാരം വലത്തുഭാഗത്തെ കള്ളനെ പറുദീസായിലേക്കു പ്രവേശിച്ചുവല്ലോ. ഞങ്ങളെ പറുദീസായിൽ നിന്ന് നീ അന്യരാക്കിത്തീർക്കരുതേ.

*ബാറക്മോർ*

കുരിശിൽ കിടന്നുകൊണ്ട് നിന്റെ വിലാവിൽ കുത്തുകൊള്ളുകയും ലോകത്തിനു പാപപരിഹാരമായി അവിടെനിന്നു രക്തവും വെള്ളവും ഒഴുക്കുകയും ചെയ്തുവല്ലോ. നിന്റെ ജീവനുള്ള വചനങ്ങൾ കേൾക്കുമ്പോൾ ഞങ്ങൾക്കു കുത്തുകൊള്ളുകയും നിന്നിൽനിന്ന് ഞങ്ങൾ പാപപരിഹാരം കൈക്കൊള്ളുകയും ചെയ്യുമാറാകണമേ.

*സ്തൗമെൻകാലോസ് കുറിയേലായിസ്സോൻ*

### കോലോകൾ

കർത്താവേ! ഞങ്ങളുടെ മരിച്ചവരുടെ മേൽ കൃപയും കരുണയുമാകുന്ന പനിനീർ തളിക്കണമേ. പാപങ്ങളുടെ അഗാധക്കുഴിയിൽ നിന്ന് ഞങ്ങളെ കരേറ്റണമേ. സകലത്തിന്റെയും ഉടയവനും ദൈവവും നീ ആയിരിക്കുമ്പോൾ സനേഹത്തോടും മനസ്സോടും കൂടെ കഷ്ടതകളും മരണവും അനുഭവിപ്പാൻ നീ ഒരുങ്ങിയതിനെക്കുറിച്ച് നിന്നെ സ്തോത്രം ചെയ്വാൻ നന്ദിയുള്ള ഹൃദയം ഞങ്ങൾക്കു തരണമേ. പാപികളായ ഞങ്ങൾ നിന്റെ തിരുമുമ്പിൽ സമർപ്പിക്കുന്ന സ്തോത്രബലികളിൽ നിനക്ക് അറപ്പുതോന്നരുതേ.

*ബാറെക്മോർ*

പാപരോഗം പിടിച്ചു അശുദ്ധരായിരിക്കുന്ന ഞങ്ങളെ നീ ശുദ്ധീകരിച്ച് വെടിപ്പാക്കുകയും ഞങ്ങളെ സുഗന്ധവാസനയുള്ളവരാക്കിത്തീർക്കുകയും ചെയ്യണമേ. മനുഷ്യാവതാരം ചെയ്വാനും ഹീനതകളെ ഏൽപ്പാനും കഷ്ടതകളെ സഹിപ്പാനും അപമാനകരമായ മരണത്തെ അനുഭവിപ്പാനും നിന്നെത്തന്നെ നിർബന്ധിച്ചതായ അതുല്യമായ കരുണയും സ്നേഹവും ഇപ്പോൾ ഞങ്ങളെ കൈക്കൊള്ളുവാൻ നിന്നെ നിർബന്ധിക്കുമെന്ന് വിശ്വസിച്ചുകൊണ്ട് ശരണത്തോടെ നിന്നെ ഞങ്ങൾ വിളിക്കുന്നു. നീതിമാൻമാരെയല്ല പാപികളെ വിളിപ്പാൻ വന്നവനെ! ഞങ്ങളെ തള്ളിക്കളയരുതേ.

മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ

## ബോത്തെദ്ഹാശോ

*(കൂട്ടമായി നമസ്ക്കരിക്കുമ്പോൾ ബോത്തെദ്ഹാശോ മുതൽ ബോവൂസൊ വരെയുള്ള ഭാഗങ്ങൾ ഒന്നോ രണ്ടോ പേർ ചേർന്നു ചൊല്ലുകയും, മറ്റുള്ളവർ കേട്ട് ധ്യാനിച്ച് കുമ്പിടുകയും ചെയ്യണം. ബോവൂസൊയിൽ അലോഹൻ റാഹേമേലൈൻ .. എന്നുള്ളത് എല്ലവരും കൂടി ചൊല്ലണം)*

*കർത്താവേ! ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ കഷ്ടാനുഭവം വാഴ്ത്തപ്പെട്ടതാകുന്നു ഞങ്ങളുടെ നിമിത്തമുള്ള നിന്റെ താഴ്മയും വാഴ്ത്തപ്പെട്ടതാകുന്നു.

*(ഈ ബോത്തെദ്ഹാശോയുടെ ആദ്യത്തെ നിറുത്ത് അറിയിപ്പിന്റെ ശനിയാഴ്ച മാത്രം താഴെ വരുന്ന പ്രകാരം ചൊല്ലുക)*

*(മരണം ആസ്വദിച്ചവനായി ജീവനുള്ളവന്റെ പുത്രനായവൻ വാഴ്ത്തപ്പെട്ടവനാകുന്നു. കബറിൽ നാശം കാണാതിരുന്നിട്ടുള്ള പുണ്യവാൻ വാഴ്ത്തപ്പെട്ടവനാകുന്നു)

യരുശലേമിൽ നടന്ന ഭ്രമിക്കത്തക്കതായ. സംഗതികളെക്കുറിച്ച് സർവ്വസൃഷ്ടികളും വിലപിച്ചു. അവളെക്കുറിച്ച് വിലപിക്കാതിരിക്കാൻ ആർക്കു കഴിയും.

അവകാശിയായ പുത്രൻ പിതാവിന്റെ മുന്തിരിത്തോപ്പിലേക്ക് അയക്കപ്പെട്ടു. ശപിക്കപ്പെട്ട വേലക്കാർ അവനെ പിടിച്ചു കുരിശിൽ തറച്ചുകൊന്നു. ഇതിനെക്കുറിച്ച് ഹൃദയം തകരാത്തവൻ ആരുണ്ട്!

അന്യായക്കാരായ ആചാര്യന്മാർ രാത്രിയിൽ അവനെ കുറ്റം ചുമത്തി. പകലിൽ അവനെ കൊല്ലുവാനായിട്ട് നാടുവാഴിയെ ഏൽപ്പിച്ചു. ഇതിൽ സങ്കടപ്പെടാത്തവൻ ആരുണ്ട്!

അന്ധകാരത്തിന്റെ മക്കൾ രാത്രിയിൽ അവനെ പിടിച്ചു വിസ്തരിച്ചു. പകലിൽ അവനെ കുരിശിന്മേൽ ഉയർത്തി. ഇതിൽ സങ്കടപ്പെടാത്തവൻ ആരുണ്ട്!

രക്ഷിതാവിനെ കുറ്റപ്പെടുത്തിയ ആചാര്യൻ നിഗളത്തോടെ ഇരിക്കുമ്പോൾ രക്ഷിതാവ് അവന്റെ മുമ്പിൽ നിൽക്കുകയും വിസ്തരിക്കപ്പെടുകയും ചെയ്തു. ഇതിൽ വിസ്മയിക്കാത്തവരാരുണ്ട്!

അവൻ ദാഹത്തിനു വെള്ളം ചോദിച്ചു. അവർ അവനു ചൊറുക്കാ കൊടുത്തു. ഇതിൽ സങ്കടപ്പെടാതിരിക്കുന്നതെങ്ങനെ!

ദൈവപുത്രാ! നീ സ്വർഗ്ഗത്തിൽ മാലാഖമാരെ വിട്ടിട്ട് ഞങ്ങൾക്കുവേണ്ടി മരിച്ച് മഹാരക്ഷ നടത്തിയതിനാൽ നിനക്കു സ്തുതി.

വാഴ്ത്തപ്പെട്ട പിതാവിന്റെ പുത്രനായ യേശുവേ! കഷ്ടാനുഭവം മൂലം ലോകം ശാപത്തിൽനിന്ന് രക്ഷിക്കപ്പെട്ടതിനാൽ നിനക്കു സ്തുതി. നിനക്കും നിന്റെ പിതാവിനും പരിശുദ്ധ റൂഹായ്ക്കും എന്നേയ്ക്കും സ്തുതി.

കർത്താവേ! നിന്നെ ന്യായം വിസ്തരിച്ച ജനത്തെ നീ വിസ്തരിക്കുമ്പോൾ ഞങ്ങളോടുള്ള ന്യായവിസ്താരത്തിന് നീ പ്രവേശിക്കരുതേ.

*മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ*

## ബോവൂസൊ

*കഷ്ടാനുഭവത്തിനും കുരിശുമരണത്തിനും വന്നവനായ മ്ശിഹാ! ഞങ്ങളുടെ അപേക്ഷ കേട്ട് ഞങ്ങളുടെ ആത്മാക്കളോട് കരുണ ചെയ്യണമേ.

ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ

*(ബോവുസായുടെ ആദ്യത്തെ നിറുത്ത്, അറിയപ്പിന്റെ ശനിയാഴ്ച താഴെകാണുന്നപ്രകാരം ചൊല്ലണം.)*

*തന്റെ ശബ്ദം മൂലം മരിച്ചവരെ കബറുകളിൽ നിന്ന് ഉയർപ്പിക്കുന്ന പുത്രൻ ഉയിർപ്പു ദിവസത്തിൽ അവരെ മഹത്വത്തിന്റെ അങ്കി ധരിപ്പിക്കുന്നു.

ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ

കർത്താവേ! മുഖസ്തുതിക്കാരായ പ്രീശന്മാർക്കും സൊപ്രേന്മാർക്കും ഉള്ള നിത്യ ദുരിതത്തിൽ നിന്നു ഞങ്ങളെ നീ രക്ഷക്കണമേ. അവരുടെ വികടവിചാരങ്ങൾ ഞങ്ങളിൽ ഉണ്ടാകരുതേ. രക്തം ചൊരിയുന്നവരും ചതിയന്മാരുമായ മനുഷ്യരിൽനിന്ന് ഞങ്ങളെ കാത്തുകൊള്ളണമേ. വലത്തുഭാഗത്തെ കള്ളനോടുകൂടെ നിന്റെ രാജ്യത്തിൽ ഞങ്ങളെ ആനന്ദിപ്പിക്കണമേ. നിന്റെ താഴ്മയും സ്നേഹവും കരുണയും ഞങ്ങളെ പഠിപ്പിക്കണമേ. ഞങ്ങളുടെ ആലോചനകളും വിചാരങ്ങളും പ്രകാശമാകുന്ന നിന്നാൽ പ്രകാശിക്കുമാറാകണമേ.

ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ

ഞങ്ങൾ നിന്റെ മഹത്ത്വപ്രത്യക്ഷതയെ എതിരേൽപ്പാൻ ഒരുങ്ങിയിരിക്കുന്നവരും അഴുക്കില്ലാത്ത വസ്ത്രങ്ങൾ ധരിച്ച് ദീപങ്ങൾ കൊളുത്തി പിടിച്ചിരിക്കുന്നവരും ആയിരിപ്പാൻ യോഗ്യരായിത്തിരണമേ. ആ ഭയങ്കര സമയത്ത് കർത്താവേ! വാതുൽക്കൽ നിന്നു ഞങ്ങളെ നീ പുറത്തു തള്ളിക്കളയരുതേ. ഈ കഷ്ടാനുഭവനാളുകളിൽ നിന്റെ സന്നിധിയിൽ ഞങ്ങൾ കഴിച്ചിട്ടുള്ള അപേക്ഷകളും പ്രാർത്ഥനകളും ജാഗരണങ്ങളും പ്രയത്നങ്ങളും ഞങ്ങളിൽ നിന്ന് കൈക്കൊള്ളേണമേ. മേൽപട്ടക്കാരും പട്ടക്കാരും

ശെമ്മാശ്ശന്മാരും ഭരണകർത്താക്കന്മാരും ന്യായാധിപന്മാരും പ്രഭുക്കന്മാരും ധനവാന്മാരും ദരിദ്രന്മാരും ബാല്യക്കാരും പുരുഷന്മാരും സ്ത്രീകളും കുഞ്ഞുങ്ങളും ആയ എല്ലാവരുടെ മേലും നിന്റെ ധാരാള മായ കൃപകളും വരങ്ങളും ചൊരിയണമേ.

ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ

ഞങ്ങളുടെ കർത്താവേ! നിന്റെ കഷ്ടാനുഭവത്തിൽ ആകാശവും ഭൂമിയും കഷ്ടത ധരിച്ചു. മാലാ ഖമാരും മനുഷ്യരും നിന്റെ താഴ്മയുടെ ആധിക്യത്തെക്കുറിച്ച് വിസ്മയിച്ച് അത്ഭുതപ്പെട്ടു.

ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ

***(അവസാനത്തെ നിറുത്ത്, അറിയപ്പിന്റെ ശനിയാഴ്ച താഴെകാണുന്നപ്രകാരം ചൊല്ലണം.)***

*മരിച്ചവരെ കബറുകളിൽനിന്നുയർപ്പിക്കുകയും ഉയിർപ്പു ദിവസത്തിൽ അവരെ മഹത്ത്വത്തിന്റെ അങ്കി ധരിപ്പിക്കുകയും ചെയ്യുന്നവനേ! നിനക്ക് സ്തുതി.

ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ

**(ഹാശായുടെ കൗമ**......ഇത്യാദി)

## ഒൻപതാം മണിനേരത്തെ നമസ്കാരം

**(ഹാശായുടെ കൗമ**......ഇത്യാദി)

### എന് യോനൊ

കർത്താവേ! നിന്റെ മരണത്താൽ ലോകത്തിന് ജീവനും രക്ഷയും നീ നൽകിയതിനാൽ നിനക്ക് സ്തുതി.

സർവ്വശക്തനും സകലത്തിന്റെയും ഉടയവനും ആയ നിന്റെ കബറിനെ കാപ്പാനായിട്ട് യഹൂദ ന്മാർക്ക് ഭ്രാന്ത്പിടിച്ചിട്ട് കാവൽക്കാരോടുകൂടി കല്ലിന് മുദ്രകുത്തി.

കർത്താവേ! ലോകത്തിൽ നീ അനുഭവിച്ച ഹീനതകളേയും കഷ്ടതകളേയും ഓർക്കുന്നവരായ ഞങ്ങൾ നിന്റെ സർവ്വശക്തിയെ നിരസിപ്പാനിടയാകരുതേ.

നിന്റെ കഷ്ടതകളും മരണവും എല്ലാം ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി അളവറ്റ സ്നേഹത്തോടെ തിരുവിഷ്ടപ്രകാരം നീ സഹിച്ചു എന്ന് തിരിച്ചറിഞ്ഞുകൊണ്ട് ഇടവിടാതെ നിന്നെ സ്തോത്രം ചെയ് വാൻ ഞങ്ങൾക്കു കൃപ ചെയ്യണമേ. ബാറക്മോർ

കർത്താവേ! നിന്റെ സഭയുടെ മേൽ എന്നേയ്ക്കും നിന്റെ വാഴ്വുകളെ ചൊരിയണമേ. നിന്റെ പരിശുദ്ധ റൂഹാ അതിൻമേൽ വസിക്കണമേ. സത്യവിശ്വാസം എന്നേയ്ക്കും അതിൽ സ്ഥിരമായിരിക്ക ണമേ.

*സ്തൗമെൻകാലോസ് കുറിയേലായിസ്സോൻ*

### കോലോകൾ

കർത്താവേ നിന്റെ സഭയെ അതിന്റെ മക്കളുടെ കൂട്ടങ്ങളാൽ പ്രാബല്യപ്പെടുത്തണമേ. അതിന്റെ മക്കളെ മരണത്തിന്റെ അധികാരത്തിൽ നിന്നും ദുഷ്ടന്റെ അടിമത്തത്തിൽ നിന്നും സ്വാതന്ത്ര്യപ്പെടുത്തി രക്ഷിക്കണമേ. അതിൽ നിരപ്പും സമാധാനവും വർദ്ധിക്കയും ചെയ്യണമേ.

*ബാറെക്മോർ.*

കർത്താവേ! നീ ഞങ്ങളെ സ്നേഹച്ചതുപോലെ വെടിപ്പുള്ള ഹൃദയത്തോടും പരമാർത്ഥതയോടും കൂടെ നിന്നെ സ്നേഹിപ്പാനും തമ്മിൽതമ്മിൽ സ്നേഹിപ്പാനും നിന്റെ കൽപ്പനകളെ ആചരിപ്പാനും നിന്റെ സ്ലീബായിൽ അഭയം പ്രാപിപ്പാനും ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമേ.

*മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ*

### ബോത്തെദ്ഹാശോ

***(കൂട്ടമായി നമസ്ക്കരിക്കുമ്പോൾ ബോത്തെദ്ഹാശോ മുതൽ ബോവൂസൊ വരെയുള്ള ഭാഗങ്ങൾ ഒന്നോ രണ്ടോ പേർ ചേർന്നു ചൊല്ലുകയും, മറ്റുള്ളവർ കേട്ട് ധ്യാനിച്ച് കുമ്പിടുകയും ചെയ്യണം. ബോവൂസൊയിൽ അലോഹൻ റാഹേമേലൈൻ .. എന്നുള്ളത് എല്ലവരും കൂടി ചൊല്ലണം)***

*കർത്താവേ! ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ കഷ്ടാനുഭവം വാഴ്ത്തപ്പെട്ടതാകുന്നു ഞങ്ങളുടെ നിമിത്തമുള്ള നിന്റെ താഴ്മയും വാഴ്ത്തപ്പെട്ടതാകുന്നു.

***(ഈ ബോത്തെദ്ഹാശോയുടെ ആദ്യത്തെ നിറുത്ത് അറിയിപ്പിന്റെ ശനിയാഴ്ച മാത്രം താഴെ വരുന്ന പ്രകാരം ചൊല്ലുക)***

*(മരണം ആസ്വദിച്ചവനായി ജീവനുള്ളവന്റെ പുത്രനായവൻ വാഴ്ത്തപ്പെട്ടവനാകുന്നു. കബറിൽ നാശം കാണാതിരുന്നിട്ടുള്ള പുണ്യവാൻ വാഴ്ത്തപ്പെട്ടവനാകുന്നു)

ആകാശത്തേയും ഭൂമിയേയും സൃഷ്ടിച്ചുണ്ടാക്കിയവനെ ദുഷ്ടന്മാർ പിടിച്ചുകെട്ടി ചമ്മട്ടികളാൽ അടിക്കുകയും തൂക്കുമരത്തെ തോളിൽ ചുമന്നുകൊണ്ട് ഗോഗുൽത്താമലയിലേയ്ക്ക് നടത്തുകയും

കള്ളന്മാരുടെ നടുവിൽ കുരിശിൽ തൂക്കുകയും ചെയ്തു. തന്റെ വസ്ത്രങ്ങളെ അവർ ചീട്ടിട്ടു ഭാഗിച്ചു. സിംഹകുട്ടയായ താൻ കുരിശിൽകിടന്നുകൊണ്ട് അട്ടഹസിച്ചപ്പോൾ ഭൂമി കുലുങ്ങി. അന്ധകാരത്തിന്റെ മക്കൾ പേടിച്ചു. സാത്താന്റെ കിരീടം നീക്കപ്പെട്ടു എന്ന് അവൻ അറിഞ്ഞ് ഏറ്റം വിലപിച്ചു.

ബലവാനായ രക്ഷിതാവ് മരിച്ചവരുടെ ഇടയിൽ പാതാളത്തിൽചെന്ന് അതിന്റെ കോട്ടകളെ ഇടിച്ചു പൊളിക്കയും വാതിലുകളെ തകർക്കുകയും ആദാമിനെ രക്ഷപെടുത്തുകയും ചെയ്തു. തന്റെ ഉയിർപ്പിനെ വിശ്വസിച്ചവരായ ആദാമിന്റെ മക്കൾക്ക് കബറിൽനിന്ന് പറുദീസായുടെ അകത്തേക്കു നേരെ വഴിതെളിക്കുകയും മരണത്തെയും സാത്താനേയും കാലുകൾക്ക് കീഴെ ഇട്ട് ചവിട്ടി ജയത്തോടെ പുറപ്പെടുകയും ചെയ്തു.

കർത്താവേ! നിന്നെ ന്യായം വിസ്തരിച്ച ജനത്തെ നീ വിസ്തരിക്കുമ്പോൾ ഞങ്ങളോടുള്ള ന്യായവിസ്താരത്തിനു നീ പ്രവേശിക്കരുതേ.

*മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ*

## ബോവൂസൊ

ഞങ്ങളുടെ കർത്താവേ! ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ മഹാകഷ്ടാനുഭവത്തെ ഓർത്ത് ഞങ്ങളോടു കരുണ ചെയ്യണമേ. ഞങ്ങൾ നിന്റെ കഷ്ടാനുഭവത്തിൽ കഷ്ടപ്പെടുന്നവരും നിന്റെ രാജ്യത്തിൽ അവകാശികളും ആയിത്തിരുമാറാകണമേ.

*ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ*

***(ബോവുസായുടെ ആദ്യത്തെ നിറുത്ത്, അറിയപ്പിന്റെ ശനിയാഴ്ച താഴെകാണുന്നപ്രകാരം ചൊല്ലണം.)***

*തന്റെ ശബ്ദം മൂലം മരിച്ചവരെ കബറുകളിൽ നിന്ന് ഉയർപ്പിക്കുന്ന പുത്രൻ ഉയിർപ്പു ദിവസത്തിൽ അവരെ മഹത്വത്തിന്റെ അങ്കി ധരിപ്പിക്കുന്നു.

*ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ*

കർത്താവേ! നീ മരിച്ച് ഞങ്ങളെ ജീവിപ്പിച്ചിരിക്കുന്നതുകൊണ്ട് രണ്ടാമത്തെ മരണത്തിൽനിന്ന് ഞങ്ങളെ രക്ഷിക്കണമേ. ഞങ്ങൾ ചെയ്തുപോയിട്ടുള്ള സകല പാപങ്ങളും ഞങ്ങളോട് ക്ഷമിക്കണമേ. ഞങ്ങളുടെ പ്രാർത്ഥന സ്വർഗ്ഗത്തിന്റെ വാതിലുകളെ തുറക്കുന്ന താക്കോലായിരിക്കണമേ.

*ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ*

തന്റെ ആടുകൾക്കുവേണ്ടി ജീവനെ വെടിഞ്ഞവനായ നല്ല ഇടയാ! നിന്റെ തിരുവിഷ്ടത്തിനൊത്ത വണ്ണം ഞങ്ങളുടെ ആയുഷ്ക്കാലമെല്ലാം നിന്റെ സന്നിധിയിൽ ഞങ്ങൾ കാണപ്പെടുമാറാകണമേ. ദുഷ്ടന്റെ അസൂയയിൽനിന്ന് ഞങ്ങളെ കാത്തുകൊള്ളണമേ. നിന്റെ തിരുവചനങ്ങളെ തിരിച്ചറിയുവാൻ ഞങ്ങളുടെ ബോധങ്ങളെ പ്രകാശിപ്പിക്കണമേ.

*ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ*

കർത്താവേ! ഞങ്ങളെയും ഞങ്ങളുടെ പിതാക്കന്മാരുയും ഞങ്ങളുടെ സഹോദരന്മാരെയും നിന്റെ ശരണത്തിൻമേൽ മരിച്ചുപോയിരിക്കുന്ന സകല മരിച്ചവരേയും മുഖപ്രസാദത്തിനും നിന്റെ രാജ്യത്തിലെ ആനന്ദത്തിനും യോഗ്യരാക്കിത്തീർക്കണമേ.

*ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ*

ഞങ്ങളുടെ കർത്താവേ! ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ മഹാകഷ്ടാനുഭവത്തെ ഓർത്ത് ഞങ്ങളോട് കരുണ ചെയ്യണമേ. ഞങ്ങൾ നിന്റെ കഷ്ടാനുഭവത്തിൽ കഷ്ടപ്പെടുന്നവരും നിന്റെ രാജ്യത്തിൽ അവകാശികളും ആയിത്തീരുമാറാകണമേ.

*ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ*

***(അവസാനത്തെ നിറുത്ത്, അറിയപ്പിന്റെ ശനിയാഴ്ച താഴെകാണുന്നപ്രകാരം ചൊല്ലണം.)***

*മരിച്ചവരെ കബറുകളിൽനിന്നുയർപ്പിക്കുകയും ഉയിർപ്പു ദിവസത്തിൽ അവരെ മഹത്ത്വത്തിന്റെ അങ്കി ധരിപ്പിക്കുകയും ചെയ്യുന്നവനേ! നിനക്ക് സ്തുതി.

ആളോഹൻ റാഹേം അലൈൻ, കുറിയേലായിസോൻ

## ഹാശായുടെ കൗമാ

## വിശ്വാസപ്രമാണം.

സർവശക്തിയുള്ള പിതാവായി ആകാശത്തിന്റെയും ഭൂമിയുടെയും

കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റെയും സ്രഷ്ടാവായ സത്യേക ദൈവത്തിൽ (ഞങ്ങൾ വിശ്വസിക്കുന്നു).

ദൈവത്തിന്റെ ഏക പുത്രനും, സർവലോകങ്ങൾക്കും മുമ്പേ പിതാവിൽ നിന്നു ജനിച്ചവനും,പ്രകാശത്തിൽ നിന്നുള്ള പ്രകാശവും, സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും, ജനിച്ചവനും സൃഷ്ടിയല്ലാത്തവനും, സാരാംശത്തിൽ പിതാവിനോടു ഒന്നായിരിക്കുന്നവനും, താൻമൂലം സകലവും ഉളവായവനും, മനുഷ്യരായ ഞങ്ങൾക്കും ഞങ്ങളുടെ രക്ഷയ്ക്കും വേണ്ടി തിരുമനസ്സായ പ്രാകരം ✝ സ്വർഗത്തിൽ നിന്നി

റങ്ങി, പരിശുദ്ധ റൂഹായിൽ നിന്നും ദൈവമാതാവായ വിശുദ്ധ കന്യക മറിയാമിൽ നിന്ന് ✝ശരീരിയായി ത്തീർന്നു മനുഷ്യനായി, പൊന്തിയോസ് പീലാത്തോസിന്റെ ദിവസങ്ങളിൽ ഞങ്ങൾക്കുവേണ്ടി ✝കുരിശിൽ തറയ്ക്കപ്പെട്ട്, കഷ്ടത അനുഭവിച്ചു മരിച്ച്, അടക്കപ്പെട്ട്, മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റു സ്വർഗത്തിലേക്കു കരേറി തന്റെ പിതാവിന്റെ വലതുഭാഗത്ത് ഇരുന്നവനും, ജീവനുള്ളവരേയും മരിച്ചവരേയും വിധിപ്പാൻ തന്റെ വലിയ മഹത്വത്തോടെ ഇനിയും വരുവാനിരിക്കുന്നവനും, തന്റെ രാജ്യത്തിനു അവസാനമില്ലാത്തവനുമായ യേശുമ്ശീഹാ ആയ ഏക കർത്താവിലും (ഞങ്ങൾ വിശ്വസിക്കുന്നു.)

സകലത്തേയും ജീവിപ്പിക്കുന്ന കർത്താവും പിതാവിൽ നിന്നു പുറപ്പെട്ടു പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ടു സ്തുതിക്കപ്പെടുന്നവനും, നിബിയന്മാരും ശ്ളീഹന്മാരും മുഖാന്തരും സംസാരിച്ചവനുമായ ജീവനും വിശുദ്ധിയുമുള്ള ഏക റൂഹായിലും, കാതോലികവും, ശ്ളൈഹികവുമായ ഏക വിശുദ്ധ സഭയിലും (ഞങ്ങൾ വിശ്വസിക്കുന്നു.)

പാപമോചനത്തിനു മാമോദീസാ ഒന്നു മാത്രമാകുന്നു എന്നു ഞങ്ങൾ ഏറ്റു പറഞ്ഞ്, മരിച്ചുപോയവരുടെ ഉയിർപ്പിനും, വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനുമായി ഞങ്ങൾ നോക്കി പാർക്കുന്നു.

ജനം: ആമ്മീൻ

ശുശ്രൂഷകൻ: ബാറെക്മോർ, സ്തൗമെൻകാലോസ്

1. കുറിയേലായിസോൻ
2. ഞങ്ങളുടെ കർത്താവേ! ഞങ്ങളോട് കരുണ ചെയ്യണമേ.
3. ഞങ്ങളുടെ കർത്താവേ! കൃപയുണ്ടായി ഞങ്ങളോട് കരുണ ചെയ്യണമേ.
4. ഞങ്ങളുടെ കർത്താവേ! ഉത്തരമരുളിച്ചെയ്ത് ഞങ്ങളോട് കരുണ ചെയ്യണമേ.

ഞങ്ങളുടെ കർത്താവേ! നിനക്ക് സ്തുതി
ഞങ്ങളുടെ കർത്താവേ! നിനക്ക് സ്തുതി
ഞങ്ങളുടെ ശരണവുമേ! എന്നേക്കും നിനക്ക് സ്തുതി. ബാറെക്മോർ

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ!....

**ഹാശാ ദിനങ്ങളിലെ നമസ്കാരം സമാപ്തം**

*****

# പ്രത്യേക അപേക്ഷകൾ

## പെസഹാ വ്യാഴാഴ്ച

### സന്ധ്യാ - കോലോകൾ

ജീവനോടിരുന്നുകൊണ്ട് തന്റെ ശരീരവും രക്തവും ഭക്ഷിച്ചുകുടിക്കുവാൻ തന്റെ ശിഷ്യന്മാർക്ക് നൽകുകയും, പാപമോചനത്തിനായി നിങ്ങൾ ഇത് അനുഭവിപ്പിൻ എന്ന് കൽപ്പിക്കുകയും ചെയ്തവനായ ദൈവമേ!, ഞങ്ങൾ അയോഗ്യതയോടെ നിന്റെ ശരീരരക്തങ്ങളെ കൈക്കൊണ്ടിട്ട് യൂദസ്ക്കറിയോത്തായ്ക്ക് കൂട്ടാളികളായിത്തീരാതിരിപ്പാൻ ഞങ്ങളെ കാത്തുകൊള്ളണമേ. ബാറെക്മോർ.

എന്റെ രണ്ടാമത്തെ വരവുവരെ എന്റെ ഓർമ്മയ്ക്കായി ഇതിനെ ചെയ്‌വീൻ എന്ന് നീ കൽപ്പിച്ച പ്രകാരം ഞങ്ങൾ യോഗ്യതയോടെ ചെയ്‌വാനും, വിശ്വാസത്തോടെ ഭക്ഷിച്ച് കുടിക്കുവാനും, അതു ഞങ്ങൾക്കു കടങ്ങളുടെ പരിഹാരത്തിനും പാപങ്ങളുടെ മോചനത്തിനും ആയിരിപ്പാനും ഞങ്ങൾക്കു കൃപ ചെയ്യണമേ. മൊറിയോ......

### ബോവൂസൊ

മണ്ണുകൊണ്ട് ആദാമിനെ സൃഷ്ടിക്കുകയും, പാറയിൽ നിന്നു വെള്ളമൊഴുക്കുകയും, വൃക്ഷത്തിൽ നിന്ന് ആടിനെ കാണിക്കുകയും, കന്യകയിൽ നിന്ന് ജനിക്കുകയും ചെയ്തവനായ കർത്താവ് അപ്പവും വീഞ്ഞും തന്റെ തൃക്കൈകളിൽ എടുത്തു വാഴ്ത്തി തന്റെ ശരീരവും രക്തവും ആക്കിതീർത്ത് മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കായി അതിനെ നിയമിച്ചു. കർത്താവേ! അതു ഞങ്ങൾക്കു ശിക്ഷാവിധിക്കായി തീരരുതേ. ഞങ്ങളോടുള്ള നിന്റെ കൃപകൾക്കായി ഞങ്ങൾ നിന്നെ സ്തോത്രം ചെയ്യുന്നു.

### പ്രഭാതം - കോലോകൾ

കർത്താവേ! നിന്റെ സഭയിൽ നീ ക്രമപ്പെടുത്തിയ പ്രകാരം സത്യമുള്ള പട്ടക്കാരുടെ കൈകളാൽ വാഴ്ത്തപ്പെടുന്ന അപ്പവും വീഞ്ഞും സത്യമായിട്ടും നിന്റെ ശരീരവും രക്തവും തന്നെയെന്ന് സംശയം കൂടാതെ വിശ്വസിച്ചുകൊണ്ട് അതിനെ അനുഭവിപ്പാനും പാപമോചനം കൈക്കൊള്ളുവാനും ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമേ. ബാറെക്മോർ

കർത്താവേ! അപ്പവും വീഞ്ഞും നിന്റെ ശരീരരക്തങ്ങളായിത്തീരുന്നതെങ്ങനെയെന്ന് പറഞ്ഞു ഞങ്ങളെ അവിശ്വാസത്തിൽ വീഴിപ്പാൻ ആഗ്രഹിക്കുന്ന സാത്താനോടും സൈന്യങ്ങളോടും നിന്റെ മഹാശക്തികളാലും അത്ഭുതങ്ങളാലും ജീവനുള്ള തിരുവചനങ്ങളാലും പോരാടി ജയിപ്പാൻ നിന്റെ കൃപ ഞങ്ങളെ സഹായിക്കണമേ. മൊറിയോ.....

### ബോവൂസൊ

അത്യുന്നതനായ ദൈവമേ!, താഴ്മയോടെ ശിഷ്യന്മാരുടെ കാലുകളെ കഴുകിയതുപോലെ താഴ്മപ്പെട്ട് തമ്മിൽതമ്മിൽ കാലുകളെ കഴുകുവാനും, സത്യസ്നേഹത്തിൽ നിലനിൽപ്പാനും ഞങ്ങളെ യോഗ്യരാക്കണമേ. ഞങ്ങളുടെ കറകളിൽ നിന്ന് ഞങ്ങളെ നീ കഴുകി വെടിപ്പാക്കണമേ. പാപ പരിഹാരം നൽകുന്നതായ നിന്റെ ശരീര രക്തങ്ങളെ അനുഭവിക്കുന്നതിനാൽ ഞങ്ങൾ നിനക്കുള്ളവരായിത്തീരുമാറാകണമേ. ഞങ്ങൾക്കുവേണ്ടി ഞങ്ങളെപ്പോലെ ആയിത്തീർന്ന് തന്നെത്തന്നെ ബലികഴിച്ചവനായ കർത്താവേ!, ഇടവിടാതെ നിന്നെ സ്തുതിച്ച് വന്ദിപ്പാനും നിന്നോട് സാദൃശ്യപ്പെടുവാനും ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമേ.

## വലിയ വെള്ളിയാഴ്ച അഥവാ ദുഃഖവെള്ളിയാഴ്ച

### സന്ധ്യാ-കോലോകൾ

വെള്ളിയാഴ്ച ദിവസത്തിൽ നമ്മുടെ വംശത്തലവനായ ആദാമിന്റെ ന്യായത്തീർപ്പിനെ അഴിപ്പാൻവേണ്ടി സർവ്വശക്തനും സകലത്തിന്റെയും ഉടയവനും ആയ നമ്മുടെ കർത്താവ് ന്യായാസനത്തിന്റെ മുമ്പാകെ നിന്നു. ഹന്നാൻ ഇരിക്കുന്നു; കയ്യാപ്പാ വിസ്തരിക്കുന്നു; ജനങ്ങൾ ഇവൻ കുറ്റക്കാരൻ എന്ന് വിളിച്ച് അട്ടഹസിക്കുന്നു. നമ്മുടെ രക്ഷയ്ക്കുവേണ്ടി അനീതി നിറഞ്ഞവരായ ജനങ്ങളിൽ നിന്ന് ഇവയെല്ലാം കർത്താവു സഹിച്ചു; വളരെ അക്രമവും വളരെ സങ്കടവും താനേറ്റു. ഇതു സഹിപ്പാൻ ആർക്കു കഴിയും! ഇവയെ അറിഞ്ഞുകൊണ്ടു രക്ഷിതാവിനോടു നന്ദിയല്ലാതെ, ലോകത്തേയും

ഹാശാ പ്രത്യേക അപേക്ഷകൾ

പാപത്തേയും സ്നേഹിക്കുന്നവനു ഹാ! കഷ്ടം. തന്റെ നിസ്തുല താഴ്മയ്ക്ക് അളവില്ലാതെ സ്തുതിയുണ്ടായിരിക്കട്ടെ. കർത്താവേ! നിന്റെ ഉഗ്രകോപങ്ങളെ ഞങ്ങളുടെ മേൽ ചൊരിയരുതേ. ബാറെക്മോർ.

ദൈവപുത്രനെ കയ്യപ്പാ വിസ്തരിക്കുമ്പോൾ അവനെ മരണത്തിന് ഏൽപ്പിച്ചു കൊടുപ്പാൻ കാരണം അന്വേഷിക്കയിൽ കള്ളസാക്ഷിക്കാർ വന്ന്, ഇവൻ ന്യായപ്രമാണത്തെ ലംഘിക്കുന്നതും ശാബതിൽ രോഗികളെ സുഖപ്പെടുത്തുന്നതും ഞങ്ങൾ കണ്ടിട്ടുണ്ടെന്ന് സാക്ഷി പറഞ്ഞു. ജനങ്ങൾ ഇവൻ മരണത്തിനർഹൻ എന്ന് അട്ടഹസിച്ചു. കുബ്രേന്മാർ, സ്രോപ്പേന്മാർ മുതലായ സ്വർഗ്ഗീയ സൈന്യങ്ങൾ തങ്ങളുടെ യജമാനൻ താഴ്മയോടെ തലകുനിച്ചു മൗനമായി നിൽക്കുന്നതു കണ്ടിട്ട് വിസ്മയിച്ചു ഭ്രമിക്കുന്നു. തന്റെ ദീർഘക്ഷമയും താഴ്മയും എത്രയെന്ന് പറവാൻ ആർക്കു കഴിയും! കരുണാനിധിയായവനേ! നിനക്കു ഞങ്ങളോടുള്ള സ്നേഹത്തിന്റെ ഏറ്റം ചെറിയ അംശംപോലും ഞങ്ങൾക്കു നിന്നോടില്ലാത്തതിനാൽ ഞങ്ങൾ നിന്റെ മഹാകോപത്തിനും നരകശിക്ഷയ്ക്കും യോഗ്യരാകുന്നു. എങ്കിലും നിന്റെ മനുഷ്യസ്നേഹം നിമിത്തം നിന്നെ ധിക്കരിച്ചവരോടു കൂടെ ഞങ്ങളെ തള്ളിക്കളയരുതേ. മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ

## സന്ധ്യ - ബോവൂസൊ

തീയോടടുത്താൽ കരിഞ്ഞുപോകത്തക്കവണ്ണം ഇരിക്കുന്ന ഉണക്കച്ചുള്ളികൾ തീക്ഷ്ണമായ അഗ്നിയെ പിടിച്ചുകെട്ടി വാറുകളാൽ അടിക്കുകയും അനേക കഷ്ടതകൾ അനുഭവിപ്പിക്കുകയും, കേൾക്കുന്ന ചെവികൾ മുഴങ്ങത്തക്കവണ്ണവും കാണുന്ന കണ്ണുകൾ ഇരുട്ടിക്കത്തക്കവണ്ണവും ഹൃദയം തകരത്തക്കവണ്ണവും അംഗങ്ങൾ തകർന്നു ബോധംകെട്ടു വീഴത്തക്കവണ്ണവും എണ്ണമില്ലാത്ത പങ്കപ്പാടുകൾ അവനെ ഏൽപ്പിക്കുകയും, പരിഹസിക്കുകയും, മുഖത്തു തുപ്പുകയും മറ്റും ചെയ്തു. ലോകങ്ങളും സർവ്വസൃഷ്ടികളും ഇവയെക്കുറിച്ച് വിശദീകരിക്കുവാൻ പാടില്ലാത്ത പ്രകാരം ദുഃഖിച്ച് വിലപിച്ചിട്ടും, ഭാഗ്യംകെട്ട ദുഷ്ക്കൂട്ടം തിരിച്ചറിയാതെ തനിക്കു വിരോധമായി അധികോപത്തോടെ പല്ലുകടിച്ചു. നീതിമാനും, കുറ്റമില്ലാത്തവനും, അന്യായക്കാരാൽ കുറ്റം വിധിക്കപ്പെടുവാൻ തിരുമനസ്സായവനും, രാജാധിരാജനും, കർത്താധികർത്താവും ആയവനേ! ഞങ്ങളോടു കരുണയുണ്ടാകണമേ. ഞങ്ങളുടെ കടച്ചീട്ടുകളെ കീറിക്കളയേണമേ. ആകെൽക്കറൂസായുടെ അടിമത്തത്തിൽ നിന്നും ഞങ്ങളെ സ്വതന്ത്രരാക്കണമേ. നിത്യജീവൻ ഞങ്ങൾക്കു അവകാശമായി നൽകേണമേ. അവസാനത്തെ ന്യായവിസ്താരനാളിൽ ഞങ്ങളെ ലജ്ജിപ്പിക്കാതെ മുഖപ്രസാദവും വലതുഭാഗത്തുള്ള നിലയും ഞങ്ങൾക്കു നൽകേണമേ. എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരെ! ലോകാരംഭത്തിനു മുമ്പേ നിങ്ങൾക്ക് ഒരുക്കപ്പെട്ടിരിക്കുന്ന സ്വർഗ്ഗരാജ്യത്തെ അവകാശിച്ചുകൊൾവിൻ എന്നുള്ള സന്തോഷശബ്ദത്തെ ഞങ്ങൾ കേട്ടുകൊണ്ട് നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധ റൂഹായ്ക്കും സ്തുതിപാടുവാൻ ഞങ്ങളെ യോഗ്യരാക്കിത്തീർക്കുകയും ചെയ്യേണമേ.

## പ്രഭാതം - കോലോകൾ

ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി കുറ്റക്കാരനെപ്പോലെ ന്യായസ്ഥലത്തേക്കു നടത്തപ്പെടുകയും, ദാസനിൽ നിന്ന് കവിളത്ത് അടികൊള്ളുകയും, പാപത്തിന്റെ ദാസൻമാരെ സ്വാതന്ത്ര്യപ്പെടുത്തുകയും, ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി സ്ലീബായിൽ തൂങ്ങിമരിച്ച് ഞങ്ങൾക്കു ജീവൻ നൽകുകയും ചെയ്തവനായ മിശിഹാതമ്പുരാനേ! നിന്റെ മഹാകരുണകൾക്കു സ്തുതി; വെടിപ്പുള്ള വിചാരങ്ങളാലും നല്ല നടപ്പുകളാലും ഞങ്ങൾ നിന്റെ കുരിശിൻ ചുവട്ടിൽ വന്ന് നിന്റെ തൃപ്പാദങ്ങളെ വന്ദിപ്പാനും, ചുംബിപ്പാനും, പാപമോചനം പ്രാപിപ്പാനും, ഞങ്ങളുടെ ജീവകാലമെല്ലാം നിന്നിൽനിന്നും വിട്ടുമാറാതെ നിന്നിൽതന്നെ ആശ്രയിച്ചുകൊണ്ട് സമാധാനത്തോടെ ഈ ലോകം വിടുവാനും ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമേ. ബാറെക്മോർ

വഞ്ചകനായ ശിഷ്യൻ വിലമതിക്കപ്പെടാവുന്നവനല്ലാത്ത തന്റെ ഗുരുവിന്റെ വില വാങ്ങുകയും, സർവ്വജ്ഞാനിയായ ഗുരുവിനെ വഞ്ചനയുടെ ചുംബനത്താൽ ഏൽപ്പിച്ചുകൊടുക്കയും, സർവ്വശക്തനും പിടിക്കപ്പെടുവാൻ പാടില്ലാത്തവനും ആയവനെ അഹങ്കാരികളായ സ്വജനങ്ങൾ പിടിച്ച് വിസ്തരിച്ച് മരണശിക്ഷയ്ക്ക് വിധിക്കുകയും, കുരിശു ചുമപ്പിച്ചുകൊണ്ട് ഗോഗുൽത്തായിലേക്ക് നടത്തുകയും, ലജ്ജയോ ദയവോ കൂടാതെ അവനെ കുരിശിൽ തറയ്ക്കുകയും മറ്റും ചെയ്തതു സ്വർഗസേനകൾ കണ്ടിട്ട് ചിലർ വിസ്മയിക്കുന്നു; ചിലർ ഭ്രമിക്കുന്നു. ആകാശം വിറയ്ക്കുന്നു; ആദാമിന്റെ മക്കൾ രക്ഷപ്രാപിക്കുന്നു; പിശാചുക്കൾ ഭ്രമിച്ചു വീഴുന്നു. മഹത്ത്വത്തിന്റ ഉടയവനേ! നിനക്കു സ്തുതി. ഞങ്ങളോട് നീ ഉത്തരമരുളിച്ചെയ്ത് ഞങ്ങളുടെ യാചനകൾക്ക് മറുപടി നൽകണമേ. ജയത്തിന്റെ അടയാളമായ സ്ലീബായോടുകൂടെ നീ വരുമ്പോൾ ഞങ്ങളേയും നിന്നെ ബഹുമാനിച്ചവരേയും നിന്റെ വലതുഭാഗത്ത്

മഹത്ത്വത്തോടെ നിറുത്തണമേ. .മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ

## പ്രഭാതം - ബോവൂസൊ

നമ്മുടെ രക്ഷകനായ യേശുമിശിഹാ വെള്ളിയാഴ്ച ദിവസത്തിൽ നമുക്കുവേണ്ടി മുൾക്കിരീടം വെയ്ക്കുവാൻ തന്റെ തലയേയും, കുരിശു ചുമക്കുവാൻ തോളിനേയും, ആണികൾ തറയ്ക്കുവാൻ കൈകളേയും കാലുകളേയും, ആക്ഷേപത്തിന്റെ കുപ്പായത്തിനു ശരീരത്തേയും താഴ്മയോടെ വിട്ടു കൊടുത്തു. നീതിമാനായ മഹാരാജാവിനെ കള്ളന്മാരുടെ നടുവിൽ തൂക്കി. സകലത്തേയും പോഷിപ്പിച്ച് രക്ഷിക്കുന്നവന് അവർ ചൊറുക്കയും കൈപ്പും കൊടുത്തു. തന്റെ ശരീരത്തിൽ നിന്നാകട്ടെ, ആത്മാവിൽ നിന്നാകട്ടെ, ദൈവത്വം മാറാതെ തന്റെ ആത്മാവ് ശരീരത്തിൽ നിന്നും വേർപ്പെട്ടു. ഞങ്ങൾക്കു വേണ്ടി മഹാ താഴ്മയിലേക്ക് ഇറങ്ങി വന്നവനേ! നിനക്ക് സ്തുതി. ഞങ്ങൾക്കു വേണ്ടി കഷ്ടതയനുഭവിച്ചവനും സ്വഭാവത്തിൽ കഷ്ടതയില്ലാത്തവനും ആയവനേ! നിനക്കു സ്തുതി. രാജ്യവും ശക്തിയും മഹത്വവും ഏന്നേയ്ക്കും നിനക്കുള്ളതാകുന്നു. ശപിക്കപ്പെട്ട യഹൂദന്മാർ തന്റെ ദീർഘക്ഷമയെ തിരിച്ചറിയാതെയും, അത്ഭുതങ്ങൾ കണ്ടിട്ട് വിശ്വസിക്കാതെയും കഠിനകഷ്ടതകൾ തന്നോട് ചെയ്‌വാൻ ധൈര്യപ്പെട്ടു. ഭൂമി കുലുങ്ങി; സൂര്യൻ ഇരുണ്ടു; പാറകൾ പിളർന്നു; ദൈവാലയത്തിന്റെ വാതിൽ മറ കീറപ്പെട്ടു. സർവ്വ സൃഷ്ടികളും ദുഃഖം പൂണ്ടു. താൻ ദൈവമാകുന്നു എന്ന് ആകാശവും ഭൂമിയും സാക്ഷിച്ചു. ഞങ്ങൾക്കുവേണ്ടി മനുഷ്യനായിത്തീർന്ന ദൈവമേ! നീ പരിശുദ്ധനാകുന്നു.

അരിഷ്ടരായ ഞങ്ങൾക്കുവേണ്ടി കഷ്ടതകളും ആക്ഷേപങ്ങളും സഹിച്ചവനായ ബലവാനേ! നീ പരിശുദ്ധനാകുന്നു. ഞങ്ങൾക്കു വേണ്ടി കുരിശിൽ തൂങ്ങി മരിച്ച് ഞങ്ങളെ രക്ഷിച്ചവനായ മരണമില്ലാത്തവനേ! നീ പരിശുദ്ധനാകുന്നു. നിന്റെ കഷ്ടാനുഭവത്താൽ ഞങ്ങളെ പാപകഷ്ടതയില്ലാത്തവരാക്കി തീർക്കണമേ; നിന്റെ ശക്തിയാൽ വിപരീതക്കാരന്റെ സകല ശക്തിയേയും ഞങ്ങൾ ജയിക്കുമാറാകണമേ. നിന്റെ താഴ്മയിൽ ഞങ്ങൾ സാദൃശ്യപ്പെടുമാറാകണമേ; നിന്റെ ഉയിർത്തെഴുന്നേൽപ്പു ദിവസത്തിൽ നിന്റെ ഇഷ്ടപ്രകാരം ഞങ്ങൾ സന്തോഷിക്കുമാറാകണമേ. നിന്റെ രാജ്യത്തിൽ ഞങ്ങൾ മഹത്ത്വപ്പെടുമാറാകണമേ. നിന്റെ ഇഷ്ടം ചെയ്തവരോടു കൂടെ ഞങ്ങൾ ആനന്ദിക്കുമാറാകണമേ. ഞങ്ങളെയും ഞങ്ങളുടെ മരിച്ചുപോയവരേയും പുണ്യവാൻമാരുടെ നിരയിൽ ചേർക്കണമേ. നീ ഞങ്ങൾക്കു ചെയ്തിട്ടുള്ള സകല കൃപകൾക്കും വേണ്ടി നിന്നെ ഞങ്ങൾ സ്തുതിച്ച് സ്തോത്രം ചെയ്യുന്നു.

# അറിയിപ്പിന്റെ ശനിയാഴ്ച (ദുഃഖ ശനി)

## സന്ധ്യാ - കോലോകൾ

ജീവനുള്ളവനായ യേശു പാതാളത്തിൽ മരിച്ചവരുടെ ഇടയിലേയ്ക്ക് പ്രവേശിച്ച് മരണനുകത്തെ തകർത്തു. അവൻ മരണത്തിന്റെ ശിരസ്സിനെ ചവിട്ടുകയാൽ അതിന്റെ കിരീടം വീണുപോയി; മരിച്ചവർക്കു ധൈര്യവും സന്തോഷവും ലഭിച്ചു. യേശുവേ! ഞങ്ങളുടെ മരണാവസ്ഥയെ കണ്ട് കരുണയോടെ ഞങ്ങളെ ജീവിപ്പിക്കണമേ. ബാറെക്മോർ

യേശുമിശിഹാ മരിച്ചവരുടെയിടയിലേക്ക് ഇറങ്ങിപ്പോയപ്പോൾ മാലാഖമാരുടെ കൂട്ടം വിസ്മയത്തോടെ സ്തുതിപാടി; മരിച്ചവർ സന്തോഷിച്ചു. കർത്താവേ! നീ ഞങ്ങളുടെ അടുക്കലേയ്ക്കിറങ്ങി വന്നതിനേയും, ഞങ്ങൾക്കുവേണ്ടി കഷ്ടപ്പെട്ടു മരിച്ച് ഞങ്ങളെ രക്ഷിച്ചതിനേയും ഓർത്ത് ഹൃദയപൂർവ്വമായി നിന്നെ വന്ദിച്ച് സ്തുതിപ്പാനും നിന്നിൽ സന്തോഷിപ്പാനും ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമേ. മൊറിയോ....

## സന്ധ്യാ -ബോവൂസൊ

ദൈവം തന്റെ സ്വരൂപത്തിൽ സൃഷ്ടിച്ചിട്ടുള്ള ആദാമിനെ സ്വാതന്ത്ര്യപ്പെടുത്തുവാനായിട്ട് പാതാളത്തിലേയ്ക്കിറങ്ങി മരണത്തിന്റെ മൂർച്ചയെ കെടുത്തുകയും ആദാമിന്റെ ബന്ധനത്തെ അഴിച്ച് അവനെ രക്ഷിക്കയും ചെയ്തു.

അത്യുന്നതങ്ങളിലെ മഹിമാസനത്തിൽനിന്ന് ഹീനാവസ്ഥയിലേക്ക് തിരുമനസ്സോടെ ഇറങ്ങിവന്നവനായ മിശിഹാതമ്പുരാനു സ്വർഗ്ഗവാസികളിൽ നിന്നും, ഭൂവാസികളിൽ നിന്നും, സർവ്വസൃഷ്ടികളിൽ നിന്നും ഇടവിടാതെ എന്നേയ്ക്കും സ്തുതികളും സ്തോത്രങ്ങളും ഉണ്ടാകുമാറാകട്ടെ.

## ഹാശാ പ്രത്യേക അപേക്ഷകൾ

### പ്രഭാതം - കോലോകൾ

ദൈവമായ കർത്താവ് പാതാളത്തിന്റെ പൂട്ടുകളെ പൊളിച്ചു; മരണം അവന്റെ ശബ്ദം കേട്ട് വിറച്ചു. ആദാം അവന്റെ മുമ്പാകെ മുട്ടുകുത്തി വന്ദിച്ചു; ദീർഘദർശനങ്ങൾ നിവൃത്തിയായി. കർത്താവേ!, ലോകമോദങ്ങൾകൊണ്ട് ഞങ്ങളെ വീഴിപ്പാനും നിന്നിൽ നിന്ന് അകറ്റുവാനും വേണ്ടി ഇടവിടാതെ ഞങ്ങളോടു യുദ്ധം ചെയ്യുന്ന സാത്താനെ നീ വിരോധിച്ച് ഓടിക്കണമേ. ഞങ്ങൾ നിന്റെ ജീവവചനങ്ങളെ കേട്ട് ഞങ്ങളുടെ പാപാവസ്ഥയെക്കുറിച്ച് ഇളകി വിറച്ച് നിങ്കലേക്ക് ചേരുവാൻ യോഗ്യരായിത്തീരേണമേ. ബാറെക്മോർ.

കാണാതെപോയ ആടിനെ അന്വേഷിച്ച് പുറപ്പെടുന്നതിൽ നിന്ന് കഷ്ടതകളാകട്ടെ മരണമാകട്ടെ, ഒന്നും നിന്നെ തടുക്കുവാൻ കഴിഞ്ഞില്ല. എന്നാലോ നീ പാതാളത്തിലേക്കിറങ്ങി അതിനെ കണ്ടുപിടിക്കുകയും നിന്റെ മഹാകരുണയാൽ അതിനെ രക്ഷിക്കുകയും ചെയ്തു. കർത്താവേ! അതുപോലെ ആകെൽക്കറുസ്സായുടെ കെണികളിൽ അകപ്പെട്ടിരിക്കുന്ന ഞങ്ങളെ നിന്റെ കരുണയാൽ സ്വതന്ത്ര്യപ്പെടുത്തി രക്ഷിക്കണമേ. മൊറിയോറാഹേമേലൈൻ ഉ ആദാറൈൻ

### പ്രഭാതം - ബോവൂസൊ

മിശിഹാതമ്പുരാനേ! നിന്റെ മരണത്താൽ നീ ഞങ്ങൾക്കു ജീവൻ നൽകിയതിനാൽ നിനക്കു സ്തുതി! നീ ആകാശത്തിന്റേയും ഭൂമിയുടേയും ഉടയവനായിരിക്കുമ്പോൾ ഞങ്ങൾക്കുവേണ്ടി കബറിൽ അടയ്ക്കപ്പെടുവാൻ തിരുമനസ്സായതിനാൽ നിനക്കു സ്തുതി! നീ കുറ്റമില്ലാത്തവനായിരിക്കുമ്പോൾ കുറ്റക്കാരനെപ്പോലെ കള്ളന്മാരുടെ നടുവിൽ കുരിശിൽ തറയ്ക്കപ്പെടുവാൻ തിരുമനസ്സായതിനാൽ നിനക്കു സ്തുതി!

വിശ്വാസികളായ മരിച്ചവരെ മഹത്ത്വം ധരിപ്പിക്കുന്നവനേ!, നിനക്കു സ്തുതി. സാത്താനെ കീഴ്പ്പെടുത്തുകയും മരണത്തെ കൊല്ലുകയും ആദാമിനേയും സന്തതികളേയും സ്വാതന്ത്ര്യപ്പെടുത്തി രക്ഷിക്കുകയും ചെയ്തവനേ! നിനക്കു സ്തുതി. നിനക്കും നിന്റെ പിതാവിനും പരിശുദ്ധ റൂഹായ്ക്കും ഇപ്പോഴും എല്ലാ സമയത്തും എന്നേയ്ക്കും സ്തുതിയുണ്ടായിരിക്കട്ടെ.

ഹാശാ നമസ്കാരം സമാപ്തം

## ഞങ്ങൾക്കല്ല കർത്താവെ,

## ഞങ്ങൾക്കല്ല,

## എന്നാലോ നിന്റെ കൃപ നിമിത്തവും

## നിന്റെ സത്യം നിമിത്തവും

## തിരുനാമത്തിന്നു തന്നെ ബഹുമാനമുണ്ടായിരിക്കട്ടെ !!

## (സങ്കീർത്തനങ്ങൾ 114 : 9 - വിശുദ്ധ ഗ്രന്ഥം)